# PMSA VHSS
## CHAPPANANGADI
Chappanangadi Po, Kottakkal Via, Malappuram Dt, Kerala - 676503
0483 2708266 pmsavhssch@gmail.com


# ACADEMIC MASTER PLAN
# 2025- 2026




PMSA VHSS
CHAPPANANGADI
Chappanangadi Po, Kottakkal Via, Malappuram Dt, Kerala - 676503
0483 2708266 pmsavhssch@gmail.com

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-26


**PMSA VHSS**

**CHAPPANANGADI**

Chappanangadi Po, Kottakkal Via, Malappuram Dt, Kerala - 676503

0483 2708266 pmsavhssch@gmail.com

# OUR TEACHING STAFF

- രാജീവൻ കെ.പി (ഹെഡ്മാസ്റ്റർ ) – 9846 501 693
- ലീന കെ (HST Biology) – 9446 050 608
- സൈഫുന്നീസ ഇ (HST HSS) – 9048 396 466
- സുധ നമ്പ്യാർ (HST Biology) – 9605 164 239
- സുജിത് കുമാർ കെ (HST English) – 9847 409 740
- പി. മണി (HST Hindi) – 9745 335 468
- സന്തോഷ് പി.സി (HST English) – 9846 220 020
- മുഹമ്മദ് അബ്ദുൽ ജബ്ബാർ പി (HST Arabic) – 9946 800 660
- മുഹമ്മദ് ഷഫീഖ് എൻ (PET) – 9605 270 676
- ജാൻസി ജെ (HST WE) – 8606 732 377
- ഫൈറൂസ എം.എൻ (HST Biology) – 9745 646 999
- മുഹമ്മദ് ഷഫീഖ് എം (HST Phy. Sc) – 9656 482 101
- ജിയാസ് മുഹമ്മദ് (HST Phy. Sc) – 9895 601 030
- സൽമാൻ പി (HST English) – 9048 466 139
- അബ്ദുൽ റഹീം എ (HST English) – 9745 917 481
- മുഹമ്മദ് നിയാസ് (HST SS) – 9746 383 841
- ഹബീബ് റഹ്മാൻ (HST SS) – 9847 910 464
- ഫാസില (HST Maths) – 9495 886 174
- രാജി (HST Malayalam) – 7902 581 899
- അബ്ദുൽ റഹീം സി (HST Arabic) – 9895 252 122
- മുൻഷിർ കെ.വി (HST Maths) – 8129 580 852
- രാധിക (HST Malayalam) – 9544 591 339
- സൗമ്യ മോൾ കെ.പി (HST Malayalam) – 9633 053 011
- സുലഭ ദാസ് പി (HST Maths) – 9495 530 493
- രമ്യ പി.കെ (HST Maths) – 9656 801 197
- അഖില പ്രകാശ് (HST Maths) – 9446 091 575
- ദീപ്തി കൃഷ്ണ കെ.ടി (HST English) – 8606 732 854
- ജ്യോതിഷ് (HST English) – 8113 011 931
- റഷീദ പി (HST SS) – 9446 643 436
- അഭിജിത്ത് (HST Phy. Sc) – 9496 035 322
- ആസാദ് സച്ചിൻ (HST Phy. Sc) – 9074 186 228
- സഫീദ (HST Urdu) – 8136 944 612
- മുഹ്സിന പി (HST Natural Science) – 8943 209 141
- മുഹമ്മദലി കെ (HST Arabic) – 8943 471 766
- നാഷിത സലീം (HST MUSIC) – 9745 808 261
- റാഷിദ വി.പി (HST SS) – 9846 901 605
- ദിൽഷാദ് ഖാൻ വി (HST Hindi) – 8606 089 913
- മുഹമ്മദ് ഫാഹിം എം (HST Phy. Sc) – 7356 442 872

# ആമുഖം

2025-26 അധ്യന വർഷത്തെ പി.എം.എസ്.എ വി.എച്ച്.എസ്.എസ് ചാപ്പനങ്ങാടി അക്കാദമിക രംഗം, ഈ വർഷത്തേക്കുള്ള പൂർണ്ണമായ തയ്യാറെടുപ്പിന്റെ ഉൽപ്പന്നമായ അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ പ്രകാശനത്തോടൊപ്പം ഒരു കുതിച്ചുചാട്ടത്തിന് ഒരുങ്ങുക യാണ്. വരുംവർഷത്തേക്കുള്ള ഒരു വഴികാട്ടി മാത്രമല്ല, മികച്ച വിദ്യാഭ്യാസ നിലവാരവും സമഗ്രമായ വിദ്യാർത്ഥി വികസനവും ഉറപ്പാക്കുന്നതിനുള്ള നമ്മുടെ വിദ്യാലയത്തിന്റെ പ്രതിബദ്ധതയുടെ തെളിവും കൂടിയാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ. ഈ വിദ്യാലയ ത്തിലെ മുഴുവൻ അധ്യാപകരുടെയും കൂട്ടായ പരിശ്രമത്തിലൂടെ വളരെ ചിട്ടയോടെ തയ്യാ റാക്കിയതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ.

# ഉള്ളടക്കം


| | |
|---|---|
| പി.എം.എസ്.എ. വി.എച്ച്.എസ്.എസ്. ചരിത്രത്തിലൂടെ | 9 |
| നമ്മുടെ വിദ്യാലയം- അടിസ്ഥാന വിവരങ്ങൾ | 10 |
| എന്താണ് അക്കാദമിക് മാസ്റ്റർ പ്ലാൻ? | 11 |
| അക്കാദമിക നേട്ടങ്ങൾ | 14 |
| പാഠ്യേതര പ്രവർത്തനങ്ങൾ (നേട്ടങ്ങൾ) | 15 |
| ഭൗതിക സൗകര്യങ്ങൾ (ഉൾപ്പെടുത്തേണ്ടവ) | 16 |
| **വിദ്യാരംഗം കലാസാഹിത്യവേദി (മലയാളം)** | 17 |
| എഴുത്തുപെട്ടി | 18 |
| നാട്ടറിവ് | 19 |
| സർഗ്ഗലയം | 20 |
| അക്ഷരലോകം | 21 |
| വായനാക്കളരി | 22 |
| വായനാകുറിപ്പ് തയ്യാറാക്കൽ | 23 |
| പ്രശ്നോത്തരി | 24 |
| പുസ്തകപ്രദർശനം | 25 |
| ബഷീർ അനുസ്മരണവും പ്രശ്നോത്തരി മത്സരവും | 26 |
| ഡോക്യുമെന്ററി പ്രദർശനം | 27 |
| കേരളീയം | 28 |
| എഴുത്തുകൂട്ടം രൂപീകരണം | 29 |
| കവിയരങ്ങ് | 30 |
| **അറബിക്** | 31 |
| അറബിക് എക്സ്പോ | 32 |
| അക്ഷര സൗന്ദര്യം | 33 |
| അറബി സംഭാഷണം | 34 |
| അലിഫ് അറബിക് ക്ലബ് | 35 |
| ഇഖ്തിയാർ | 36 |
| ടാലന്റ് ടെസ്റ്റ് | 37 |
| അന്താരാഷ്ട്ര അറബിക് ഭാഷാദിനം | 38 |
| ARABIC BULLETIN | 39 |
| **ഉറുദു** | 40 |
| പ്രേംചന്ദ് ദിന ക്വിസ്സ് | 41 |

# ഉള്ളടക്കം



| | |
|---|---|
| ഉറുദു കയ്യെഴുത്ത് മാഗസിൻ പ്രകാശനം | 42 |
| മീഠി ഉറുദു | 43 |
| അല്ലാമാ ഇഖ്ബാൽ ടാലന്റ് ടെസ്റ്റ് | 44 |
| ദേശീയ ഉറുദു ദിനാചരണം (ഭാഷാസെമിനാറും അനുമോദനസദസ്സും) | 45 |
| ലോക ഉറുദു ദിനം (ഗസൽവിരുന്ന്) | 46 |
| **ഇംഗ്ലീഷ്** | 47 |
| സ്പീക്കേഴ്സ് ഫോറം | 48 |
| തപാൽ ദിനാഘോഷം | 49 |
| ഇംഗ്ലീഷ് ഫെസ്റ്റ് (സ്കൂൾ കലോത്സവത്തിന്റെ ഇംഗ്ലീഷ് പതിപ്പ്) | 50 |
| TALK IN TWO MINUTES | 51 |
| WAP (Word Acquisition Programme) | 52 |
| **ഹിന്ദി** | 53 |
| ഹിന്ദി വായനാപ്രക്രിയ | 54 |
| സുരീലിവാണി – ഒരു ഹിന്ദി എഫ്എം റേഡിയോ | 55 |
| ഹിന്ദി അസംബ്ലി | 56 |
| ആജ്തക് – ഒരു ഹിന്ദിപത്രം | 57 |
| ദിനാചരണങ്ങൾ | 58 |
| ഹിന്ദി നിഘണ്ടു നിർമ്മാണം | 59 |
| ഹിന്ദി സംഭാഷണം | 60 |
| ഹിന്ദി ഡയറി എഴുത്ത് | 61 |
| ഹിന്ദി കലോത്സവം | 62 |
| **സോഷ്യൽ സയൻസ്** | 63 |
| സ്കൂൾ പാർലമെന്റ് | 64 |
| സെൻസസ് | 65 |
| പഠനത്തോടൊപ്പം ഒരു സ്വയം തൊഴിൽ | 66 |
| ഒരു വില്ലേജ് ദത്തെടുക്കലും സന്ദർശനവും | 67 |
| കുട്ടിക്കർഷകനെ അനുമാദിക്കൽ | 68 |
| ഡോക്യുമെന്ററി | 69 |
| പി.എം.എസ്.എ. ബുള്ളറ്റിൻ | 70 |
| മെഗാ ക്വിസ് | 71 |
| യുദ്ധവിരുദ്ധ ബോധവൽക്കരണം | 72 |

# ഉള്ളടക്കം


| | |
|---|---|
| **ഫിസിക്കൽ സയൻസ്** | 73 |
| സയൻസ് ക്ലബ് | 74 |
| ചാന്ദ്രദിനം- വാരാഘോഷം | 75 |
| ഫീൽഡ് ട്രിപ്പ് | 76 |
| ഊർജ്ജസംരക്ഷണ ദിനാഘോഷം | 77 |
| സി.വി. രാമൻ ദിനാചരണം | 78 |
| **നാച്ചുറൽ സയൻസ്** | 79 |
| നേച്ചർ ക്ലബ് | 80 |
| ബയോപ്രോ- എക്സ്പോ | 81 |
| രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ് | 82 |
| കാഴ്ച്ച വൈകല്യ നിർണ്ണയ ക്യാമ്പ് | 83 |
| First Aid Class | 84 |
| **മാത്തമാറ്റിക്സ്** | 85 |
| ഓറിയന്റേഷൻ ക്ലാസ് | 86 |
| പൈ (π) ദിനാഘോഷം | 87 |
| മാത്സ് ഗാർഡൻ | 88 |
| മാത്സ് മെഗാക്വിസ് | 89 |
| മാത്സ് വർക്ക്ഷോപ്പ് & മാത്സ് ട്രീ | 90 |
| മാത്സ് ക്ലിനിക്ക് | 91 |
| **ആർട്സ്** | 92 |
| വർക്ക്ഷോപ്പുകളും ക്ലാസുകളും | 93 |
| സ്വാതന്ത്ര്യദിനാഘോഷം | 94 |
| പ്രകടന കലകൾ | 95 |
| റിപ്പബ്ലിക് ദിനാഘോഷം | 96 |
| അധ്യാപക-അനധ്യാപക കലോത്സവം | 97 |
| **സ്പോർട്സ്** | 98 |
| ആന്വൽ സ്പോർട്സ് ട്രെയിനിംഗ് ക്യാമ്പ് | 99 |
| കായികദിനം | 100 |
| സ്പോർട്സ് ക്വിസ് | 101 |
| Footie Fest- ഫുട്ബോൾ ടൂർണ്ണമെന്റ് | 102 |
| | |

# ഉള്ളടക്കം


| | |
|---|---|
| **പ്രവൃത്തിപരിചയം** | 103 |
| **ക്ലബ്ബ് രൂപീകരണം** | 104 |
| ഏകദിന ശിൽപശാല | 105 |
| സ്കൂൾ പ്രവൃത്തി പരിചയമേള | 106 |
| ജില്ലാ, സബ്ജില്ലാ സംസ്ഥാനതല മത്സരങ്ങൾക്ക് കുട്ടികളെ തയ്യാറാക്കൽ | 107 |
| ഫുഡ് ഫെസ്റ്റ് | 108 |
| **സ്കൂൾ വിനോദ - പഠനയാത്രകൾ** | 109 |
| വിദ്യാർത്ഥികൾക്കായുള്ള ഏകദിന വിനോദയാത്ര | 110 |
| വിദ്യാർത്ഥികൾക്കായുള്ള ത്രിദിന പഠനയാത്ര | 111 |
| വിദ്യാർത്ഥികൾക്കായുള്ള ഏകദിന പഠനയാത്ര | 112 |
| സ്റ്റാഫംഗങ്ങളുടെ കേരളത്തിനു പുറത്തേക്കുള്ള ദീർഘദൂര വിനോദയാത്ര | 113 |
| സ്റ്റാഫംഗങ്ങൾക്ക് ഏകദിന വിനോദയാത്ര | 114 |
| **സ്കൗട്ട് & ഗൈഡ്സ്** | 115 |
| പൂന്തോട്ട നിർമ്മാണം | 116 |
| ലഹരി വിരുദ്ധ റാലിയും തെരുവുനാടകവും | 117 |
| SCARF DAY ആചരണവും ബോധവൽക്കരണ ക്ലാസ്സും | 118 |
| മോക്ക് ഡ്രിൽ പ്രോഗ്രാം | 119 |
| സ്കൗട്ട്സ് & ഗൈഡ്സ് ക്യാമ്പ് | 120 |
| **ജൂനിയർ റെഡ് ക്രോസ് (ജെ.ആർ.സി)** | 121 |
| ലോകഭക്ഷ്യദിനം (ഏകദിന സെമിനാർ) | 122 |
| മാരിയില്ലാ മഴക്കാലം | 123 |
| ഡ്രൈ ഡേ | 124 |
| പാലിയേറ്റീവ് കെയർ ക്ലാസ്സ് | 125 |
| സ്കൂൾ ഗാർഡൻ | 126 |
| ജൂനിയർ റെഡ് ക്രോസ് ക്യാമ്പ് | 127 |
| **ലിറ്റിൽ കൈറ്റ്സ്** | 128 |
| സൈബർ സെക്യൂരിറ്റി ശിൽപശാല | 129 |
| **നാഷണൽ മീൻസ് കം മെറിറ്റ് (NMMS)** | 130 |
| NMMS സ്കോൾഷിപ്പ് പരിശീലനം | 131 |
| **BEAP- വിജയസ്പർശം** | 132 |
| BEAP വിജയസ്പർശം | 133 |

# ഉള്ളടക്കം


| | |
|---|---|
| Learnig Leap | 134 |
| **സ്നേഹനിധി** | 135 |
| സ്നേഹനിധി | 136 |
| **സ്കൂൾ ലൈബ്രറി** | 137 |
| സ്കൂൾ ലൈബ്രറി | 138 |
| പുസ്തകക്കളരി - ക്ലാസ്റൂം ലൈബ്രറി | 139 |
| പിറന്നാൾ ലൈബ്രറി പദ്ധതി | 140 |
| ലൈബ്രറി ക്വിസ് മത്സരം | 141 |
| ലൈബ്രറി ആസ്വാദനക്കുറിപ്പ് മത്സരം | 142 |
| **ജൈവ വൈവിധ്യ ക്ലബ്ബ്** | 143 |
| ജൈവ വൈവിധ്യ ക്ലബ്ബ് രൂപീകരണവും ഭാരവാഹികളുടെ തിരഞ്ഞെടുപ്പും | 144 |
| ദിനാചരണങ്ങൾ | 145 |
| ചുവർ മാസിക നിർമ്മാണം | 146 |
| ഫീൽഡ് ട്രിപ്പ് - ക്യാമ്പ് | 147 |
| **ഹരിതസേന** | 148 |
| ബോധവൽക്കരണ ക്ലാസ് | 149 |
| തുണി സഞ്ചി നിർമ്മാണവും വിതരണവും | 150 |
| ക്യാമ്പസ് ശുചീകരണം | 151 |
| **ട്രാഫിക് ക്ലബ്** | 152 |
| സീറോ ആക്സിഡന്റ് ഡേ | 153 |
| റോഡ് സുരക്ഷാബോധവൽക്കരണം | 154 |
| **സീഡ് ക്ലബ്** | 155 |
| വാഴക്കൃഷി | 156 |
| പ്ലാസ്റ്റിക് മുക്ത ക്യാമ്പസ് | 157 |
| | |
| | |
| | |
| | |
| | |
| | |
| | |

# പി.എം.എസ്.എ. വി.എച്ച്.എസ്.എസ്. ചരിത്രത്തിലൂടെ

പൊന്മളയുടെ വിദ്യാഭ്യാസ രംഗത്തെ രജതരേഖയാണ് ചാപ്പനങ്ങാടി പി.എം.എസ്.എ. വി.എച്ച്.എസ്.എസ്. 1968 ലാണ് ചാപ്പനങ്ങാടി പി.എം.എസ്.എ. ഹൈസ്കൂൾ സ്ഥാപിച്ചത്. ചാപ്പനങ്ങാടിയുടെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരമാകാനായി പൊന്മള പഞ്ചായത്തിന്റെ ആസ്ഥാനത്ത് സ്ഥാപക മാനേജർ ശ്രീ. വി.എച്ച്. മുഹമ്മദ്കുട്ടി സാഹിബ് ബഹുമാന്യനായ ശ്രീ. പൂക്കോയ തങ്ങളുടെ നാമധേയത്തിൽ ദീർഘവീക്ഷണത്തോടെ സ്ഥാപിച്ച ഈ വിദ്യാലയം ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി എന്നിവയുമായി ഈ സംസ്ഥാനത്തുതന്നെ മികച്ച ഒരു വിദ്യാഭ്യാസ സ്ഥാപനമായി മാറിയിരിക്കുകയാണ്. ഈ സ്ഥാപനത്തിന്റെ ആരംഭത്തിനും വളർച്ചയ്ക്കും ശ്രീ. ആലിബാപ്പു ഹാജിയെപ്പോലെയുള്ള ബഹുമാന്യരായ ഒട്ടനവധി ആളുകളുടെ പരിശ്രമങ്ങളും ഉണ്ടായിരുന്നു.

അഞ്ച് ദശാബ്ദത്തിലധികമായി വിദ്യാർച്ചനയുടെ മന്ത്രധ്വനികൾ ഏറ്റുവാങ്ങിയ ആയിരങ്ങൾ ഈ കലാലയത്തെ ധന്യമാക്കി വിസ്തൃത ലോകത്തിന്റെ നാനാതുറകളിലും എത്തിച്ചേർന്നു. വിദ്യ ഉയരങ്ങൾ കീഴടക്കാൻ മാത്രമുള്ളതല്ലെന്ന തിരിച്ചറിവിന്റെ കാലമാണിത്. ശിശുവിന്റെ ജന്മവാസനകളെ പരിപോഷിപ്പിക്കുവാനും നന്മയുടെ പൂമരത്തണലുകളിലേക്ക് വഴിനടത്തുവാനും കലാലയ അഭ്യാസത്തിന് ശേഷിയുണ്ടാകണം. കണ്ണിനും കാതിനും തെളിച്ചമേകുന്ന വിദ്യയുടെ മഹത്വം സ്വച്ഛ സുന്ദരമായ നമ്മുടെ ഗ്രാമജീവിതത്തിലും പ്രകടമാണെന്നതിൽ സംശയമില്ല.

നാടിന്റെ ഹൃദയതാളത്തിനൊപ്പം സഞ്ചരിക്കുവാൻ ഇനിയും ഒരുപാട് ദൂരം താണ്ടേണ്ടതുണ്ട്. തലമുറകളുടെ സ്വപ്നങ്ങളെ പോറ്റിവളർത്തുവാൻ നാടിന്റെ സംഘടിത ശ്രമം അനിവാര്യമാണ്.

കൂട്ടായ്മയാണ് ഈ സ്ഥാപനത്തിന്റെ ഏറ്റവും വലിയ വിജയം. വിദ്യാലയത്തിന് ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കിത്തരുന്നതിൽ ഈ സ്ഥാപനത്തിന്റെ നട്ടെല്ലായ ബഹുമാനപ്പെട്ട മാനേജർ വി. ജഹ്ഫർ സാദിഖ് സാർ എപ്പോഴും ശ്രദ്ധ ചെലുത്താറുണ്ട്. ശക്തമായ പി.ടി.എ. ഉള്ളതുകൊണ്ട് പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ മികവ് പുലർത്താൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് മികച്ച പഠനാനുഭവം നൽകാൻ ആത്മാർത്ഥമായി സേവനം നടത്തുന്ന നാൽപതിലധികം അധ്യാപകരാണ് ഈ സ്ഥാപനത്തിന്റെ നെടുംതൂണുകൾ.

1968 മുതൽ 2024 വരെ നിരവധി തലമുറകൾക്ക് അറിവിന്റെ വെളിച്ചം പകർന്നുനൽകുന്ന ഈ പാഠശാല ഇന്നും വിജയത്തിന്റെ ജൈത്രയാത്ര തുടരുകയാണ്. സ്കൂൾ മാനേജരായ വി. ജഹഫർ സാദിഖ്, അഡ്മിനിസ്ട്രേറ്റർ സജ്ന ജാഫർ സാദിഖ്, ഹയർ സെക്കന്ററി പ്രിൻസിപ്പാൾ അബ്ദുൽ റഷീദ്, വി.എച്ച്.എസ്.ഇ. പ്രിൻസിപ്പാൾ ജിഷ ചെറുവറ്റ, ഹെഡ്മാസ്റ്റർ രാജീവൻ കെ.പിയുടെയും നേതൃത്വത്തിൽ ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ സ്തുത്യർഹമായി മുന്നോട്ടുപോകുന്നുണ്ട്. അതുകൊണ്ടുതന്നെ അഞ്ച് പതിറ്റാണ്ടുകൾക്കിപ്പുറവും തലയെടുപ്പുള്ള വിജ്ഞാനകേന്ദ്രമായി പി.എം.എസ്.എ. വി.എച്ച്.എസ്.എസ്. നിലകൊള്ളുന്നു.

# നമ്മുടെ വിദ്യാലയം- അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂൾ മാനേജർ | വി. ജഹ്ഫർ സാദിഖ് | |
| ഹയർ സെക്കന്ററി പ്രിൻസിപ്പാൾ | അബ്ദുൽ റഷീദ്. കെ | |
| വി.എച്ച്.എസ്.ഇ. പ്രിൻസിപ്പാൾ | ജിഷ ചെറുവറ്റ | |
| ഹെഡ്മാസ്റ്റർ | രാജീവൻ കെ.പി | |
| ആകെ അധ്യാപകർ | 42 | |
| ക്ലർക്ക് | 1 | |
| ഓഫീസ് അസിസ്റ്റന്റ് | 2 | |
| എഫ്.ടി.എം. | 2 | |
| ജില്ല | മലപ്പുറം | |
| വിദ്യാഭ്യാസ ജില്ല | മലപ്പുറം | |
| ഉപജില്ല | മലപ്പുറം | |
| ബി.ആർ.സി. | മലപ്പുറം | |
| ഡിവിഷനുകളുടെ എണ്ണം | 33 | |
| കുട്ടികളുടെ എണ്ണം | ആൺകുട്ടികൾ | 719 |
| | പെൺകുട്ടികൾ | 761 |
| | ആകെ | 1480 |

# എന്താണ് അക്കാദമിക് മാസ്റ്റർ പ്ലാൻ?

വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നേടുന്നതിന് ആവശ്യമായ ലക്ഷ്യങ്ങളും തന്ത്രങ്ങളും പ്രവർത്തനങ്ങളും രൂപരേഖപ്പെടുത്തുന്ന സുപ്രധാന രേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. ഇത് ഒരു അധ്യയന വർഷത്തേക്കുള്ള വിദ്യാലയ പ്രവർത്തനങ്ങളുടെ ഒരു മാർഗ്ഗരേഖയായി പ്രവർത്തിക്കുകയും എല്ലാവരും ഒത്തുചേർന്ന് പൊതുലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. നമ്മുടെ 2025-26 അധ്യയന വർഷത്തെ അക്കാദമിക് മാസ്റ്റർ പ്ലാൻ വിദ്യാർത്ഥികളുടെ പാഠ്യ-പാഠ്യേതര അനുഭവങ്ങൾ മെച്ചപ്പെടുത്തുന്നതിനും അധ്യാപകരെ പിന്തുണയ്ക്കുന്നതിനും മുഴുവൻ വിദ്യാർത്ഥികളെയും പഠന പ്രക്രിയയിൽ ഉൾപ്പെടുത്തുന്നതിനുമായാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

- **മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലെ ഘട്ടങ്ങൾ**

പദ്ധതിയുടെ പ്രസക്തിയും ഫലപ്രാപ്തിയും ഉറപ്പാക്കുന്നതിന് നമ്മുടെ മുഴുവൻ അധ്യാപരെയും ഉൾപ്പെടുത്തി ഒരു ദിവസത്തെ മാസ്റ്റർ പ്ലാൻ ശിൽപശാല സംഘടിപ്പിച്ചു. ഈ ശില്പശാല മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ചു.

- **അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവൽക്കരണം**

വ്യക്തവും സമഗ്രവുമായ ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ ഉണ്ടായിരിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് അധ്യാപകരെ ബോധവൽക്കരിക്കുക ലക്ഷ്യമിട്ട് മെയ് മാസം ഒന്നാംവാരം ശിൽപശാല സംഘടിപ്പിച്ചു. വ്യക്തമായ ആസൂത്രണം കൊണ്ട് മാത്രമേ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്താൻ സാധിക്കുമെന്ന കാര്യം ശിൽപശാലയിൽ ഊന്നിപ്പറഞ്ഞു.

- **ആശയങ്ങളുടെ 'ബ്രെയിൻ സ്റ്റോമിങ്' (Brain Storming)**

മാസ്റ്റർ പ്ലാനിന്റെ ആവശ്യകത ബോധ്യപ്പെടുത്തിയ ശേഷം, ഈ വർഷം എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്യാം എന്നതിനുള്ള ഒരു കൂട്ടായ ചർച്ച സംഘടിപ്പിച്ചു. അധ്യാപകരെ അവർ കൈകാര്യം ചെയ്യുന്ന വിഷയങ്ങളെ അടിസ്ഥാനമാക്കി ഗ്രൂപ്പുകളായി തിരിച്ചാണ് ചർച്ച ചെയ്തത്. കുട്ടികൾക്ക് ഏതെങ്കിലും തരത്തിലുള്ള ഗുണപരമായ നൈപുണികൾ ആർജ്ജിക്കാനോ മെച്ചപ്പെടുത്താനോ കഴിയുന്ന തരത്തിലുള്ള പുതുമയുള്ളതും ക്രിയാത്മകവുമായ പരിപാടികളും പ്രവർത്തനങ്ങളും ഉൾപ്പെടുത്താൻ പ്രത്യേകം നിർദ്ദേശം നൽകി. ഉൾപ്പെടുത്തുന്ന പ്രവർത്തനങ്ങൾ സമഗ്രവും മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങളോടും സാഹചര്യങ്ങളോടും പൊരുത്തപ്പെടാൻ പര്യാപ്തമാവുകയാണെന്ന് ഉറപ്പാക്കി. ഒപ്പം ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കൂടി പങ്കെടുക്കാൻ പര്യാപ്തമായ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തി.

- **ഘടനയെക്കുറിച്ചുള്ള ചർച്ച**

ഓരോ സബ്ജക്ട് കൗൺസിലിന്റെയും ക്ലബ്ബുകളുടെയും പ്രവർത്തനങ്ങൾ എഴുതി തയ്യാറാക്കുമ്പോൾ ഏകീകൃതരൂപം ഉണ്ടാവുന്നതിനായി പ്ലാൻ തയ്യാറാക്കുന്നതിന്റെ ഘടനയെക്കുറിച്ച് കൃത്യമായ ധാരണ നൽകി. പ്രവർത്തനത്തിന്റെ/പരിപാടിയുടെ പേര് (Title), പരിപാടി എന്താണ് എന്ന ഒരു ചെറുവിവരണം, പ്രവർത്തനത്തിലൂടെ കുട്ടി ആർജിക്കുന്ന നേട്ടങ്ങൾ (Expected Outcome), പ്രവർത്തനം എങ്ങനെ നടത്തുന്നു എന്ന് വ്യക്തമായി വിവരിക്കുന്ന പ്രക്രിയ (Process), പ്രവർത്തനത്തിന് പ്രതീക്ഷിക്കുന്ന ചെലവ് (Budget), പ്രവർത്തന കാലാവധി (Duration), തിയ്യതി (Date), വേദി (Venue), ചുമതല വഹിക്കുന്ന അധ്യാപകർ (Teachers in charge) എന്നിവയാണ് പൊതുഘടനയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചത്.

- **'പ്രതീക്ഷിക്കുന്ന ഫലങ്ങളുടെ' പ്രാധാന്യം (Importance of Expected outcome)**

മാസ്റ്റർ പ്ലാൻ വർക്ക്ഷോപ്പിൽ ഏറ്റവും പ്രാധാന്യത്തോടെ ഊന്നിപ്പറഞ്ഞ കാര്യം 'പ്രതീക്ഷിക്കുന്ന ഫലങ്ങളുടെ' (Expected Outcome) പ്രാധാന്യത്തെക്കുറിച്ചായിരുന്നു. കുട്ടികൾക്കായി നടത്തുന്ന ഓരോ പ്രവർത്തനങ്ങൾക്കും പരിപാടികൾക്കും അവസാനം ഇതുകൊണ്ട് കുട്ടികൾക്ക് എന്ത് പഠനനേട്ടം / ശേഷി / നൈപുണ്യം കൈവരിക്കാൻ സാധിക്കുന്നു എന്നത് മുൻകൂട്ടി മനസ്സിലാക്കിയശേഷം മാത്രം ഉചിതമായ പരിപാടികൾ ആസൂത്രണം ചെയ്യാൻ തീരുമാനിച്ചു.

വിദ്യാഭ്യാസപരമായ പഠന നേട്ടങ്ങൾക്ക് പുറമെ വിദ്യാർത്ഥികളുടെ സാമൂഹികവും വൈകാരികവുമായ വളർച്ചയടക്കം അവരുടെ സമഗ്ര വികസനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന Outcomes മുന്നിൽ കണ്ടുകൊണ്ടുള്ള പരിപാടികളാണ് ഓരോ ക്ലബ്ബുകളും സബ്ജക്ട് കൗൺസിലുകളും ആസൂത്രണം ചെയ്തിട്ടുള്ളത്.

- **പ്രക്രിയ (Process)**

ആസൂത്രണം ചെയ്ത പരിപാടികളും പ്രവർത്തനങ്ങളും ഫലപ്രദമായി കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിനായി പ്രസ്തുത പ്രവർത്തനങ്ങളുടെ വിശദമായ പ്രക്രിയ (Process) എഴുതി തയ്യാറാക്കി പ്ലാനിൽ ഉൾപ്പെടുത്തി.

- **ബഡ്ജറ്റ് (Budget)**

ഓരോ പ്രവർത്തനങ്ങൾക്കും വരുന്ന ഏകദേശ സാമ്പത്തിക ചെലവ് പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

- **കാലാവധി (Duration)**

ഓരോ പ്രവർത്തനങ്ങളും പൂർത്തീകരിക്കാൻ എടുക്കുന്ന സമയം മണിക്കൂർ ആയോ, ദിവസം/ദിവസങ്ങൾ ആയോ ആഴ്ചകൾ ആയോ മാസങ്ങൾ ആയോ രേഖപ്പെടുത്തിയിട്ടുണ്ട്.

- **തീയതി (Date)**

കാലാവധിക്ക് പുറമെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന ദിവസം (തീയതി) പ്ലാനിൽ സൂചിപ്പിച്ചിട്ടുണ്ട്. ഒന്നിൽ കൂടുതൽ ദിവസം നീണ്ടുനിൽക്കുന്ന പരിപാടികളാണെങ്കിൽ പരിപാടിയുടെ ആരംഭദിവസം പ്ലാനിൽ സൂചിപ്പിച്ചിട്ടുണ്ട്.

- **പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം (Number of students involved)**

ഓരോ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുന്ന സമയത്ത് തന്നെ അതിൽ പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം തിട്ടപ്പെടുത്തി രേഖപ്പെടുത്തിയിട്ടുണ്ട്.

- **ചുമതല വഹിക്കുന്ന അധ്യാപകർ (Teachers in charge)**

ആസൂത്രണം ചെയ്ത ഓരോ പരിപാടികൾക്കും നേതൃത്വം നൽകാനുള്ള അധ്യാപകർ ആരെന്ന് പ്ലാനിൽ സൂചിപ്പിച്ചിട്ടുണ്ട്.

വിശദമായ മാസ്റ്റർ പ്ലാനിന് പുറമെ, ഓരോ മാസത്തെയും പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ മനസ്സിലാക്കാൻ സാധിക്കുന്ന തരത്തിലുള്ള ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ കലണ്ടറും തയ്യാറാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ അക്കാദമിക് കലണ്ടർ മാതൃകയിലാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്.

പി.എം.എസ്.എ വി.എച്ച്.എസ്.എസ് ചാപ്പനങ്ങാടിയുടെ അക്കാദമിക് മാസ്റ്റർ പ്ലാൻ

വെറും ഒരു രേഖ മാത്രമല്ല, ഇവിടുത്തെ വിദ്യാർത്ഥിയുടെയും സ്ഥാപനത്തിന്റെയും ഭാവി ദർശനമാണ്. ഈ പദ്ധതിയുടെ ഓരോ ഘട്ടത്തിലും (ബോധവൽക്കരണം, ആശയവിനിമയം, ഘടന ചിട്ടപ്പെടുത്തൽ, ആസൂത്രണം ചെയ്യൽ) ഉണ്ടായ ഞങ്ങളുടെ അധ്യാപകരുടെ സഹകരണവും അർപ്പണ മനോഭാവവും കൂട്ടായ പരിശ്രമവുമാണ് ഈ പരിവർത്തന യാത്രയ്ക്ക് ഞങ്ങളെ സജ്ജരാക്കുന്നത്. വ്യക്തമായ ലക്ഷ്യങ്ങളും ചിട്ടയായ നടപ്പാക്കലും മികവിനോടുള്ള പ്രതിബദ്ധതയും കൂടിച്ചേരുമ്പോൾ പി.എം.എസ്.എ.വി.എച്ച്.എസ്.എസ്. ചാപ്പനങ്ങാടി അക്കാദമിക നേട്ടത്തിലും സമഗ്രവികസനത്തിലും പുതിയ ഉയരങ്ങൾ കൈവരിക്കാൻ തയ്യാറാവുകയാണ്. മികച്ച അക്കാദമിക നേതൃത്വം നൽകുന്ന പ്രധാനാധ്യാപകനും, ടീം സ്പിരിറ്റോടെ പ്രവർത്തിക്കുന്ന അധ്യാപക-അനധ്യാപകരും, പരിപൂർണ പിന്തുണ നൽകുന്ന പി.ടി.എ.യും വേണ്ട ഭൗതിക സൗകര്യങ്ങളെല്ലാം ഒരുക്കി തന്ന് പൂർണ്ണ പിന്തുണ നൽകുന്ന സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുമാണ് മുന്നോട്ടുള്ള പ്രയാണത്തിൽ ഈ വിദ്യാലയത്തിന്റെ കരുത്ത്.

മുന്നോട്ട് പോകുമ്പോൾ, ഈ മാസ്റ്റർ പ്ലാനിൽ വിവരിച്ചിരിക്കുന്ന ആഗ്രഹങ്ങൾ സാക്ഷാത്കരിക്കുന്നതിന് ഞങ്ങളുടെ അദ്ധ്യാപകർ, പി.ടി.എ, വിദ്യാർത്ഥികൾ, അനധ്യാപകർ, മാനേജ്മെന്റ്, പൂർവവിദ്യാർത്ഥികൾ, എന്നിവരുടെ കൂട്ടായ പരിശ്രമം നിർണ്ണായകമാണ്. ഒറ്റക്കെട്ടായി നിന്ന് ഞങ്ങൾ വിദ്യാർത്ഥികളുടെയും അവരുടെ കുടുംബങ്ങളുടെയും വിദ്യാഭ്യാസ പ്രതീക്ഷകൾ നിറവേറ്റുക മാത്രമല്ല, അതിനപ്പുറത്തേക്ക് തികച്ചും മാതൃപരമായ ഒരു ഉത്തമ സമൂഹത്തെ വാർത്തെടുക്കുകകൂടി ചെയ്യാൻ പ്രതിജ്ഞാബദ്ധരാണ്.

**കൺവീനർ**
**അക്കാദമിക് മാസ്റ്റർ പ്ലാൻ കമ്മിറ്റി**

# അക്കാദമിക നേട്ടങ്ങൾ

2015 മുതൽ ഓരോ വർഷവും മുന്നൂറോളം വിദ്യാർത്ഥികൾ പരീക്ഷയെഴുതി 100 % വിജയം നേടാൻ കഴിഞ്ഞു. 100% വിജയത്തോടൊപ്പം ഓരോ വർഷവും സമ്പൂർണ്ണ എ-പ്ലസു കളുടെ എണ്ണത്തിലുള്ള വർദ്ധനവും മിനിമം പാസ്ഗ്രേഡ് ആയി ഡി പ്ലസിലുള്ള കുറവും ന മ്മുടെ വിദ്യാലയത്തിന്റെ പഠന മികവിനെ ഉയർത്തിക്കാണിക്കുന്നു. 2024-25 എസ്. എസ്.എൽ.സി പരീക്ഷയിൽ 65 കുട്ടികൾ സമ്പൂർണ്ണ എപ്ലസ് നേടി ജില്ലയിൽ തന്നെ 350 കു ട്ടികളിൽ നിന്നും മികച്ച വിജയം കൈവരിക്കാൻ വിദ്യാലയത്തിനായി.

റഗുലർ ക്ലാസുകൾക്ക് പുറമെ എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് ജൂൺ മു തൽ ആരംഭിക്കുന്ന മോണിംഗ് ക്ലാസുകൾ നമ്മുടെ വിദ്യാലയത്തിന്റെ വിജയത്തിന് അടി ത്തറയായി പ്രവർത്തിച്ചുവരുന്നു. കൂടാതെ ജനുവരിയിൽ ആരംഭിക്കുന്ന മോണിംഗ് ക്ലാസു കളും (രാവിലെ 8 മുതൽ 10 വരെ), ഈവനിംഗ് ക്ലാസുകളും (4.30 മുതൽ 9.00 വരെ) മികച്ച വിജയം കൈവരിക്കാൻ സ്കൂളിനെ പ്രാപ്തമാക്കുന്നു.

എസ്.എസ്.എൽ.സി കുട്ടികൾക്കുള്ള പരിശീനലത്തിന് പുറമെ 8, 9 ക്ലാസുകളിലെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പഠനനിലവാരം ഉയർത്തിക്കൊണ്ടുവരു ന്നതിനുവേണ്ടി 'വിജയസ്പർശം, മലയാളത്തിളക്കം' തുടങ്ങിയ പദ്ധതികളും സ്കൂളിന്റെ തനതു പ്രവർത്തനമായ BEAP പദ്ധതിയും ഫലപ്രദമായി നടത്തിക്കൊണ്ടിരിക്കുന്നു. തൽ ഫലമായി എഴുത്തും വായനയും അറിയാത്ത കുട്ടികളെ മുഖ്യധാരയിലേക്കുയർത്താൻ സാ ധിച്ചു.

ദേശീയ സ്കോളർഷിപ്പ് പരീക്ഷയായ എൻ.എം.എം.എസിന് പരിശീലനം നൽകി മലപ്പുറം ബ്ലോക്ക് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ NMMS സ്കോളർഷിപ്പ് നേടാൻ സാധി ച്ചു.

എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് പ്രചോദനം നൽകാനായി സംഘടിപ്പി ക്കാറുള്ള 'We can' എന്ന പേരിൽ സംഘടിപ്പിക്കാറുള്ള മോട്ടിവേഷൻ ക്ലാസ്/ക്യാമ്പുകളും, 10-ാം ക്ലാസ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി സംഘടിപ്പിക്കാറുള്ള വിജയോത്സവവും കുട്ടി കൾക്ക് പ്രചോദനമാകുന്നു.

# പാഠ്യേതര പ്രവർത്തനങ്ങൾ (നേട്ടങ്ങൾ)

മികച്ച അക്കാദമിക നിലവാരം പുലർത്തുന്നതിനോടൊപ്പം തന്നെ എല്ലാ വർഷവും പാഠ്യേതര പ്രവർത്തനങ്ങളിലും തിളക്കമാർന്ന നേട്ടങ്ങൾ കൊയ്യാൻ വിദ്യാലയത്തിന് കഴിയുന്നുണ്ട്. കലാമേഖലയിൽ സബ്ജില്ല, ജില്ല, സംസ്ഥാന തലങ്ങളിലും, കായികമേഖലയിൽ സബ്ജില്ല, ജില്ല, സംസ്ഥാന, ദേശീയതലങ്ങളിലും മികച്ച നേട്ടങ്ങൾ കരസ്ഥമാക്കാൻ കഴിഞ്ഞുവരുന്നുണ്ട്.

- **കലോത്സവം**

കഴിഞ്ഞ (2024-25) അധ്യായനവർഷത്തിൽ സബ്ജില്ലാ കലോത്സവത്തിൽ മികച്ച വിജയം നേടാൻ സാധിച്ചു. ജില്ലാ കലോത്സവത്തിൽ എ ഗ്രേഡുകൾ നേടുകയും ചെയ്തു.

- **കായികമത്സരം**

കായിക മത്സരത്തിൽ മലപ്പുറം സബ്ജില്ലയിൽതന്നെ മികച്ച നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. അണ്ടർ 17 മലപ്പുറം ജില്ല മാതൃഭൂമി യൂണിവേഴ്സൽ കപ്പ് ചാമ്പ്യൻസ്, അണ്ടർ 14 മലപ്പുറം സബ്ജില്ല സുബ്രതോ ചാമ്പ്യൻസ്, അണ്ടർ 17 ബോയ്സ് മലപ്പുറം സബ്ജില്ല ഫുട്ബോൾ റണ്ണർ അപ്പ്, അണ്ടർ 14 ഗേൾസ് ഖൊ ഖൊ ചാമ്പ്യൻസ്, സബ്ജില്ല അത്‌ലറ്റിക് മീറ്റിൽ ഓവറോൾ മൂന്നാം സ്ഥാനം നേടി സബ്ജില്ലയിൽ ചാപ്പനങ്ങാടി ഹൈസ്കൂൾ മികച്ച സ്ഥാനം നിലനിർത്തി. അതോടൊപ്പം കരാട്ടെ നാഷണൽ ചാമ്പ്യൻ, ബോക്സിംഗ് സ്റ്റേറ്റ് ചാമ്പ്യൻ, സബ്ജില്ല വുഷു ചാമ്പ്യൻ എന്നിങ്ങനെ വ്യക്തിഗത ഇനങ്ങളിലും നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു.

- **ശാസ്ത്ര-പ്രവൃത്തിപരിചയമേള**

സബ്ജില്ല പ്രവൃത്തിപരിചയമേളയിൽ മികച്ച വിജയം നേടാൻ സാധിച്ചു. അതോടൊപ്പം ജില്ലാതലത്തിൽ കുട്ടികളെ പങ്കെടുപ്പിക്കാനും മികച്ച ഗ്രേഡ് കരസ്ഥമാക്കാനും സാധിച്ചു.

- **ഭാരത് സ്കൗട്ട്സ് & ഗൈഡ്സ്**

രാജ്യപുരസ്കാർ - സ്കൗട്ട്സ് - 49, ഗൈഡ്സ് - 39

- **ജൂനിയർ റെഡ് ക്രോസ് (JRC)**

'സി' ലെവൽ പരീക്ഷാ വിജയികൾ - 54

- **ലിറ്റിൽ കൈറ്റ്സ്**

ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കിയ 40 കുട്ടികൾ ഗ്രേസ് മാർക്കിന് അർഹരായി.

# ഭൗതിക സൗകര്യങ്ങൾ (ഉൾപ്പെടുത്തേണ്ടവ)

ഭൗതിക സൗകര്യങ്ങൾ പരിപൂർണ്ണതയിൽ എത്തിക്കുവാൻ വേണ്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ

- ✓ വോളിബോൾ കോർട്ട്
- ✓ ഷട്ടിൽ കോർട്ട്
- ✓ മൾട്ടി മീഡിയ തിയേറ്റർ
- ✓ എ.സി കോൺഫറൻസ് ഹാൾ
- ✓ രോഗീ പരിചരണ റൂം
- ✓ ഡൈനിംഗ് ഹാൾ ഫർണ്ണിച്ചർ (ഊട്ടുപുര)
- ✓ ഇൻസിനേറ്റർ – 3 എണ്ണം
- ✓ തണൽമരങ്ങൾക്ക് ചുറ്റും ഇരിപ്പിടം
- ✓ കാർ/ബൈക്ക്/സൈക്കിൾ പാർക്കിംഗ് ഏരിയ
- ✓ ക്യാമ്പസ് സൗകര്യവൽക്കരണം (ഗാർഡൻ)
- ✓ വിശാലമായ സ്പോർട്സ് റൂം
- ✓ ഇന്റോർ സ്റ്റേഡിയം
- ✓ പുതിയ ഐടി ലാബ്
- ✓ പുതിയ സയൻസ് ലാബ്

# വിദ്യാരംഗം കലാസാഹിത്യവേദി (മലയാളം)

# എഴുത്തുപെട്ടി

കഥ, കവിത എന്നിവയ്ക്ക് പ്രത്യേകം ഭാവനാശേഷി വർദ്ധിപ്പിക്കുന്നതോടൊപ്പം സ്വതന്ത്രമായ എഴുത്തിന്റെ ലോകത്തേക്ക് കുട്ടികളെ നടത്തുന്നു.

## Expected Outcome

- ഭാവന, ചിന്താശക്തി, സാഹിത്യപരമായ രചനാവൈഭവം വിമിർശനാത്മക നിരൂപണം എന്നിവ വളർത്തുക.
- എഴുതാനുള്ള ശേഷി സങ്കോചമില്ലാതെ സ്വായത്തമാക്കുന്നു.
- സ്കൂൾ യുവജനോത്സവ മത്സരങ്ങളിൽ പങ്കാളിയാകാൻ പ്രോത്സാഹിപ്പിക്കുന്നു.

## Process

ജൂൺ രണ്ടാം വാരം മുതൽ ഫെബ്രുവരി വരെ താൽപര്യമുള്ള ഏത് കുട്ടിക്കും എഴുത്തുപെട്ടിയിൽ സൃഷ്ടികൾ എഴുതിയിടാം. എല്ലാ മാസവും ഒരു നിശ്ചിത ആഴ്ചയിലായിരിക്കും സൃഷ്ടികൾ പെട്ടിയിൽ നിക്ഷേപിക്കാൻ അവസരം നൽകുക. മികച്ച സൃഷ്ടിക്ക് സമ്മാനം നൽകുന്നു.

| | | |
|---|---|---|
| Budget | : | 2000 |
| Duration | : | June-February |
| Date | : | 13.06.2025 |
| No. of students involved | : | 50 |
| Teachers in Charge | : | Soumya Mol |

# നാട്ടറിവ്

നാട്ടറിവ് ദിനത്തോടനുബന്ധിച്ച് കുട്ടികൾക്ക് നാടൻപാട്ട് മത്സരം സംഘടിപ്പിക്കുന്നു.

## Expected Outcome

- കുട്ടികളിൽ നാടൻ പാട്ടിനെക്കുറിച്ചും നാടൻ കലകളെ കുറിച്ചുമുള്ള അറിവ് ലഭിക്കുന്നു.
- അന്യം നിന്നുപോകുന്ന നാടൻ കലകളെ പരിചയപ്പെടുന്നു.

## Process

മലയാളം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നാടൻപാട്ട് ആസ്വാദനവും നാടൻ പാട്ട് മത്സരവും സംഘടിപ്പിക്കുന്നു. മികച്ച ടീമിന് പ്രോത്സാഹന സമ്മാനം നൽകുന്നു.

| | | |
|---|---|---|
| Budget | : | 1000 |
| Duration | : | One day |
| Date | : | 22.08.2025 |
| Venue | : | Auditorium |
| Teachers in charge | : | Raji P |

# സർഗ്ഗലയം

മലയാളം ക്ലബ്ബ് രൂപീകരിക്കുകയും വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുന്നു.

## Expected Outcome

- കുട്ടികളിൽ കൂട്ടായ്മ രൂപപ്പെടുന്നു.
- കലകളോടും സാഹിത്യത്തോടും ഉള്ള അഭിനിവേശം കൂടുന്നു.
- കുട്ടികളിൽ വിവിധ സാഹിത്യരചനകൾ പരിചയപ്പെടാനും എഴുതുവാനുമുള്ള കഴിവ് വർദ്ധിക്കുന്നു.

## Process

മലയാളം ക്ലബ്ബ് രൂപീകരിക്കുകയും വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുന്നു. നാടക പരിശീലനവും വ്യത്യസ്ത സാഹിത്യസൃഷ്ടികളും രചനകളും പരിചയപ്പെടുത്തുന്നു. 1 വർഷത്തേക്കുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

| | | |
|---|---|---|
| Budget | : | Nil |
| Duration | : | One academic year |
| Date | : | 09.06.2025 |
| Venue | : | Auditorium |
| Teachers in charge | : | Radhika and Raji P |

## അക്ഷരലോകം

കുട്ടികളിലെ ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ പഠന പിന്നോക്കം നൽകുന്ന കുട്ടികൾക്ക് ക്ലാസ് നൽകുന്നു.

### Expected Outcome

- കുട്ടികളിൽ അക്ഷരം ഉറപ്പിക്കൽ, ചിഹ്നം ഉറപ്പിക്കൽ പദനിർമ്മാണം വാക്യനിർമ്മാണം തുടങ്ങിയ ശേഷി കൈവരിക്കുന്നു.
- ഇതിലൂടെ കുട്ടികളുടെ വായനാശേഷിയും എഴുതുന്നതിനുള്ള കഴിവും വർദ്ധിക്കുന്നു.
- കുട്ടികളുടെ പഠനപിന്നോക്കാവസ്ഥ പരിഹരിക്കാൻ സഹായിക്കുന്നു.
- കുട്ടികളിൽ ആത്മധൈര്യം കൂടുന്നു.

### Process

മലയാളം അക്ഷരം എഴുതാനും വായിക്കാനും അറിയാത്ത കുട്ടികളെ കണ്ടെത്തി മലയാളം അധ്യാപകർ രാവിലെയും ശനിയാഴ്ചകളിലും ജൂൺ മുതൽ ഡിസംബർ വരെ ക്ലാസുകൾ നൽകുന്നു.

| | | |
|---|---|---|
| Budget | : | 500 |
| Druation | : | June to December |
| Date | : | 10.06.2025 |
| No. of Students | : | 60 |
| Teacher incharge | : | Radhika |

# വായനക്കളരി

കുട്ടികളിൽ വായനാശിലം വളർത്തുന്നതിനും ഭാഷശേഷി കൈവരിക്കുന്നതിനുമായി മലയാളം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വായനക്കളരി രൂപീകരിക്കുന്നു.

## Expected Outcome

- സ്കൂൾ ലൈബ്രറി ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നു.
- പുസ്തകങ്ങൾ വായിച്ച് പുസ്തകപരിചയം, ആസ്വാദനക്കുറിപ്പുകൾ, വായനാക്കളരി എന്നിവ സംഘടിപ്പിക്കുന്നു.
- വായനയിലൂടെ കുട്ടി ആർജ്ജിച്ച മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ ക്ലാസ്സുകളിൽ അവതരിപ്പിക്കുന്നു.
- ക്ലാസ്സ് മുറികളിലെ ഇത്തരം പ്രവർത്തനങ്ങൾ കുട്ടികളിലെ ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനും സഭാകമ്പം കൂടാതെ പൊതുവേദികളിൽ സംസാരിക്കുന്നതിനും പ്രാപ്തരാക്കുന്നു.
- ഭാഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും മത്സരങ്ങളിലും പങ്കെടുക്കാൻ കഴിവുള്ള കുട്ടികളെ കണ്ടെത്തുന്നു.

## Process

ജൂൺ രണ്ടാംവാരത്തിൽ കുട്ടികളെ കണ്ടെത്തി വായനക്കളരിയിൽ അംഗങ്ങളാക്കുന്നു.

മലയാളം അധ്യാപകരും തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളും ഒത്തുകൂടി ജൂൺ 19 വായനാവാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വരാൻ ആവശ്യപ്പെടുകയും ചെയ്യുന്നു.

| | | |
|---|---|---|
| Budget | : | 1500 |
| Duration | : | One Academic Year |
| Date | : | 12.06.2025 |
| No. of Students involved | : | 60 |
| Teachers in charge | : | Raji P |

# വായനാകുറിപ്പ് തയ്യാറാക്കൽ

കുട്ടികളിലെ വായന വളർത്തുന്നതിന്റെ ഭാഗമായി വായനാ കുറിപ്പ് തയ്യാറാക്കൽ.

## Expected Outcome

- കുട്ടികൾ ഗ്രന്ഥശാലയോടടുക്കുന്നു.
- വായനയിലൂടെ ആനന്ദം കണ്ടെത്താൻ കഴിവുള്ളവരാകുന്നു.
- പുതിയ പുസ്തകങ്ങൾ പരിചയപ്പെടുന്നു.
- വായിച്ച പുസ്തകങ്ങളുടെ വായനാക്കുറിപ്പ് തയ്യാറാക്കുന്നു.
- വായനാക്കുറിപ്പ് ശേഖരണം തയ്യാറാക്കുന്നു.

## Process

ക്ലാസ്സ് തലത്തിൽ വായനയുടെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തിയ ശേഷം ഓരോ ക്ലാസിൽ നിന്നും സാഹിത്യവാസനയുള്ള കുട്ടികളെ കണ്ടെത്താനുള്ള പ്രവർത്തനം നൽകി അതിൽ നിന്നും 50-ഓളം കുട്ടികളെ കണ്ടെത്തുന്നു. ജൂൺ ആദ്യവാരത്തോടെ തന്നെ അവർക്കിഷ്ടമുള്ള പുസ്തകം ലൈബ്രറിയിൽ നിന്ന് എടുക്കാൻ അവസരം നൽകുന്നു. ആ പുസ്തകങ്ങളെ അടിസ്ഥാനമാക്കി ജൂൺ 20ന് വായനാക്കുറിപ്പ് രചനാമത്സരം നടത്തുന്നു. മികച്ച സൃഷ്ടിക്ക് ഉപഹാരം നൽകുന്നു. ലഭിച്ച എല്ലാ വായനാക്കുറിപ്പും ഉൾപ്പെടുത്തി വായനാക്കുറിപ്പ് ശേഖരം തയ്യാറാക്കുന്നു.

| | | |
|---|---|---|
| Budget | : | 500 |
| Duration | : | One day |
| Date | : | 20.06.2025 |
| No. of students involved | : | 50 |
| Teachers in charge | : | Radhika |

# പ്രശ്നോത്തരി

വായനാവാരത്തോട് അനുബന്ധിച്ച 24.06.2025 ന് നടത്തുന്ന പ്രശ്നോത്തരി മത്സരം.

## Expected Outcome

- കുട്ടികളിൽ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നു.
- പത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവയുടെ വായന വളരുന്നു.

## Process

ജൂൺ രണ്ടാംവാരത്തിന്റെ തുടക്കത്തിൽ ക്ലാസ്തല പ്രശ്നോത്തരി മത്സരം നടത്തുന്നു. ക്ലാസ് തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിച്ചവരെ കണ്ടെത്തുന്നു. അവർക്കായി 24.06.2024 ന് സ്കൂൾതല പ്രശ്നോത്തരി മത്സരം നടത്തുന്നു. അതിൽനിന്നും ഒന്നും രണ്ടും മൂന്നും സ്ഥാനക്കാരെ കണ്ടെത്തി പ്രോത്സാഹനസമ്മാനം നൽകുന്നു.

| | | |
|---|---|---|
| Budget | : | 1000 |
| Duration | : | 1 Day |
| Date | : | 25.06.2025 |
| No. of Students Involved | : | 100 |
| Teachers in charge | : | Raji P |

# പുസ്തകപ്രദർശനം

ജൂൺ 25-ാം തിയ്യതി വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പുസ്ത പ്രദർശനം.

## Expected Outcome

- സ്കൂൾ വായനശാലയിലെ പുസ്തകങ്ങൾ പരിചയപ്പെടുന്നു.
- വിവിധ സാഹിത്യ വിഭാഗങ്ങളെക്കുറിച്ച അറിയുന്നു.
- കുട്ടികളിലെ വായന വളർത്തുന്നതിന് വേണ്ട കൈത്താങ്ങ് നൽകുന്നു.

## Process

വിദ്യാരംഗത്തിൽ അംഗങ്ങളായ കുട്ടികളും അദ്ധ്യാപകരും ചേർന്ന് ലൈബ്രറിയിൽ നിന്ന് 500 ഓളം പുസ്തകങ്ങൾ കണ്ടെത്തി സാഹിത്യ വിഭാഗങ്ങൾക്കനുസരിച്ച് തരംതിരിച്ച് പ്രദർശനത്തിനായി ഒരുക്കുന്നു. പ്രദർശനത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം കഴിഞ്ഞ ഉടൻ ഓരോ ക്ലാസ്സിലെ കുട്ടികൾക്കും പ്രദർശനം കാണാനുള്ള അവസരം നൽകുന്നു.

| | | |
|---|---|---|
| Budget | : | Nil |
| Duration | : | One day |
| Date | : | 26.07.2025 |
| No. of students involved | : | All students |
| Teachers in charge | : | All Malayalam Teachers |

# ബഷീർ അനുസ്മരണവും പ്രശ്നോത്തരി മത്സരവും

## Expected Outcome

- ബഷീർ എന്ന എഴുത്തുകാരനെ പരിചയപ്പെടുന്നു.
- ബഷീർദിനത്തിന്റെ പ്രാധാന്യം കുട്ടികൾക്ക് ബോധ്യപ്പെടുന്നു.
- ബഷീർ കൃതികളുടെ വായനയിലേക്ക് കുട്ടികളെ എത്തിക്കുന്നു.

## Process

ബഷീർദിനത്തിന്റെ പ്രാധാന്യവും മറ്റും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു സന്ദേശം തയ്യാറാക്കി നന്നായി അവതരിപ്പിക്കുന്ന ഒരു കുട്ടിയെക്കൊണ്ട് അവതരിപ്പിക്കുന്നു. ജൂലൈ ആദ്യത്തോടെ ബഷീർ കൃതികൾ വായിക്കാനു മറ്റും കുട്ടികൾക്ക് അവസരം നൽകുന്നു. ജൂലൈ 5ന് പ്രശ്നോത്തരി മത്സരം സംഘടിപ്പിക്കുന്നു. ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിച്ചവർക്ക് ഉപഹാരങ്ങൽ നൽകുന്നു.

| | | |
|---|---|---|
| Budget | : | 500 |
| Duration | : | One day |
| Date | : | 05.07.2025 |
| No. of students involved | : | 100 |
| Teachers in charge | : | Raji P |

# ഡോക്യുമെന്ററി പ്രദർശനം

'ബഷീർ ദ മാൻ' എന്ന ഡോക്യുമെന്ററിയുടെ പ്രദർശനം ക്ലാസ് തലത്തിൽ നടത്തുന്നു.

## Expected Outcome

- ബഷീർ എന്ന എഴുത്തുകാരനെ അടുത്തറിയുന്നു.
- സാഹിത്യകാരന്മാരെക്കുറിച്ചുള്ള ഡോക്യുമെന്ററികൾ കാണാനുള്ള താൽപര്യം ജനിപ്പിക്കുന്നു.
- സ്വയം ഡോക്യുമെന്ററികൾ തയ്യാറാക്കുന്നതിനുള്ള പ്രചോദനം നേടുന്നു.

## Process

വൈക്കം മുഹമ്മദ് ബഷീറിനെയും അദ്ദേഹത്തിന്റെ സാഹിത്യ ചുറ്റുപാടിനേയും അടുത്തറിയുന്നതിന് വേണ്ടി ക്ലാസ്സ് തലത്തിൽ 'ബഷീർ ദ മാൻ' എന്ന ഡോക്യുമെന്ററി പ്രദർശിപ്പിക്കുന്നു. കണ്ട ഡോക്യുമെന്ററിയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. നന്നായി തയ്യാറാക്കിയ കുറിപ്പിന് പ്രോത്സാഹനസമ്മാനം നൽകുന്നു.

| | | |
|---|---|---|
| Budget | : | 800 |
| Duration | : | One day |
| Date | : | 08.07.2025 |
| No. of students involved | : | All the students in ... |
| Teachers in charge | : | Soumyamol |

## കേരളീയം

നവംബർ 1 കേരളപ്പിറവി ദിനത്തിൽ കവിതാലാപന മത്സരം നടത്തുന്നു.

### Expected Outcome

- ഭാഷയുടെ ഭംഗി ഉൾക്കൊണ്ടുകൊണ്ട് ഭാവാത്മകമായി കവിത ചൊല്ലുന്നു.
- സഭാകമ്പമില്ലാതെ കല അവതരിപ്പിക്കുന്നു.
- മലയാള കവിതയോട് അഭിനിവേശം തോന്നുന്നു.

### Process

- വർക്ക് ഷോപ്പിലൂടെ കവിത ചൊല്ലാൻ കഴിയുന്ന കുട്ടികളെ കണ്ടെത്തുന്നു.
- നവംബർ 1 ന് തിരഞ്ഞെടുത്ത കുട്ടികളെ ഉൾപ്പെടുത്തി കവിതാലാപന മത്സരം നടത്തുന്നു.
- പ്രോത്സാഹന സമ്മാനം നൽകുന്നു.

| | | |
|---|---|---|
| Budget | : | 1000 |
| Duration | : | One day |
| Date | : | 01.11.2025 |
| No. of students involved | : | 20 |
| Teachers in charge | : | Raji P |

# എഴുത്തുകൂട്ടം രൂപീകരണം

കുട്ടികളെ സർഗ്ഗാത്മക കണ്ടെത്തുക എന്ന ഉദ്ദേശത്തോടെ നടത്തുന്ന ഒരു പ്രവർത്തനമാണ് എഴുത്തുകൂട്ടം രൂപീകരിക്കൽ

## Expected Outcome

- കുട്ടികളിൽ ഒളിഞ്ഞുകിടക്കുന്ന സർഗ്ഗവാസന കണ്ടെത്തുന്നു.
- കുട്ടികളിലെ സർഗ്ഗവാസനക്കനുയോജ്യമായ ശില്പശാലകൾ സംഘടിപ്പിക്കുന്നു.
- കണ്ടെത്തിയ കുട്ടികളുടെ സർഗ്ഗാത്മക രചനകൾ മറ്റ് കുട്ടികൾക്ക് പ്രചോദനമാകുംവിധം പ്രദർശിപ്പിക്കുക.

## Process

സർഗ്ഗവാസനകയുള്ള കുട്ടികളെ കണ്ടെത്താനായി ക്ലാസ് തലത്തിൽ കുട്ടികൾക്ക് ഉൾക്കൊള്ളാൻ കഴിയുന്ന ഒരു വിഷയം നൽകി അതിനെ അടിസ്ഥാനമാക്കി കഥ, കവിത, ലേഖനം, ചിത്രരചന, കാർട്ടൂൺ എന്നിവ തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. മികച്ച പ്രകടനം കാഴ്ചവെക്കുന്ന കുട്ടികളെ കണ്ടെത്തി ഓരോ മാസവും ഓരോ വിഷയം നൽകി സൃഷ്ടികൾ തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. കുട്ടികൾ തയ്യാറാക്കിയ സൃഷ്ടികൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു.

| | | |
|---|---|---|
| Budget | : | Nil |
| Duration | : | 1 year |
| Date | : | 24.06.2025 |
| No. of Students Involved | : | 30 |
| Teachers in charge | : | Soumya Mol K.P |

# കവിയരങ്ങ്

കവിയരങ്ങ് സംഘടിപ്പിക്കുന്നു.

## Expected Outcome

- ഒ.എൻ.വി കുറിപ്പിന്റെ കവിതകൾ പരിചയപ്പെടുന്നു.
- ഒ.എൻ.വി കുറുപ്പിന്റെ രചനാശൈലി മനസ്സിലാക്കി കവിതകൾ ഹൃദ്യസ്ഥമാക്കുന്നു.

## Process

മലയാളത്തിന്റെ പ്രിയകവി ഒ.എൻ.വി യെക്കുറിച്ച് എല്ലാ ക്ലാസ്സിലും ഒരു അനുസ്മരണ പ്രഭാഷണം നടത്തുന്നു. തുടർന്ന് കവിയരങ്ങ് സംഘടിപ്പിക്കുന്നു. വിദ്യാരംഗം ക്ലബ്ബിൽ അംഗങ്ങലായ കുട്ടികളെ മുൻനിർത്തി കവിതാലാപനത്തിൽ മികവ് പുലർത്തുന്ന കുട്ടികളെക്കൊണ്ട് കവിയരങ്ങ് നടത്തുന്നു. എല്ലാ കുട്ടികൾക്കും ആസ്വാദനത്തിനുള്ള വേദിയും ഒരുക്കുന്നു. ഈ പ്രവർത്തനത്തിന്റെ മുഴുവൻ സംഘാടന പ്രവർത്തനവും കുട്ടികൾതന്നെ ചെയ്യുന്നു. ആവശ്യമായ നിർദ്ദേശങ്ങൾ അദ്ധ്യാപകർ നൽകുന്നു. കവിയരങ്ങ് മികച്ചതാക്കുന്നു.

| | | |
|---|---|---|
| Budget | : | Nil |
| Duration | : | One day |
| Date | : | 13.02.2025 |
| Time | : | 1.30 pm to 2.30 pm |
| Venue | : | School Hall |
| No. of student involved | : | 50 |
| Teachers in charge | : | Radhika |

# അറബിക്

# അറബിക് എക്സ്പോ

ലോക അറബിഭാഷാദിനത്തിൽ സംഘടിപ്പിക്കുന്ന അറബിഭാഷയെ അടുത്തറിയാനുള്ള പ്രദർശനം

## Expected Outcome

- അറബി ഭാഷയും സംസ്കാരവും പ്രോത്സാഹിപ്പിക്കപ്പെടുന്നു.
- വിദ്യാർത്ഥികൾക്ക് അറബി ഭാഷാ വൈദഗ്ധ്യം പ്രകടിപ്പിക്കാൻ വേദിയൊരുക്കുന്നു.
- സാംസ്കാരിക ധാരണയും വൈവിധ്യവും പ്രോത്സാഹിപ്പിക്കപ്പെടുന്നു.
- അറബിഭാഷയുടെ സമ്പന്നമായ പൈതൃകവും ആഗോള സംസ്കാരത്തിനുള്ള അതിന്റെ സംഭാവനകളും മനസ്സിലാക്കുന്നതിനുള്ള അവതരം ലഭിക്കുന്നു.

## Process

അറബി ഭാഷാ ചരിത്രം, സാഹിത്യം, ലിപികൾ തുടങ്ങി വിദ്യാർത്ഥികൾ തയ്യാറാക്കിയവയിൽ നിന്നും തിരഞ്ഞെടുത്തവരുടെ എക്സ്പോ സീറ്റുകൾ തയ്യാറാക്കുന്നു. തെരഞ്ഞെടുക്കപ്പെട്ടവ പ്രത്യേകം സജ്ജീകരിക്കുന്ന സ്റ്റാളിൽ ലോക അറബിഭാഷാദിനത്തിൽ പ്രദർശിപ്പിക്കുന്നു. സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും സന്ദർശിക്കാവുന്ന തരത്തിൽ ഡിസംബർ 2, 3 ദിവസങ്ങളിൽ പ്രദർശനം സംഘടിപ്പിക്കുന്നു.

| | | |
|---|---|---|
| Budget | : | 1500 |
| Duration | : | December |
| Date | : | December 2, 3 |
| Venue | : | School Hall & Ground |
| No. of students involved | : | All Students |
| Teachers in charge | : | All Arabic Teachers |

# അക്ഷര സൗന്ദര്യം

അറബിക് ഭാഷ തനതായ ശൈലിയിൽ എഴുതി പരിശീലിപ്പിക്കുന്നു.

## Expected Outcome

- പഠനപ്രവർത്തനങ്ങൾ യഥാർത്ഥ ശൈലിയിൽ തെറ്റ് കൂടാതെ എഴുതാൻ പരിശീലിപ്പിക്കുന്നു.
- അറബിക്കിലെ പലവിധ എഴുത്ത് ശൈലികൾ പരിചയപ്പെടുന്നു.
- അറബിക് കാലിഗ്രാഫിയെക്കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാകുന്നു.

## Process

ജൂൺ മാസത്തിലെ അവസാന ആഴ്ചയിൽ അറബിക് ക്ലബ്ബ് ഉദ്ഘാടനം നടക്കുന്നതിനോടൊപ്പം അലിഫ് അറബ് ക്ലബ്ബിൽ അംഗമായ കുട്ടികൾക്ക് പുറത്തുനിന്ന് എഴുത്തിൽ സ്പെഷ്യലിസ്റ്റായ ഒരാളെ കൊണ്ടുവന്ന് പരിശീലനം കൊടുക്കുന്നു. കുട്ടികൾക്ക് എഴുതി പരിശീലിക്കാനുള്ള നാലുവരക്കോപ്പി വാങ്ങിയതിന് ശേഷം അറബിക്കിലെ ഓരോ അദ്ധ്യാപകനും തങ്ങളുടെ ക്ലാസ്സിൽ അറബിക് എഴുത്തിന്റെ ആവശ്യകതയും പ്രാധാന്യവും മനസ്സിലാക്കി കുട്ടികൾക്ക് അറബിക് എഴുത്ത് പരിശീലനം കൊടുക്കുന്നു.

പിന്നീട് എല്ലാ ആഴ്ചകളിലും ഒരു ദിവസം കുട്ടികളെക്കൊണ്ട് ഒരു പേജ് എഴുതാൻ ആവശ്യപ്പെടുന്നു. അധ്യാപകർ കോപ്പി ബുക്ക് പരിശോധിച്ച് അന്നുതന്നെ കുട്ടികൾക്ക് തിരിച്ചേൽപ്പിക്കുന്നു.

| | | |
|---|---|---|
| Budget | : | 2000 |
| Duration | : | 9 Months |
| Date | : | June 20 |
| Venue | : | Ababic class room |
| No. of students involved | : | All Arabic Students |
| Teachers in charge | : | Abdul Raheem C, Muhammed Abdul Jabbar |

# അറബി സംഭാഷണം

അറബി ഭാഷ സംസാരിക്കാനും ഭാഷാശേഷി വർദ്ധിപ്പിക്കാനുമുള്ള പരിശീലനം.

## Expected Outcome

- കുട്ടികളുടെ സഭാകമ്പം മാറുന്നു.
- അറബി ഭാഷ സംസാരിക്കാനും കേൾക്കാനും അവസരം ഉണ്ടാകുന്നു.
- സ്കൂൾ കലോത്സവങ്ങളിൽ സംഭാഷണമത്സരങ്ങളിൽ പങ്കെടുക്കാൻ കുട്ടികളെ പ്രാപ്ത രാക്കുന്നു.
- വാക്യനിർമാണം, ചോദ്യങ്ങൾ, ചോദ്യാവലികൾ തുടങ്ങിയവ അനായാസം തയ്യാറാക്കാൻ കഴിയുന്നു.

## Process

ജൂൺ ആദ്യവാരം തന്നെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളും മികച്ച കുട്ടികളും ഉൾപ്പെടുന്ന തരത്തിൽ കുട്ടികളെ ഗ്രൂപ്പ് ആക്കി തിരിക്കുന്നു. ജൂലൈ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിലെ ആദ്യത്തെ പ്രവൃത്തി ദിനങ്ങളിൽ തന്നെ ഓരോ ഗ്രൂപ്പ് ലീഡർമാർക്കും സംഭാഷണത്തിലുള്ള വിഷയം കൊടുക്കുന്നു. ഗ്രൂപ്പിലെ കുട്ടികളുടെയും അദ്ധ്യാപകരുടെയും സഹായത്താൽ കുട്ടികൾ സംഭാഷണം തയ്യാറാക്കുന്നു. എല്ലാ മാസവും അവസാനത്തെ വെള്ളിയാഴ്ച അറബി ക്ലാസ്സിൽ വെച്ച് ഓരോ ഗ്രൂപ്പിലെയും രണ്ട് കുട്ടികൾ വീതം സംഭാഷണം അവതരിപ്പിക്കുന്നു.

| | | |
|---|---|---|
| Budget | : | Nil |
| Duration | : | 6 Months |
| Date | : | July 17 |
| No. of students involved | : | All Arabic Students |
| Venue | : | Auditorium |
| Teachers incharge | : | Abdul Raheem C |

# അലിഫ് അറബിക് ക്ലബ്

അറബി ഭാഷയായി തിരഞ്ഞെടുക്കുന്ന കുട്ടികൾക്കുള്ള ക്ലബ് രൂപീകരിക്കുന്നു.

## Expected Outcome

- കുട്ടികളിൽ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ കഴിവ് പരിപോഷിക്കുന്നു.
- കുട്ടികളുടെ സർഗശേഷി വർധിക്കുന്നു.

## Process

ഭാഷാ ക്ലബുകളുടെ ഉദ്ഘാടന ദിവസത്തിൽ തിരഞ്ഞെടുത്ത കുട്ടികളെ ഉൾക്കൊള്ളിക്കുന്നു. അറബിക് വിഷയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അലിഫ് അറബിക് ക്ലബ് മുഖേനയായിരിക്കും നടക്കുക.

| | | |
|---|---|---|
| Budget | : | 1000 |
| Duration | : | One Academic Year |
| Venue | : | Class room |
| No. of students | : | All Arabic Students |
| Teachers in charge | : | Abdul Raheem C, Muhammed Abdul Jabbar |

# ഇഖ്തിയാർ

അറബി കലോത്സവത്തിലെ വിവിധ ഇനങ്ങൾക്കുള്ള കുട്ടികളെ തെരഞ്ഞെടുക്കുക.

## Expected Outcome

- ഓരോ ഇനങ്ങളിലെയും മികച്ച കുട്ടികളെ കണ്ടെത്തുന്നു.
- കുട്ടികളിൽ മത്സരശേഷി വർധിക്കുന്നു.
- കുട്ടികളിൽ സാഹിത്യാഭിരുചി വളരുന്നു.
- അറബിക് കലോത്സവത്തിന്റെ രീതികളും പ്രവർത്തനങ്ങളും കുട്ടികൾക്ക് മനസ്സിലാവുന്നു.
- കുട്ടികളുടെ കഴിവ് പ്രദർശിപ്പിക്കാനുള്ള അവസരം ലഭിക്കുന്നു.

## Process

ക്ലാസ്സ് തല മത്സരങ്ങൾ നടത്തിയിട്ട് വിജയികളെ കണ്ടെത്തുന്നു.

| | | |
|---|---|---|
| Duration | : | June-August (3 months) |
| Venue | : | Class room |
| No. of students | : | All Arabic Students |
| Teachers in charge | : | Abdul Raheem C, Muhammed Abdul Jabbar |

# ടാലന്റ് ടെസ്റ്റ്

അറബി ഭാഷാ കുട്ടികൾക്ക് വേണ്ടി ടാലന്റ് ടെസ്റ്റ് സംഘടിപ്പിക്കുന്നു.

## Expected Outcome

- അറബി ഭാഷ, ഗ്രാമർ, പൊതുവിജ്ഞാനം തുടങ്ങിയവയിൽ കുട്ടികൾ പ്രാവീണ്യം നേടുന്നു.
- അറബി ഭാഷ, ഗ്രാമർ, പൊതുവിജ്ഞാനം ഇവ കുട്ടികളിൽ വികസിക്കുന്നു.

## Process

അറബി പഠിക്കുന്ന കുട്ടികളിൽ നിന്നും ക്ലാസ് അടിസ്ഥാനത്തിൽ പരീക്ഷ നടത്തി വിജയികളെ സ്കൂൾ തലത്തിൽ മത്സരിപ്പിക്കുന്നു. വിജയികൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നു.

| | | |
|---|---|---|
| Budget | : | 300 |
| Duration | : | August |
| Date | : | Any day in August |
| Venue | : | School Auditorium |
| No. of students involved | : | All Arabic Students |
| Teachers in charge | : | All Arabic Teachers |

# അന്താരാഷ്ട്ര അറബിക് ഭാഷാദിനം

അന്താരാഷ്ട്ര അറബിക് ഭാഷാ ദിനം കുട്ടികളെ പരിചയപ്പെടുത്തുന്നു.

## Expected Outcome

- ലോക ഭാഷകളിൽ അറബി ഭാഷയുടെ പ്രാധാന്യവും ചരിത്രവും കുട്ടികൾ മനസ്സിലാക്കുന്നു.
- അറബിക് സാഹിത്യങ്ങൾ കുട്ടികൾക്ക് പരിചയപ്പെടാൻ സാധിക്കുന്നു.

## Process

അറബി ഭാഷയുടെ പ്രാധാന്യവും ചരിത്രവും ഉൾക്കൊള്ളുന്ന വിവിധ പോസ്റ്ററുകൾ, ചിത്രങ്ങൾ, കാലിഗ്രാഫി ഇവ പ്രദർശിപ്പിക്കുന്നു.

| | | |
|---|---|---|
| Budget | : | 500 |
| Duration | : | December |
| Date | : | December 1 to 30 |
| Venue | : | School Auditorium |
| No. of students involved | : | All Arabic Students |
| Teachers in charge | : | All Arabic Teachers |

# ARABIC BULLETIN

ക്ലബ് പ്രവർത്തനങ്ങൾ കുട്ടികളിലെത്തിക്കാനും കുട്ടികളുടെ സൃഷ്ടികൾ പ്രസിദ്ധീകരിക്കാനും ആവശ്യമായ നോട്ടീസ് ബോർഡ് സജ്ജമാക്കുന്നു.

## Expected Outcome

- കുട്ടികളിൽ മത്സരബുദ്ധി വളർത്തുന്നു.
- അറബിക് പഠനത്തോടുള്ള താൽപ്പര്യം വർദ്ധിക്കുന്നു.
- കുട്ടികളുടെ കഴിവുകൾ, സൃഷ്ടികൾ ഇവ പ്രദർശിപ്പിക്കാനുള്ള അവസരം ലഭിക്കുന്നു.

## Process

നോട്ടീസ് ബോർഡ് തയ്യാറാക്കി ചുമരിൽ പതിപ്പിക്കൽ

Budget : 3000

Teacher in charge : Abdul Raheem C

# ഉറുദു

# പ്രേംചന്ദ് ദിന ക്വിസ്സ്

ഹിന്ദി, ഉറുദു എഴുത്തുകാരനായ മുൻഷി പ്രേംചന്ദിന്റെ ഓർമ്മ ദിനത്തിൽ സ്കൂളിലെ കുട്ടികൾക്കായി നടത്തുന്ന ക്വിസ് മത്സരം.

## Expected Outcome

- വിശ്വവിഖ്യാതനായ പ്രേംചന്ദ് എന്ന എഴുത്തുകാരനെ കുട്ടികൾ പരിചയപ്പെടുന്നു.
- കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി അവസരം ലഭ്യമാക്കുന്നു.

## Process

ജൂലൈ അവസാനവാരം മത്സരത്തിൽ പങ്കെടുക്കാൻ പ്രാപ്തായ കുട്ടികളെ കണ്ടെത്തുന്നു. സംസ്ഥാനതലത്തിൽ വിജയിക്കാൻ കഴിവുള്ള കുട്ടികൾക്ക് ആവശ്യമായ ചോദ്യാവലികൾ പരിചയപ്പെടുത്തുന്നു. ഓൺലൈൻ ആയി നടത്തുന്ന പരീക്ഷക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നു.

| | | |
|---|---|---|
| Budget | : | Nil |
| Duration | : | 1 days |
| Date | : | 2025 July 31 |
| Venue | : | School Hall |
| Teachers in charge | : | Safeeda |

# ഉറുദു കയ്യെഴുത്ത് മാഗസിൻ പ്രകാശനം

## Expected Outcome

- ഉറുദു ഭാഷ പഠിക്കുന്ന കുട്ടികൾക്ക് സ്വന്തമായി കഥകളും കവിതകളും എഴുതി അവതരിപ്പിക്കാൻ ഉള്ള അവസരം ലഭിക്കുന്നു.
- കുട്ടികളുടെ എഴുതാനുള്ള കഴിവ് പരിപോഷിപ്പിക്കപ്പെടുന്നു.
- ഒരു മാഗസിൻ പുറത്തിറക്കാൻ ആവശ്യമായ അറിവുകൾ നേടിയെടുക്കുന്നു.

## Process

- ജൂലൈ മാസം പകുതിയോടെ മാഗസിനിലേക്ക് ആവശ്യമായ പംക്തികൾ കുട്ടികളോട് തയ്യാറാക്കാൻ ആവശ്യപ്പെടുന്നു.
- കഥകളും കവിതകളും, പുറമെ സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട ചിത്രങ്ങളും കുട്ടികൾ തയ്യാറാക്കി കൊണ്ടുവരുന്നു.
- ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുന്നു. ആയത് അധ്യാപകരുടെ സഹായത്താൽ ആവശ്യമായ ആശംസകളും ഉൾക്കൊള്ളുച്ചു പുസ്തകരൂപത്തിൽ ബൈന്റ് ചെയ്യുന്നു. ആഗസ്റ്റ് 15ന് സ്വാതന്ത്ര്യദിന പരിപാടിയിൽ പ്രകാശനം ചെയ്യുന്നു.

| | | |
|---|---|---|
| Budget | : | 1000 |
| Duration | : | One month (Oct-Nov) |
| Date | : | November 21 |
| Venue | : | School |
| Teachers in charge | : | Safeeda |

# മീഠി ഉറുദു

കുട്ടികൾക്ക് ഭാഷാപരമായ ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെടുന്നു.

## Expected Outcome

- അക്ഷരം ഉറപ്പിക്കൽ, വായന മെച്ചപ്പെടുത്തൽ സ്വന്തമായി വാക്കുകൾ തയ്യാറാക്കൽ തുടങ്ങിയശേഷികൾ കൈവരിക്കുന്നു.

- **Process**

ICT സഹായത്തോടെ ഉറുദു പദ കാർഡുകൾ ചിത്ര കാർഡുകൾ എന്നിവ പ്രദർശിപ്പിച്ച് വായനക്കുള്ള അവസരം നൽകി. ഭാഷാപരമായ കുറവുകൾ പരിഹരിക്കുന്നു.

| | | |
|---|---|---|
| Budget | : | Nil |
| Duration | : | 1 year |
| Venue | : | Urdu Class |
| Teachers in charge | : | Safeeda |

# അല്ലാമാ ഇഖ്ബാൽ ടാലന്റ് ടെസ്റ്റ്

ഉറുദു കുട്ടികൾക്കായി അല്ലാമാ ഇഖ്ബാൽ ടാലന്റ് ടെസ്റ്റ് സംഘടിപ്പിക്കുന്നു.

## Expected Outcome

- കുട്ടികൾ ഉറുദു ഭാഷയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനങ്ങൾ പഠിക്കുന്നു.
- സംസ്ഥാനതലം വരെ നടക്കുന്ന ടാലന്റ് ടെസ്റ്റിന് കുട്ടികൾ സജ്ജരാക്കുന്നു.
- **Process**
- പാദവാർഷിക പരീക്ഷക്ക് ശേഷം മുൻവർഷങ്ങളിൽ നടത്തിയ ചോദ്യങ്ങൾ കുട്ടികൾ പരിചയപ്പെടുന്നു.
- ഓൺലൈൻ മോഡലുകൾ പരിചയപ്പെടുന്നു.
- സ്കൂൾ തലത്തിൽ ഉറുദു പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും പരീക്ഷ എഴുതാൻ അവസരം നൽകുന്നു. ഓരോ ക്ലാസ്സിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് നേടിയ രണ്ട് വീതം കുട്ടികളെ സബ്ജില്ലാതല മത്സരത്തിൽ പങ്കെടുപ്പിക്കുന്നു.

| | | |
|---|---|---|
| Budget | : | 1000 |
| Duration | : | 1 Day |
| Date | : | 2025 October 10 |
| Venue | : | Classroom |
| Teachers in charge | : | Safeeda |

## ദേശീയ ഉറുദു ദിനാചരണം (ഭാഷാസെമിനാറും അനുമോദനസദസ്സും)

ദേശീയ ഉറുദു ദിനം ആചരിക്കുന്നു.

### Expected Outcome

- ഇന്ത്യയിൽ രൂപംകൊണ്ട ഉറുദു ഭാഷയുടെ ചരിത്രവും വർത്തമാനകാലത്തെ ഉർദുവിന്റെ പ്രസക്തിയും കുട്ടികൾക്ക് മനസ്സിലാക്കാനുള്ള അവസരം ലഭിക്കുന്നു.
- ഒരു അധ്യായന വർഷം ഉറുദുഭാഷയുമായി ബന്ധപ്പെട്ട് കുട്ടികൾ നേടിയെടുത്ത മികവിനെ അനുമോദിക്കാനും അതിലൂടെ മറ്റ് കുട്ടികൾക്ക് പ്രചോദനം ലഭിക്കാനും അവസരം ലഭിക്കുന്നു.

- **Process**

ഉറുദു ഭാഷയെക്കുറിച്ച കുട്ടികൾക്ക് ക്ലാസ് എടുക്കാൻ പുറത്തുനിന്ന് യോഗ്യരായവരെ കണ്ടെത്തി ക്ലാസ് സംഘടിപ്പിക്കുന്നു. ഉച്ചക്ക് ശേഷം 2 മണിക്കൂർ സമയത്തേക്ക് ആകർഷകമായ രീതിയിൽ ഉറുദു വിദ്യാർത്ഥികൾക്ക് ഉറുദു കലാപരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകുന്നു.

അധ്യയന വർഷം മത്സരപരീക്ഷകളിലും കലോത്സവങ്ങളിലും മറ്റും വിജയിച്ച വിദ്യാർത്ഥികളെ സദസ്സിൽ അനുമോദിക്കുന്നു.

| | | |
|---|---|---|
| Budget | : | 5000 |
| Duration | : | 1 day |
| Venue | : | School Hall |
| Date | : | 2025 February 15 |
| Teachers in charge | : | Safeeda |

# ലോക ഉറുദു ദിനം (ഗസൽവിരുന്ന്)

ലോക ഉറുദു ദിനത്തോടനുബന്ധിച്ച് കുട്ടികൾക്ക് ഗസൽ വിരുന്ന് സംഘടിപ്പിക്കുന്നു.

## Expected Outcome

- സംഗീതരംഗത്ത് (ഗസൽ) ഉറുദുഭാഷയുടെ സംഭാവനകൾ കുട്ടികൾ പരിചയപ്പെടുന്നു.
- ഉറുദു ഭാഷയുടെ സൗന്ദര്യം കുട്ടികൾ മനസ്സിലാക്കുന്നു.
- കലോത്സവങ്ങളിൽ ഗസൽ മത്സരങ്ങളിൽ സ്കൂളിലെ കുട്ടികൾ മികച്ച അവസരങ്ങൾ നേടിയെടുക്കുന്നു.

- **Process**

- ലോക പ്രശസ്ത ഉറുദുകവി അല്ലാമാ ഇഖ്ബാലിന്റെ ഓർമ്മദിനത്തിൽ ഉറുദുഭാഷയിൽ ഏറ്റവും ജനപ്രീതി നേടിയ ഗസൽ കുട്ടികൾക്ക് ആസ്വാദകരമാവും രൂപത്തിൽ സ്കൂളിൽ അവതരിപ്പിക്കുന്നു.
- തെരഞ്ഞെടുത്ത സ്കൂൾ കുട്ടികളെയും പൂർവ്വ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി സ്കൂൾ ഹാളിൽ 2 മണിക്കൂർ പരിപാടി സംഘടിപ്പിക്കുന്നു. ഉറുദു പഠിക്കുന്ന കുട്ടികൾക്ക് മുഴുവൻ ആസ്വദിക്കാൻ അവസരം നൽകുന്നു.

| | | |
|---|---|---|
| Budget | : | 5000 |
| Duration | : | 1 Day |
| Venue | : | School Hall |
| Date | : | November 5 |
| Teachers in charge | : | Safeeda |

# ഇംഗ്ലീഷ്

# സ്പീക്കേഴ്സ് ഫോറം

പബ്ലിക് സ്പീക്കിനുള്ള കുട്ടികളുടെ ശേഷി വർദ്ധിപ്പിക്കാനായി ഇംഗ്ലീഷ് ക്ലബിന്റെ ആഭിമുഖ്യത്തിൽ സ്പീക്കേഴ്സ് ഫോറം രൂപീകരിക്കുന്നു.

## Expected Outcome

- കുട്ടികളുടെ സഭാകമ്പം മാറി പൊതുവേദികളെ അഭിസംബോധന ചെയ്തു സംസാരിക്കുന്നു.
- മനസ്സിലുള്ള ആശയങ്ങൾ ചോർന്നുപോകാതെ കൃത്യമായി അവതരിപ്പിക്കാനുള്ള ശേഷി കൈവരിക്കുന്നു.
- പ്രസംഗത്തിന്റെ ഘടന മനസ്സിലാക്കി അവതരിപ്പിക്കാനുള്ള കഴിവ് ആർജ്ജിക്കുന്നു.
- കുട്ടികളുടെ ആത്മവിശ്വാം ഉയരുന്നു.
- നല്ല ആശയവിനിമയ പാടവം ആർജ്ജിക്കുക വഴി കുട്ടികളിലെ ലീഡർഷിപ്പ് ക്വാളിറ്റി വർദ്ധിപ്പിക്കുന്നു.
- സ്കൂൾ യുവജനോത്സവങ്ങളിൽ പ്രസംഗമത്സരങ്ങളിൽ പങ്കെടുക്കാൻ പ്രാപ്തരായ കുട്ടികളെ വാർത്തെടുക്കുന്നു.

## Process

ജൂൺ മൂന്നാം വാരത്തിൽ ഹൈസ്കൂൾ ക്ലാസ്സുകളിൽ നിന്നായി 30 കുട്ടികളെ കണ്ടെത്തി സ്പീക്കേഴ്സ് ഫോറത്തിൽ അംഗങ്ങളാക്കുന്നു. 05.07.2025 ശനി കുട്ടികൾക്കായി ഒരു Effective Public Speaking വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു. തുടർന്നുള്ള എല്ലാ മാസത്തിലെയും ആദ്യ ശനിയാഴ്ചകളിൽ സ്കൂളിൽ വച്ച് രാവിലെ 9.30 മുതൽ 12.30 വരെ സ്പീക്കേഴ്സ് ഫോറം ചേരുന്നു. മുൻകൂട്ടി നൽകിയതോ തത്സമയം നൽകിയതോ ആയ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി കുട്ടികൾക്ക് 3 മിനിറ്റ് നേരം സംസാരിക്കാനുള്ള അവസരം നൽകുന്നു. ഓരോ പ്രസംഗ അവതരണത്തിന് ശേഷവും കുട്ടികൾക്ക് തത്സമയം പോസിറ്റീവ് ഫീഡ്ബാക്ക് നൽകി കുട്ടികളുടെ പ്രസംഗ നിലവാരം മെച്ചപ്പെടുത്തിവരുന്നു. സ്പീക്കേഴ്സ് ഫോറത്തിലെ അംഗങ്ങളിൽ ഒരാൾക്ക് വീതം സ്കൂൾ അസംബ്ലിയിൽ സംസാരിക്കാനുള്ള അവസരം നൽകുന്നു.

| | | |
|---|---|---|
| Budget | : | 2000 |
| Duration | : | One Academic Year (June-February) |
| Date | : | 05.07.2025 |
| Venue | : | School Hall |
| No. of students involved | : | 30 |
| Teachers in charge | : | Deepthi Krishna, Santhosh P.C |

# തപാൽ ദിനാഘോഷം

ലോക തപാൽദിനത്തോടനുബന്ധിച്ച് കുട്ടികൾ അവർക്ക് ഏറ്റവും പ്രിയപ്പെട്ട അധ്യാപകന്/അധ്യാപികക്ക്/കൂട്ടുകാരന്/കൂട്ടുകാരിക്ക് ഇംഗ്ലീഷിൽ കത്തെഴുതുന്നു. അത് പോസ്റ്റ് ചെയ്യുന്നു.

## Expected Outcome

- പഠനപ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടി ആർജ്ജിച്ചെടുത്ത ഇംഗ്ലീഷിൽ കത്തെഴുതാനുള്ള കഴിവിനെ കുട്ടി യഥാർത്ഥ ജീവിതത്തിൽ പ്രായോഗികവത്ക്കരിക്കുന്നു.
- പണ്ട് കാലത്ത് ആശയവിനിമയത്തിന് പ്രധാനമായും ഉപയോഗിച്ചുവന്നിരുന്ന കത്തെഴുത്തിനെ പുതിയ തലമുറയിലെ (ന്യൂ ജെൻ) കുട്ടികൾക്ക് പരിചയപ്പെടാൻ അവസരം ലഭിക്കുന്നു.
- തപാൽ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കുട്ടികൾക്ക് ധാരണ ലഭിക്കുന്നു.

## Process

ഒക്ടോബർ മാസം ആദ്യപ്രവൃത്തിദിനത്തിൽ, ഒക്ടോബർ 9 ലോകതപാൽ ദിനമാണെന്നും ഒരു കാലത്ത് തപാൽ വകുപ്പിനും കത്തുകൾക്കും എത്രത്തോളം പ്രാധാന്യം ഉണ്ടായിരുന്നു എന്നുമുള്ള ഒരു ചർച്ച ടീച്ചർ ക്ലാസ്സിൽ നടത്തുന്നു. പഠന പ്രവർത്തനത്തിൽ ആർജിച്ചെടുത്ത കത്തെഴുതാനുള്ള കഴിവിനെ പ്രയോഗവത്ക്കരിക്കാനുള്ള അവസരത്തെക്കുറിച്ച് ടീച്ചർ കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നു. എല്ലാവരോടും അവർക്ക് ഏറ്റവും അടുത്തുള്ള പോസ്റ്റ് ഓഫീസിൽ പോയി ഒരു ഇൻലന്റ് ലെറ്റർ/പോസ്റ്റ് കാർഡ് ഒക്ടോബർ 6 നുള്ളിൽ വാങ്ങിച്ചുവരാൻ പറയുന്നു. ഇൻലിന്റ് ലെറ്ററിന്റെ ഏതുഭാഗത്ത് കത്ത് എഴുതണം എന്നും അഡ്രസ്സ് എവിടെ എഴുതണം എന്നും ക്ലാസ്സിൽ വച്ച് പരിചയപ്പെടുത്തുന്നു. ഇൻലന്റ്/പോസ്റ്റ് കാർഡ് എന്നിവയിലോ സാധാരണ രീതിയിൽ പേപ്പറിൽ കത്തെഴുതി കവറിലിട്ട് സ്റ്റാമ്പ് ഒട്ടിച്ച് പോസ്റ്റ് ചെയ്യുന്ന രീതിയിൽ ഏതും ആവാമെന്നുള്ള നിർദ്ദേശം നൽകുന്നു. ലോകതപാൽ ദിനമായ ഒക്ടോബർ 9ന് കുട്ടികൾ പോസ്റ്റ് ബോക്സിൽ കത്തുകൾ നിക്ഷേപിക്കുന്നു. (തങ്ങൾ എഴുതിയ കത്തിന് കുട്ടികൾ മറുപടി അയക്കുന്നു.)

| | | |
|---|---|---|
| Budget | : | Nil |
| Duration | : | 3 days (October 1, 6 & 9) |
| Date | : | 2025 October 1, 6 & 9 |
| Venue | : | All English Class rooms |
| No. of students involved | : | All students |
| Teachers in charge | : | All English Teachers |

# ഇംഗ്ലീഷ് ഫെസ്റ്റ് (സ്കൂൾ കലോത്സവത്തിന്റെ ഇംഗ്ലീഷ് പതിപ്പ്)

വിദ്യാർത്ഥികൾക്കിടയിൽ ഇംഗ്ലീഷ് ഭാഷാ പഠനം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സ്കൂൾ കലോത്സവ മാതൃകയിൽ സംഘടിപ്പിക്കുന്ന ഒരു ഏകദിന പരിപാടിയാണ് ഇംഗ്ലീഷ് ഫെസ്റ്റ്.

## Expected Outcome

- ഇംഗ്ലീഷ് ഭാഷയിലുള്ള വിവിധ കലാപരിപാടികൾ അവതരിപ്പിക്കാൻ കുട്ടിക്ക് അവസരം ലഭിക്കുന്നു.
- സ്കൂൾ കലോത്സവത്തിൽ ഉൾപ്പെടുത്താത്ത വൈവിധ്യമാർന്ന ഇംഗ്ലീഷ് ഭാഷയിലുള്ള മത്സര ഇനങ്ങൾ അവതരിപ്പിക്കുന്നത് വഴി ഭാഷയിലുള്ള കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിക്കുന്നു.
- പൊതുവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് ഭാഷാ പഠനമികവ് പൊതുജനങ്ങളിൽ എത്തിക്കാൻ സാധിക്കുന്നു.

## Process

ജൂലൈ രണ്ടാം ആഴ്ചയിലെ ആദ്യ പ്രവർത്തിദിനം മുതൽ 5 മുതൽ 10 വരെയുള്ള എല്ലാ ക്ലാസിലെയും ഇംഗ്ലീഷ് ടീച്ചേഴ്സ് ഇംഗ്ലീഷ് ഫെസ്റ്റിലെ മത്സര ഇനങ്ങളെക്കുറിച്ച് കുട്ടികളെ പരിചയപ്പെടുത്തുന്നു. രജിസ്ട്രേഷൻ സമയം: ജൂലൈ 15 – ജൂലൈ 22

ഓണം വെക്കേഷൻ സമയത്ത് മത്സര ഇനങ്ങൾ പ്രാക്ടീസ് ചെയ്യണമെന്ന് കുട്ടികളെ അറിയിക്കുന്നു. ഓണം അവധിക്കുശേഷം വരുന്ന ആദ്യത്തെ ശനിയാഴ്ച ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുന്നു. ഉദ്ഘാടകനായി ഇംഗ്ലീഷ് ഭാഷാവിദഗ്ധനായ ഒരാളെ ക്ഷണിക്കുന്നു. പങ്കെടുക്കുന്ന മുഴുവൻ കുട്ടികൾക്കും സർട്ടിഫിക്കറ്റ് നൽകുന്നു.

| | | |
|---|---|---|
| മത്സരങ്ങൾ | : | Skit, Group song, Be the character,<br>Tongue Twisters,<br>Choral Reading, Poem Recitation |
| Budget | : | 10000 |
| Duration | : | 1 Day |
| Date | : | 10 September 2025 |
| Venue | : | School Hall |
| No. of students involved | : | As per Registration |
| Teachers in charge | : | Jyothish Krishna, Sujith Kumar |

# TALK IN TWO MINUTES

എല്ലാ ദിവസവും ഇംഗ്ലീഷ് പീരീഡിന്റെ തുടക്കത്തിൽ ഒരു കുട്ടിക്ക് രണ്ടു മിനിറ്റ് ഇംഗ്ലീഷിൽ സംസാരിക്കാൻ അവസരം ലഭിക്കുന്നു.

## Expected Outcome

- കുട്ടികൾക്ക് ഇംഗ്ലീഷ് സംസാരിക്കാൻ അവസരം ലഭിക്കുന്നു.
- സഭാകമ്പം ഇല്ലാതെയാക്കി കുട്ടിയുടെ മനസ്സിലുള്ള ആശയം ഇംഗ്ലീഷിൽ അവതരിപ്പിക്കാനുള്ള ശേഷി കൈവരിക്കുന്നു.

## Process

ആദ്യഘട്ടത്തിൽ ഒരു പിരിയഡിൽ ഒരു കുട്ടി എന്ന രീതിയിൽ റോൾ നമ്പർ ക്രമത്തിൽ ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് പീരിയഡിന്റെ തുടക്കത്തിൽ രണ്ട് മിനിറ്റ് വീതം ഇംഗ്ലീഷിൽ ഒരു ചെറിയ പ്രസംഗം നടത്താൻ അവസരം നൽകുന്നു. ആദ്യഘട്ടത്തിലെ പ്രസംഗത്തിൽ കുട്ടികൾക്ക് മുൻകൂട്ടി പഠിച്ചുവന്ന പ്രസംഗം അവതരിപ്പിക്കാൻ അവസരം നൽകുന്നു. രണ്ടാം ഘട്ടത്തിൽ കുട്ടികൾക്ക് പ്രസംഗം നടത്തുന്നതിന്റെ മൂന്ന് മിനിറ്റ് മുമ്പ് വളരെ എളുപ്പമുള്ള വിഷയം നൽകുന്നു.

| | | |
|---|---|---|
| Budget | : | Nil |
| Duration | : | One Academic Year |
| Date | : | June 6 Starting |
| No. of students involved | : | All Students |
| Teachers in charge | : | All English Teachers |

# WAP (Word Acquisition Programme)

കുട്ടികളെ ഇംഗ്ലീഷ് വാക്കുകളുടെ അർത്ഥവും സ്പെല്ലിംഗും പഠിക്കാൻ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി നടത്തപ്പെടുന്ന രസകരമായ ഒരു മത്സരം ആണ് സ്പെൽ ബി.

## Expected Outcome

- കുട്ടികൾ ഇംഗ്ലീഷ് വാക്കുകൾ സ്പെല്ലിംഗും അർത്ഥവും സഹിതം പഠിക്കാൻ താൽപര്യം കാണിക്കുന്നു.
- കുട്ടികളുടെ പദസമ്പത്ത് (Vocabulary) വർദ്ധിക്കുന്നു.

## Process

### ഘട്ടം ഒന്ന് (ക്ലാസ്സ് തലം)

8 മുതൽ 10 വരെയുള്ള എല്ലാ ക്ലാസ്സിലെയും ഇംഗ്ലീഷ് അധ്യാപകർ ഓരോ അധ്യായം കഴിയുമ്പോഴും ആ പാഠത്തിലെ വാക്കുകളെ അടിസ്ഥാനമാക്കി കേട്ടെഴുത്ത് നടത്തുന്നു. വിജയിയെ/വിജയികളെ ക്ലാസിൽ അഭിനന്ദിക്കുന്നു. ഒരു യൂണിറ്റ് പൂർത്തിയാവുന്ന സമയത്ത് ആ യൂണിറ്റിലെ എല്ലാ ചാപ്റ്ററുകളെയും അടിസ്ഥാനമാക്കി ക്ലാസ്സിൽ വീണ്ടും മത്സരം നടത്തുന്നു. ഈ മത്സരത്തിൽ ഒന്നിൽ കൂടുതൽ കുട്ടികൾ ഒരു ക്ലാസ്സിൽ ഒരേ സ്കോർ നേടി വിജയിച്ചാൽ അവർക്ക് മാത്രമായി ആ യൂണിറ്റിന് പുറമെയുള്ള വാക്കുകൾ കൂടി ഉൾപ്പെടുത്തി അതിലെ ഒരു വിജയിയെ കണ്ടെത്തുന്നു.

### ഘട്ടം രണ്ട് (സ്റ്റാൻഡേർഡ് തലം)

രണ്ടാം ഘട്ടത്തിൽ ഓരോ സ്റ്റാൻഡേർഡിലെയും എല്ലാ ഡിവിഷനിലെയും കുട്ടികളെ ഉൾപ്പെടുത്തി Standard wise മത്സരം നടത്തുന്നു. ഇന്റർനാഷണൽ സ്പെൽ ബീ കോമ്പറ്റീഷൻ മാതൃകയിൽ മാസത്തിൽ ഒരു മത്സരമായിരിക്കും ഇത്. മുഴുവൻ ക്ലാസ്സിലെയും ഒന്നാം യൂണിറ്റ് കഴിഞ്ഞ് ക്ലാസ്സ് തല മത്സരം പൂർത്തിയായ ശേഷം വരുന്ന ആഴ്ചയിലെ തിങ്കൾ മുതൽ അടുത്ത തിങ്കൾ വരെയുള്ള ആറു പ്രവർത്തി ദിനങ്ങളിൽ ആണ് സ്റ്റാൻഡേർഡ് തല മത്സരം നടത്തപ്പെടുന്നത്. ഓരോ പ്രവർത്തി ദിനങ്ങളിലും ഒരു ദിവസം ഒരു സ്റ്റാൻഡേർഡ് എന്ന ക്രമത്തിലാണ് മത്സരം നടത്തുക. സ്കൂൾ ഹാളിൽ വച്ച് നടത്തപ്പെടുന്ന ഈ മത്സരത്തിലെ വിജയികൾക്ക് സമ്മാനം നൽകുന്നു.

### ഘട്ടം മൂന്ന് (സ്കൂൾതല MEGA WAP ഗ്രാന്റ് ഫിനാലെ)

2026 ജനുവരി 11 (രണ്ടാം ശനിയാഴ്ച) നാണ് MEGA WAP-ഗ്രാന്റ് ഫിനാലെ സംഘടിപ്പിക്കുന്നത്. ഇതിൽ വ്യത്യസ്ത സ്റ്റാന്റേർഡിൽ പഠിക്കുന്ന കുട്ടികൾ ഉൾപ്പെട്ടിരിക്കുന്നതിനാൽ ഓരോ മത്സരാർത്ഥിക്കും നൽകുന്ന വാക്കുകളിൽ 50 ആ സ്റ്റാൻഡേർഡിലെ ചോദ്യങ്ങളായിരിക്കും ചോദിക്കുക. ബാക്കി 50 വാക്കുകൾ ജനറൽ (ബുക്കിൽ നിന്നുള്ളതിന് പുറമെയുള്ളവ) ആയിട്ടുള്ളവയാണ് ചോദിക്കുക. വിജയികൾക്ക് മെമന്റോ സമ്മാനം നൽകുന്നു.

| | | |
|---|---|---|
| Budget | : | 1500 |
| Duration | : | One Academic Year |
| Date | : | 11.01.2026 (Grand Finale) |
| No. of student involved | : | All students (Class level) |
| Teachers in charge | : | All English Teachers |

# ഹിന്ദി

# ഹിന്ദി വായനാപ്രക്രിയ

തുടർച്ചയായി വായിപ്പിച്ചു കുട്ടികളിൽ ഹിന്ദി ഭാഷ വായിക്കാനുള്ള ശേഷി വളർത്തുന്ന പ്രക്രിയ.

## Expected Outcome

- കുട്ടികൾ തെറ്റ് കൂടാതെ ഹിന്ദി ഭാഷ വായിക്കുന്നു.
- ഹിന്ദി പഠനത്തിലേക്ക് കുട്ടികൾ ആകർഷിക്കപ്പെടുന്നു.

## Process

ഒന്നാംഘട്ടത്തിൽ ജൂൺമാസം മുതൽ ഫെബ്രുവരിമാസം വരെ നിരന്തരം ഹിന്ദി പുസ്തകങ്ങൾ വായിച്ചു കേൾപ്പിച്ചും ഐ.സി.ടി.യുടെ സഹായത്തോടുകൂടി ചെറിയ കാർട്ടൂണുകൾ പ്രദർശിപ്പിച്ചു കാണിച്ചും നിരന്തരമായി കുട്ടികളെ വായിപ്പിച്ചും ഹിന്ദി ഭാഷ വായിക്കാനുള്ള താൽപര്യം കുട്ടികളിൽ ഉണ്ടാക്കുന്നു. ജൂലൈ ആദ്യവാരം എല്ലാ ക്ലാസ്സിൽ നിന്നും മികച്ച കുറച്ചു കുട്ടികളെ കണ്ടെത്തുന്നു.

രണ്ടാം ഘട്ടത്തിൽ തിരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ നേതൃത്വത്തിൽ ഓരോ ക്ലാസിലും ഗ്രൂപ്പുകൾ ഉണ്ടാക്കുന്നു. ഓരോ ആഴ്ചയിലും വായനാമത്സരം നടത്തി മികച്ച വായന ടീമിനെ തിരഞ്ഞെടുക്കുന്നു. കൂടാതെ ഏറ്റവും നന്നായി വായിക്കുന്ന കുട്ടിക്ക് ബെസ്റ്റ് റീഡർ ബാഡ്ജ് നൽകുന്നു.

(Note: ടീമുകൾക്ക് ഹിന്ദി നാമങ്ങൾ നൽകി ചാർട്ടിൽ എഴുതുകയും, ക്ലാസ്സ് റൂമിൽ പ്രദർശിപ്പിച്ച് അതിൽ ഗ്രൂപ്പുകളുടെ മികവ് അനുസരിച്ച് വ്യത്യസ്ത പോയിന്റുകൾ നൽകി മത്സരം ആവേശകരമാക്കാൻ ടീച്ചർ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്)

| | | |
|---|---|---|
| Budget | : | 2000 |
| Duration | : | One academic year |
| Date | : | From June 1st week |
| Venue | : | Class room |
| No. of students involved | : | All students |
| Teachers in charge | : | All Hindi teachers |

# സുരീലിവാണി - ഒരു ഹിന്ദി എഫ്എം റേഡിയോ

വാർത്തകൾ ഹിന്ദിയിൽ കുട്ടികളെ കേൾപ്പിക്കാൻ രൂപീകരിച്ചിരിക്കുന്ന റേഡിയോ.

## Expected Outcome

- ഹിന്ദി ഭാഷയോടുള്ള താൽപ്പര്യം വർദ്ധിക്കുന്നു.
- പ്രധാന വാർത്തകൾ മറ്റു ഭാഷകളോടൊപ്പം തന്നെ ഹിന്ദിയിലും കേൾക്കാൻ സാധിക്കുന്നു.
- സ്കൂൾ വാർത്തകളും ഉൾപ്പെടുത്തുന്നു.
- കുട്ടികളിൽ പദ ആശയ സമ്പത്ത് വർദ്ധിക്കുന്നു.

## Process

ജൂൺ മാസം മുതൽ ഫെബ്രുവരി വരെ എല്ലാ രണ്ടാം തിങ്കളാഴ്ചയും സ്കൂൾ വാർത്തകളും പൊതു വാർത്തകളും ഉൾപ്പെടുത്തിക്കൊണ്ട് ഉച്ചക്ക് 1.45 മുതൽ 1.50 വരെ ഹിന്ദി വാണി മുഴുവൻ കുട്ടികളെയും കേൾപ്പിക്കുന്നു. ക്ലാസ്സ് റൂമുകളിലെ ഉച്ചഭാഷിണി ഉപയോഗപ്പെടുത്തിക്കൊണ്ടാണ് വാർത്താ അവതരണം നടത്തുന്നത്.

| | | |
|---|---|---|
| Budget | : | Nil |
| Duration | : | One academic year |
| Date | : | 2nd Monday of every month |
| Venue | : | School FM studio |
| No. of students involved | : | All interested students |
| Teachers in charge | : | Dilshad Khan V |

# ഹിന്ദി അസംബ്ലി

ഹിന്ദി ഭാഷയിൽ അസംബ്ലി അവതരിപ്പിക്കൽ

## Expected Outcome

- പൊതുവേദിയിൽ ഹിന്ദിഭാഷയിൽ സംസാരിക്കാനുള്ള താൽപര്യം കുട്ടികളിൽ ഉണ്ടാകുന്നു.

## Process

8, 9, 10 ക്ലാസ്സുകൾക്ക് യഥാക്രമം ജൂൺ ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ ഹിന്ദി അസംബ്ലി നടത്തുന്നു. അടുത്ത മാസങ്ങളിൽ വീണ്ടും ഇത് തുടരുന്നു. ഇതിലൂടെ മുഴുവൻ കുട്ടികൾക്കും ഹിന്ദി അസംബ്ലി പരിചയപ്പെടാൻ സാധിക്കുന്നു. ഇത് കൂടാതെ ഹിന്ദി ദിനത്തിൽ നടത്തുന്ന ഹിന്ദി കലോത്സവം തുടങ്ങുന്നത് ഹിന്ദി ക്ലബ്ബിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളിച്ചു നടത്തുന്ന ഹിന്ദി അസംബ്ലിയിലൂടെയാണ്.

| | | |
|---|---|---|
| Budget | : | Nil |
| Duration | : | One academic Year |
| Date | : | June 28, July 26, August 23 |
| Venue | : | School Ground |
| No. of students involved | : | All students |
| Teachers in charge | : | Mani Raj P |

# ആജ്തക് - ഒരു ഹിന്ദിപത്രം

നമ്മുടെ വിദ്യാലയത്തിലെ വാർത്തകൾ ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കുന്ന ഒരു ഹിന്ദി പത്രം

## Expected Outcome

- കണ്ടതും കേട്ടതുമായ വാർത്തകൾ കുട്ടികൾക്ക് വായിക്കാൻ സാധിക്കുന്നു.
- അതുവഴി കുട്ടികൾക്ക് പുതിയ ആശയങ്ങളും പദങ്ങളും മനസ്സിലാക്കാൻ സാധിക്കുന്നു.

## Process

ജൂൺ മുതൽ ജനുവരി വരെയുള്ള കാലയളവിൽ നമ്മുടെ വിദ്യാലയത്തിലെ പ്രധാന വാർത്തകളും ചിത്രങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് നിർമ്മിച്ച ഹിന്ദി പത്രം, ഹിന്ദി ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു.

| | | |
|---|---|---|
| Budget | : | 500 |
| Duration | : | One academic year |
| Date | : | January |
| Venue | : | School Notice Board |
| No. of students involved | : | 25 |
| Teachers in charge | : | Dilshad Khan V |

# ദിനാചരണങ്ങൾ

ദിനാചരണങ്ങൾ സംബന്ധിച്ച് സന്ദേശങ്ങൾ നൽകൽ.

## Expected Outcome

- ഓരോ ദിനാചരണങ്ങൾ സംബന്ധിച്ച് കുട്ടികൾക്ക് ഹിന്ദി ഭാഷയിൽ മനസ്സിലാക്കാൻ സാധിക്കുന്നു.
- കലോത്സവത്തിൽ പങ്കെടുക്കാനുള്ള കുട്ടികളെ കണ്ടെത്താൻ കഴിയുന്നു.

## Process

ജൂൺ മാസം മുതൽ ജനുവരി മാസം വരെയുള്ള കാലയളവിൽ വരുന്ന ദിനാചരണങ്ങളുമായി സംബന്ധിച്ചുള്ള പോസ്റ്ററുകളും രചനകളും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. സ്കൂൾ കലോത്സവത്തിലെ ഹിന്ദി ഓഫ് സ്റ്റേജ് മത്സരങ്ങൾ ജൂലൈ 31 – പ്രേംചന്ദ് ദിനത്തിൽ അവസാനിക്കുന്ന തരത്തിൽ ആയിരിക്കും.

**ദിനാചരണങ്ങൾ**

| | |
|---|---|
| ജൂൺ 5 | – പരിസ്ഥിതിദിനം |
| ജൂൺ 19 | – വായനാദിനം |
| ജൂലൈ 31 | – പ്രേംചന്ദ് ദിനം |
| സെപ്റ്റംബർ 5 | – ടീച്ചേഴ്സ് ഡേ |
| നവംബർ 14 | – ചിൽഡ്രൻസ് ഡേ |

| | | |
|---|---|---|
| Budget | : | 500 |
| Duration | : | One academic year |
| Date | : | June 5 |
| Venue | : | School Notice Board & Hall |
| No. of students involved | : | All students |
| Teachers in charge | : | All Hindi Teachers |

# ഹിന്ദി നിഘണ്ടു നിർമ്മാണം

കുട്ടികളിൽ ഹിന്ദി പദസമ്പത്ത് വർദ്ധിപ്പിക്കാനുള്ള ഒരു പ്രവർത്തനം.

## Expected Outcome

- ഹിന്ദി പഠനത്തിലേക്ക് കുട്ടികൾ ആകർഷിക്കപ്പെടുന്നു.
- പുതിയ ഹിന്ദി പദസമ്പത്ത് ആർജ്ജിച്ചെടുക്കുവാനുള്ള ത്വരത കുട്ടികളിൽ ഉണ്ടാവുന്നു.

## Process

ഒന്നാംഘട്ടത്തിൽ ജൂൺ മാസം മുതൽ ഫെബ്രുവരി മാസം വരെയുള്ള കാലയളവിൽ ഓരോ ക്ലാസ്സിലെയും എല്ലാ കുട്ടികളും ഓരോ യൂണിറ്റും കഴിയുമ്പോൾ പാഠങ്ങളുമായി ബന്ധപ്പെട്ട എല്ലാ വാക്കുകളും അക്ഷരമാല ക്രമത്തിൽ എഴുതി ഹിന്ദി നിഘണ്ടു തയ്യാറാക്കി ഹിന്ദി ടീച്ചറെ കാണിക്കുന്നു. ശേഷം ഓരോ Term End സമയത്തും പദപ്പയറ്റ് മത്സരം നടത്തി വിജയിയെ കണ്ടെത്തി Best Hindi Student ബാഡ്ജ് നൽകുന്നു.

അടുത്ത ഘട്ടത്തിൽ ഹിന്ദി ദിനത്തോടനുബന്ധിച്ച് ഹിന്ദി പദപ്പയറ്റ് മത്സരം സ്കൂൾ തലത്തിൽ നടത്തി മെമന്റോ നൽകുന്നു.

അവസാനഘട്ടത്തിൽ ഫെബ്രുവരി അവസാനവാരം എല്ലാ യൂണിറ്റിലെയും വാക്കുകൾ ഉൾപ്പെടുത്തി നിഘണ്ടു തയ്യാറാക്കി പ്രകാശനം ചെയ്യുന്നതാണ്.

| | | |
|---|---|---|
| Budget | : | 2000 |
| Duration | : | One academic year |
| Date | : | July 31 (starting date) |
| | | Feb 15 - നിഘണ്ടു പ്രകാശനം |
| Venue | : | Class rooms |
| No. of students involved | : | All students |
| Teachers in charge | : | Kadheeja |

# ഹിന്ദി സംഭാഷണം

ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് കുട്ടികളിൽ വളർത്താനുള്ള പ്രക്രിയ.

## Expected Outcome

- നിത്യജീവിതത്തിൽ സംസാരിക്കുന്നവ ഹിന്ദി ഭാഷയിൽ സംസാരിക്കാൻ സാധിക്കുന്നു.
- പുതിയ വാക്കുകളും ആശയങ്ങളും കുട്ടികളിലേക്ക് വേരുന്നുന്നു.
- കുട്ടികളുടെ പദസമ്പത്ത് വർദ്ധിക്കുന്നു

## Process

ഒന്നാം ഘട്ടത്തിൽ ഹിന്ദി പീരിയഡുകളിൽ ആശയവിനിമയം ഹിന്ദിയിൽ ആക്കും. ഇത് തെറ്റിക്കുന്ന കുട്ടികൾ തൊട്ടടുത്ത ദിവസം ഏതെങ്കിലും ഒരു വിഷയം ക്ലാസ്സ് മുറിയിൽ അവതരിപ്പിക്കേണ്ടതാണ്. അവസാനഘട്ടത്തിൽ ഹിന്ദി കലോത്സവത്തിൽ സംഭാഷണ മത്സരം നടത്തും. പങ്കെടുക്കുന്ന കുട്ടികൾക്ക് ഒരു വിഷയം കൊടുക്കും. അവതരിപ്പിക്കേണ്ട കഥാപാത്രങ്ങളെ നറുക്കെടുത്തു അവതരിപ്പിക്കണം. ഏറ്റവും ഭംഗിയിൽ ഹിന്ദി കൈകാര്യം ചെയ്യുന്ന കുട്ടികൾക്ക് മെമന്റോ നൽകും.

| | | |
|---|---|---|
| Budget | : | 500 |
| Duration | : | One academic year |
| Begins | : | June 27 |
| Venue | : | Class Rooms |
| No. of students involved | : | All students |
| Teachers in charge | : | All Hindi Teachers |

# ഹിന്ദി ഡയറി എഴുത്ത്

കുട്ടികൾക്ക് ഹിന്ദി ഡയറി എഴുത്തിൽ നൈപുണ്യം നേടിയെടുക്കാനുള്ള ഒരു പ്രവർത്തനം.

## Expected Outcome

- കുട്ടികൾക്ക് ഡയറി എഴുതാനുള്ള നൈപുണ്യം നേടിയെടുക്കുന്നു.
- ഹിന്ദി പഠനത്തിലേക്ക് കുട്ടികൾ ആകർഷിക്കപ്പെടുന്നു.
- കുട്ടികളിൽ പുതിയ ഹിന്ദി പദസമ്പത്ത് ആർജ്ജിച്ചെടുക്കാവാനുള്ള ത്വര ഉണ്ടാകുന്നു.

## Process

ഒന്നാം ഘട്ടത്തിൽ ജൂൺ മാസം മുതൽ ഫെബ്രുവരി മാസം വരെ ഉള്ള കാലയളവിൽ ഓരോ ക്ലാസ്സിലെയും എല്ലാ കുട്ടികളും തന്റെ ഓരോ ആഴ്ചയിലെയും ജീവിതാനുഭവങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഹിന്ദിയിൽ ഡയറി എഴുതി തയ്യാറാക്കി ഹിന്ദിടീച്ചറെ കാണിക്കുന്നു. അവയിൽ മികച്ച കുട്ടികൾക്ക് ടീച്ചർ Best Hindi Diary Writer ബാഡ്ജ് നൽകി പ്രോത്സാഹിപ്പിക്കുന്നു.

രണ്ടാം ഘട്ടത്തിൽ പ്രേംചന്ദ് ദിനത്തോടനുബന്ധിച്ച് ഡയറി എഴുത്ത് മത്സരം നടത്തി മെമന്റോ കൊടുക്കുന്നു.

| | | |
|---|---|---|
| Budget | : | 2000 |
| Duration | : | One academic year |
| Date | : | 2024 July 31 |
| Venue | : | Class Room |
| No. of students involved | : | All students |
| Teachers in charge | : | All Hindi Teacher |

# ഹിന്ദി കലോത്സവം

വിദ്യാർത്ഥികൾക്കിടയിൽ ഹിന്ദി ഭാഷാ പഠനം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സ്കൂൾ കലോത്സമാതൃകയിൽ ഹിന്ദി ദിനത്തിൽ സംഘടിപ്പിക്കുന്ന പരിപാടിയാണ് ഹിന്ദി കലോത്സവം.

## Expected Outcome

- കുട്ടികൾക്ക് ഹിന്ദി ഭാഷയിൽ അവരുടെ കഴിവുകൾ പ്രദർശിപ്പിക്കാനുള്ള അവസരം ലഭിക്കുന്നു.
- കുട്ടികളുടെ രചിക്കാനുള്ള കഴിവിനെ പരിപോഷിപ്പിക്കുന്നു.

## Process

ജൂൺ തുടക്കത്തിൽ രൂപീകരിച്ച ഹിന്ദി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ജൂൺ അവസാന ആഴ്ചയിൽ തന്നെ എല്ലാ ഹിന്ദി അധ്യാപകരും സെപ്റ്റംബർ 14 ഹിന്ദി ദിനത്തിൽ ഹിന്ദി കലോത്സവം നടക്കുമെന്നറിയിപ്പ് നൽകുകയും മത്സര ഇനങ്ങളെ പരിചയപ്പെടുത്തുകയും ചെയ്യുന്നു.

ഹിന്ദി അസംബ്ലി കൊണ്ട് ആരംഭിക്കുന്ന ഹിന്ദി കലോത്സവത്തിന്റെ മത്സര ഇനങ്ങൾ ഹിന്ദി നാടകം, ഹിന്ദി പദപ്പയറ്റ്, ഹിന്ദി സംഭാഷണ മത്സരം, ഹിന്ദി കവിതാലാപനം, ഹിന്ദി പ്രഭാഷണം, ഹിന്ദി സംഘഗാനം, ഹിന്ദി സിനിമാ ഗാനം, ആക്ഷൻ ഗാനം എന്നിവ.

| | | |
|---|---|---|
| Budget | : | 5000 |
| Date | : | 2025 September 14 |
| Venue | : | School Hall |
| No. of student involved | : | Hindi Club Members |
| Teachers in charge | : | All Hindi Teachers |

# സോഷ്യൽ സയൻസ്

# സ്കൂൾ പാർലമെന്റ്

തിരഞ്ഞെടുപ്പ് നടത്തി സ്കൂൾ പാർലമെന്റ് രൂപീകരിക്കുന്നു.

## Expected Outcome

- കുട്ടികളിൽ ജനാധിപത്യബോധം വളർത്തുന്നു.
- തിരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കെടുക്കാൻ സാധിക്കുന്നു.
- ജനാധിപത്യത്തിൽ തിരഞ്ഞെടുപ്പ് പ്രക്രിയ എങ്ങനെ നടക്കുന്നുവെന്ന് മനസ്സിലാക്കാനും അതിന്റെ പ്രാധാന്യം ഉൾക്കൊള്ളാനും സാധിക്കുന്നു.

## Process

കുട്ടികളിൽ ജനാധിപത്യബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ ക്ലാസ് തലത്തിൽ ലീഡർ തിരഞ്ഞെടുപ്പും സ്കൂൾ തലത്തിൽ സ്കൂൾ ലീഡർ തിരഞ്ഞെടുപ്പും നടത്തുന്നു. തിരഞ്ഞെടുപ്പുകൾ പൂർണമായും ഇലക്ട്രോണിക് സംവിധാനത്തിൽ ബൂത്ത് അടിസ്ഥാനത്തിൽ ഒരു കുട്ടിക്ക് രണ്ട് വോട്ട് എന്ന രീതിയിൽ നടപ്പിലാക്കുന്നു. തുടർന്ന് സ്കൂൾ പാർലമെന്റ് രൂപീകരിക്കുന്നു.

| | | |
|---|---|---|
| Budget | : | 1000 |
| Duration | : | One day |
| Date | : | June 15, 2025 |
| Venue | : | Class Room |
| No. of students involved | : | All Students |
| Teachers in charge | : | Habeeb Rahman M.P, Niyas C.H |

# സെൻസസ്

പൊൻമള പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിയും ജനങ്ങളുടെ ജീവിതനില വാരവും മനസ്സിലാക്കാൻ സെൻസസ് നടത്തുന്നു.

## Expected Outcome

- കുട്ടികളിൽ സെൻസസ് പ്രവർത്തന അവബോധം ഉണ്ടാകുന്നു.
- കുട്ടികൾക്ക് പൊതുജനങ്ങളുമായി ഇടപഴകാനും കാര്യങ്ങൾ വിലയിരുത്താനും സാധിക്കുന്നു.
- പൊതുജനങ്ങൾക്ക് സ്കൂളുമായി ബന്ധം സ്ഥാപിക്കാൻ സാധിക്കുന്നു.

## Process

ജനസംഖ്യാപഠനം എന്ന ലക്ഷ്യത്തോടെ എസ്എസ് ക്ലബിലെ അംഗങ്ങൾ പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലികൾ നൽകി ഓരോ അംഗവും പൊന്മള പഞ്ചായത്തിലെ 10 വീടുകൾ സന്ദർശിക്കുന്നു. വിവരങ്ങൾ ക്രോഡീകരിച്ച് പഞ്ചായത്തിൽ സമർപ്പിക്കുന്നു.

| | | |
|---|---|---|
| Budget | : | 2000 |
| Duration | : | One Month |
| Date | : | September 5, 2025 |
| Venue | : | Ponmala Panchayath |
| No. of students involved | : | SS Club Members |
| Teachers in charge | : | Rasheeda P.K, Rashida V.P |

# പഠനത്തോടൊപ്പം ഒരു സ്വയം തൊഴിൽ

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായുള്ള സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ പദ്ധതി.

## Expected Outcome

- ഓരോ തൊഴിലിന്റെയും മഹത്വത്തെക്കുറിച്ച് കുട്ടികൾക്ക് അറിവ് ലഭിക്കുന്നു.
- പഠനത്തോടൊപ്പം തന്നെ പഠിക്കാനുള്ള സാമ്പത്തികശേഷി ഉണ്ടാക്കിയെടുക്കുന്നു.
- വിദ്യാഭ്യാസത്തോടൊപ്പം കുട്ടികൾക്ക് ഒരു തൊഴിൽ നേടാനുള്ള പ്രാപ്തി ഉണ്ടാക്കിയെടുക്കുന്നു.
- ഒരു നിശ്ചിത തൊഴിലിൽ പ്രവർത്തിക്കാൻ ആവശ്യമായ അറിവും കഴിവും നൽകുന്നു.

## Process

പഠനത്തോടൊപ്പം സ്വയംതൊഴിൽ കണ്ടെത്തുക എന്ന് ലക്ഷ്യത്തോടുകൂടി സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ചെറിയ തോതിലുള്ള വയറിങ്, പ്ലംബിംഗ്, ഡിജിറ്റൽ പോസ്റ്റർ നിർമ്മാണം, ഡിടിപി, തുന്നൽ പരിശീലനം, ചന്ദനത്തിരി നിർമ്മാണം, കൂട നിർമ്മാണം എന്നിങ്ങനെ വിവിധ തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുകയും അതുവഴി പഠനത്തോടൊപ്പം സ്വയംതൊഴിൽ നേടാനുള്ള പ്രാപ്തി ഉണ്ടാക്കിയെടുക്കുന്നു. (ഓരോ വിഭാഗത്തിലും 25 വീതം കുട്ടികൾക്ക്)

ഒഴിവ് ദിനങ്ങളായ ശനിയാഴ്ചകളിലും പ്രവൃത്തി ദിനങ്ങളിൽ വൈകുന്നേരം ഒരു മണിക്കൂർ വീതവും പരിശീലനം നൽകുന്നു. വർഷത്തിൽ 50 മണിക്കൂർ കൊണ്ട് സാമൂഹ്യ ശാസ്ത്ര അധ്യാപകരെയും മറ്റു അധ്യാപകരെയും ഉൾപ്പെടുത്തി പരിശീലനം നൽകുന്നു. കൂടാതെ താൽപര്യമുള്ള കുട്ടികൾക്ക് വീട്ടിലെ ചെറിയ തോതിലുള്ള വയറിങ്, ബൾബ് മാറ്റിവെക്കൽ, പ്ലംബിങ്ങിൽ ഉണ്ടാവുന്ന ലീക്ക് നീക്കം ചെയ്യൽ, ടാപ്പ് മാറ്റി വെക്കൽ, ഗ്യാസ് മാറ്റിവെക്കൽ എന്നിവയെക്കുറിച്ച് പരിശീലനം നൽകുന്നു.

| | | |
|---|---|---|
| Duration | : | 1 Year |
| Budget | : | 25000 |
| Date | : | July 6 to February 4 |
| Venue | : | Class Room |
| No. of students involved | : | 50 |
| Teachers in charge | : | Niyas C.H |

# ഒരു വില്ലേജ് ദത്തെടുക്കലും സന്ദർശനവും

വിദ്യാർത്ഥികൾക്ക് ട്രൈബൽ കമ്മ്യൂണിറ്റിയെക്കുറിച്ച് നേരിട്ടറിയാനും അതുപോലെ തന്നെ നമ്മുടെ സാമൂഹിക പ്രതിബദ്ധത എന്ന നിലക്ക് ഇതേ ആദിവാസി ഊര്, സോഷ്യൽ ക്ലബ്ബ് എന്നന്നേക്കുമായി ദത്തെടുക്കുകയും ചെയ്യുന്നു.

## Expected Outcome

- ആദിവാസി ഊര് സന്ദർശിക്കുന്നതിലൂടെ കുട്ടികൾക്ക് അവരുടെ ജീവിതനിലവാരം, ഭക്ഷണരീതി, സംസ്കാരം, ആചാരാനുഷ്ഠാനങ്ങൾ, ഭാഷ, ഗോത്രം തുടങ്ങിയവയെ കുറിച്ച് നേരിട്ടറിയാൻ അവസരം ലഭിക്കുന്നു.
- ഊരിലെ മൂപ്പനുമായി വിദ്യാർത്ഥികൾ സംവദിക്കുമ്പോൾ ആ പ്രദേശത്തിന്റെ ചരിത്രം, അവരുടെ മുൻഗാമികളും അവരും വേട്ടയാടാൻ ഉപയോഗിക്കുന്ന വസ്തുക്കൾ, അതിന്റെ രീതി എന്നിവയെക്കുറിച്ച് കാണാനും മനസ്സിലാക്കാനും സാധിക്കുന്നു.
- അവിടെയുള്ള ജനങ്ങളുമായി ആശയവിനിമയം നടത്തുന്നതിനലൂടെ കുട്ടികളുടെ Character building ന് (സ്വഭാവരൂപവൽക്കരണം) സഹായിക്കുന്നു.
- ഊര് ദത്തെടുക്കുന്നതിലൂടെ ആ കമ്മ്യൂണിറ്റിയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായങ്ങൾ നൽകാനും അതിലൂടെ അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനും കഴിയുന്നു.
- വിദ്യാർത്ഥികളിൽ സഹജീവി സ്നേഹം ഉണ്ടാകാനും സാമൂഹിക ഉത്തരവാദിത്വം നിറവേറ്റാനുള്ള താൽപര്യംവും ഉടലെടുക്കുന്നു.
- ഇതൊരു ലൈഫ് ലോങ്ങ് പദ്ധതിയായതിനാൽ കുട്ടികൾക്ക് പഠന കാലശേഷവും പൂർവ്വ വിദ്യാർത്ഥി സംഘടന വഴി അവർക്ക് സഹായങ്ങൾ നൽകുന്നത് ആ പ്രദേശത്തിന്റെ സമഗ്ര വികനസത്തിലേക്ക് നയിക്കുന്നു.

## Process

ജൂൺ മാസത്തിൽ (Holidyas Preferable) 40 കുട്ടികളെ സെലക്ട് ചെയ്ത് സോഷ്യൽ സയൻസ് ടീച്ചേർസ്, പ്രധാനാധ്യാപിക, സീനിയർ അധ്യാപകർ എന്നിവരുടെ നേതൃത്വത്തിൽ സ്കൂളിന്റെ അടുത്തുള്ള ഒരു ട്രൈബൽ ഊര് സന്ദർശിക്കുന്നു. കുട്ടികൾക്ക് അവരുടെ ഊര് മൂപ്പനുമായി സംവദിക്കാൻ അവസരം നൽകുന്നു. ഇതിലൂടെ കുട്ടികൾ അവരുടെ ഭാഷകൾ, സംസ്കാരം, ഭക്ഷണരീതി, തൊഴിൽ, ഗോത്രം, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയവയെക്കുറിച്ച് കൃത്യമായി അറിയുന്നു. ശേഷം വില്ലേജ് ദത്തെടുക്കുന്നു. ചെറിയ ഒരു മീറ്റിങ്ങ് സംഘടിപ്പിച്ച് ക്ലബ്ബിന്റെ വിവിരങ്ങൾ ഉൾപ്പെടുത്തിയുള്ള ബോർഡും അവിടെ സ്ഥാപിച്ച്, വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകി പിരിയുന്നു.

പിന്നീട് കൃത്യമായി രണ്ട് തവണ കൂടി വ്യത്യസ്തമായ 2 ബാച്ചിനെയും കൂട്ടി ഊര് സന്ദർശിച്ച് അവർക്ക സഹായങ്ങൾ നൽകുകയും അവരുടെ വിശേഷങ്ങൾ അന്വേഷിക്കുകയും ചെയ്യുന്നു. ഇത് എല്ലാ വർഷവും ക്ലബ്ബ് തുടർന്നു പോകുന്നു.

| | | |
|---|---|---|
| Budget | : | 15000 |
| Duration | : | Every Year |
| Date | : | 22 September 2025 |
| Venue | : | Specified Village |
| No. of students involved | : | 40 |
| Teachers in charge | : | Rithwik, Rashida V.P |

# കുട്ടിക്കർഷകനെ അനുമാദിക്കൽ

ചിങ്ങം ഒന്ന് കർഷക ദിനത്തിൽ പ്രദേശത്തെ ഒരു കർഷകനെ ആദരിക്കലും സ്കൂളിലെ കുട്ടികളിൽ നിന്ന് തിരഞ്ഞെടുക്കുന്ന മികച്ച കുട്ടി കർഷകന് അവാർഡ് നൽകുകയും ചെയ്യുന്നു.

## Expected Outcome

- വളർന്നുവരുന്ന തലമുറയിൽ കൃഷിയോടുള്ള താൽപര്യം വളരുന്നു.
- കേരളത്തിന്റെ കാർഷിക സംസ്കാരം തിരിച്ചു പിടിക്കുന്നതിന് പ്രോത്സാഹനമാകുന്നു.
- വീട്ടിൽ തന്നെ ആവശ്യമുള്ള പച്ചക്കറികൾ കൃഷിചെയ്യുന്നത് പ്രോത്സാഹിപ്പിക്കപ്പെടുന്നു.
- കൃഷിയിൽ നിന്നകന്നത് ജീവിതശൈലീ രോഗങ്ങൾക്ക് കാരണമാകുന്നുവെന്ന തിരിച്ചറിവ് വരുന്നു.
- രാസവളം ഉപയോഗിച്ച് കൃഷി ചെയ്ത കാർഷിക വിഭവങ്ങളാണ് അൽ സംസ്ഥാനങ്ങളിൽ നിന്ന് വരുന്നത് എന്ന് മനസ്സിലാക്കുന്നു.
- വീടുകളിൽ ഉണ്ടാക്കുന്ന പച്ചക്കറികൾ വിഷാംശം ഇല്ലാത്ത ഭക്ഷ്യ വസ്തുക്കൾ എന്നുള്ള ആശയം കുട്ടികളിലേക്ക് എത്തിക്കുന്നു.
- ആരോഗ്യവും കുടുംബസുരക്ഷിതത്വവും ഉറപ്പ് വരുത്തുന്നു.

## Process

ജൂൺ ആദ്യ ആഴ്ചയിൽ സ്വന്തം വീടുകളിൽ വിവിധതരം കൃഷികൾ ചെയ്യാൻ കുട്ടികളോട് ആവശ്യപ്പെടുകയും ഇങ്ങനെ കുട്ടികൾ സ്വയം ഉണ്ടാക്കിയ കൃഷിയിടത്തെക്കുറിച്ച് ഒരു പ്രോജക്ട് തയ്യാറാക്കാൻ ആവശ്യപ്പെടുകയും ഇതിന്റെ വീഡിയോ ചാർജ്ജുള്ള അധ്യാപകന് അയച്ചുകൊടുക്കുന്നു. ഇതിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ വീടുകൾ സന്ദർശിക്കുകയും കുട്ടി സ്വയം ഉണ്ടായിക്കതാണോ എന്ന് ഉറപ്പ് വരുത്തുകയും ഇതിൽ നിന്നും 1, 2, 3 സ്ഥാനങ്ങൾ ലഭിക്കുന്ന കുട്ടികൾക്ക് പ്രത്യേക സമ്മാനം നൽകുകയും മറ്റുള്ള കുട്ടികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുന്നു.

ചിങ്ങം ഒന്ന് കർഷക ദിനത്തോടനുബന്ധിച്ച് ഏറ്റവും നല്ല കുട്ടിക്കർഷകനെ നമ്മുടെ പ്രദേശത്തുള്ള കർഷകനെ കൊണ്ട് ആദരിപ്പിക്കുകയും കൃഷി ഓഫീസറെ കൊണ്ട് കൃഷിയുമായി ബന്ധപ്പെട്ട ഒരു ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുകയും ചെയ്യുന്നു.

| | | |
|---|---|---|
| Duration | : | 4 Months |
| Budget | : | 2000 |
| Date | : | Chingam 1 (2025 August 12) |
| No. of students involved | : | All students |
| Teachers in charge | : | Rasheeda P.K, Rithwik |

# ഡോക്യുമെന്ററി

സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുന്നതി വേണ്ടി ഒരു ഡോക്യുമെന്ററി തയ്യാറാക്കുന്നു.

## Expected Outcome

- സൈബർ കുറ്റകൃത്യങ്ങൾ എന്തെല്ലാം എന്ന് വിദ്യാർത്ഥികൾ തിരിച്ചറിയുന്നു.
- ഇന്റർനെറ്റ് ഉപയോഗിക്കുന്ന വിദ്യാർത്ഥികൾ ഏതെല്ലാം വിധത്തിൽ ചൂഷണം ചെയ്യപ്പെടാം എന്ന അവബോധം ഉണ്ടാകുന്നു.
- സൈബർ കുറ്റകൃത്യങ്ങൾക്ക് ലഭിക്കാവുന്ന ശിക്ഷകളെക്കുറിച്ച് കുട്ടികൾ ബോധവാൻമാരാകുന്നു.
- സൈബർ ഇടങ്ങൾ പോസിറ്റീവ് ആയി എങ്ങനെ ഉപയോഗിപ്പെടുത്താം എന്നറിയുന്നു.

## Process

ഡോക്യുമെന്ററി നിർമ്മാണത്തിന്റെ ആദ്യഘട്ടം എന്ന നിലയിൽ ജൂൺ അവസാന വാരത്തിൽ മീറ്റിംഗ് നടത്തുകയും കമ്മിറ്റി രൂപീകരിക്കുകയും ചെയ്യുന്നു. ആവശ്യമായ ന്യൂസ്, റിപ്പോർട്ട്, വീഡിയോസ്, ഫോട്ടോസ്, തുടങ്ങിയവ ശേഖരിക്കുകയും ശബ്ദം നൽകാൻ ആളെ കണ്ടെത്തുകയും ആനിമേഷൻ വർക്കുകൾ ചെയ്യാൻ ഒരു ഐ.ടി എക്സ്പെർട്ടിന്റെ സഹായം തേടുകയും തുടക്കത്തിൽ ആമുഖം പറയാൻ ഒരു ജനപ്രതിനിധിയെ കിട്ടുമോ എന്ന് അന്വേഷിക്കുകയും ചെയ്യുന്നു. മേൽപ്പറഞ്ഞ കാര്യങ്ങൾ മേൽനോട്ടം വഹിക്കാനും നടപ്പിലാക്കാനും രണ്ടോ മൂന്നോ അധ്യാപകരെ ചുമതലപ്പെടുത്തുകയും ഒരു പോലീസ് ഉദ്യോഗസ്ഥന്റെ സഹായം തേടുകയും ജൂലൈ അവസാന വാരത്തിൽ വർക്ക് കംപ്ലീറ്റ് ചെയ്യുകയും ചെയ്യുന്നു.

| | | |
|---|---|---|
| Duration | : | 1 year |
| Budget | : | 5000 |
| Date | : | 30 July 2025 |
| Venue | : | School |
| No. of students involved | : | As per selection |
| Teachers in charge | : | Habeeb Rahman M.P, Rithwik |

# പി.എം.എസ്.എ. ബുള്ളറ്റിൻ

സ്കൂളിലെ വാർത്തകൾ വിദ്യാർത്ഥികളിലും, രക്ഷിതാക്കളിലും എത്തിക്കുന്നതിന് എല്ലാ മാസത്തിലും വാട്സ്ആപ്പ് വഴി വാർത്താവതരണം.

## Expected Outcome

- സ്കൂളിലെ വിവിരങ്ങൾ കൃത്യമായി വിദ്യാർത്ഥികളിലേക്കും രക്ഷിതാക്കളിലും എത്തുന്നു.
- വിദ്യാർത്ഥികളിൽ വാർത്ത അവതരണ കഴിവ് ഉടലെടുക്കുന്നു.
- സാമൂഹ്യശാസ്ത്രമേളയിലെ ന്യൂസ് റീഡിങ് മത്സരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു. വാർത്തകൾ വളച്ചൊടിക്കാതെ സത്യസന്ധമായി നൽകുവാനുള്ള പ്രവണത വിദ്യാർത്ഥികളിൽ ഉണ്ടാകുന്നു.
- സ്കൂളും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം വർദ്ധിപ്പിക്കുന്നു.

## Process

വാർത്താ ബുള്ളറ്റിന്റെ ആദ്യഘട്ടം എന്ന നിലയിൽ 24 വിദ്യാർത്ഥികളെ ഹൈസ്കൂൾ, യു.പി തലങ്ങളിൽ നിന്നായി സെലക്ട് ചെയ്യുന്നു. ഈ തിരഞ്ഞെടുത്ത വിദ്യാർത്ഥികളെ വെച്ച് ഒരു മീറ്റിംഗ് കൂടി അവർക്ക് പി.എം.എസ്.എ. ബുള്ളറ്റിനെക്കുറിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും. ഇതിലേക്ക് ആവശ്യമായ ഫോട്ടോകളും വീഡിയോകളും കളക്ട് ചെയ്യാൻ വേണ്ടി ഒരു അധ്യാപകനെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു.

ജൂൺമാസം മുതൽ അക്കാദമിക് ഇയർ അവസാനിക്കുന്നത് വരെയുള്ള എല്ലാ മാസത്തിലെയും ആദ്യ ഞായറാഴ്ച രാത്രി 7 മണിക്ക് പി.എം.എസ്.എ. ബുള്ളറ്റിൻ എയറിൽ വിടുന്നു. വാട്സാപ്പ്, സ്കൂൾ FB, Instagram വഴി പ്രക്ഷേപണം നടത്തുന്നു.

| | | |
|---|---|---|
| Duration | : | One year |
| Budget | : | Nil |
| Date | : | First Sunday in every Months |
| Venue | : | School |
| No. of students involved | : | Club Members |
| Teachers in charge | : | All HS Teachers |

# മെഗാ ക്വിസ്

രാജ്യത്തിന്റെ സ്വാതന്ത്ര്യദിനം സമുചിതമായി കൊണ്ടാടുന്നതിനോടൊപ്പം സ്വാതന്ത്ര്യത്തിലേക്ക് നയിച്ച മഹത് വ്യക്തികളെയും സംഭവങ്ങളെയും ഉൾപ്പെടുത്തി വിദ്യാർത്ഥികൾക്കായി മെഗാക്വിസ്.

## Expected Outcome

- സ്വാതന്ത്ര്യത്തിലേക്ക് നയിച്ച സംഭവങ്ങളെയും വ്യക്തികളെയും കുറിച്ച് കൃത്യമായ അറിവ് കുട്ടികൾക്ക് ലഭിക്കുന്നു.
- കുട്ടികളുടെ പൊതുവിജ്ഞാനം (ജി.കെ) വർധിക്കുന്നു.
- കുട്ടികളുടെ മത്സര പരീക്ഷകളെ നേരിടാനുള്ള ആത്മവിശ്വാസം കുട്ടികളിൽ ഉണ്ടാകുന്നു.

## Process

ഓഗസ്റ്റ് 15ന് സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് മെഗാക്വിസ് നടത്തുന്നു. ഇതിനു വേണ്ടി ഓരോ ക്ലാസ്സിൽ നിന്നും സ്ക്രീനിങ്ങിലൂടെ രണ്ടുവീതം കുട്ടികളെ സെലക്ട് ചെയ്യുന്നു. പിന്നീട് ഘട്ടങ്ങളായി നടക്കുന്ന മത്സരങ്ങളിൽ നിന്നും വിജയിക്കുന്ന ടീമിനെ കണ്ടെത്തുന്നു.

| | | |
|---|---|---|
| Budget | : | 1000 |
| Duration | : | One day |
| Venue | : | School Auditorium |
| No. of students involved | : | Two Students from each class |
| Teachers in charge | : | Niyas C.H, Rithwik, Rashida V.P |

# യുദ്ധവിരുദ്ധ ബോധവൽക്കരണം

**ഹിരോഷിമ & നാഗസാക്കി ദിനം**

ലോകത്ത് ആദ്യമായി അണുബോംബ് വർഷിച്ച സ്ഥലമാണ് ഹിരോഷിമ. ആ ദിവസം (ഓഗസ്റ്റ് 6) ആണ് ഹിരോഷിമ ദിനം

## Expected Outcome

- യുദ്ധത്തിന്റെ അനന്തരഫലത്തെക്കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാകുന്നു.
- അണുബോംബിന്റെ ഉപയോഗം മാനവരാശിക്ക് എത്രത്തോളം നാശകരമാണെന്ന് കുട്ടികൾ മനസ്സിലാക്കുന്നു.
- യുദ്ധം ഒന്നിനും പരിഹാരമല്ല. പരസ്പര സൗഹാർദ്ദമാണ് മാനവരാശിയുടെ നിലനിൽപിന് അത്യാവശ്യം എന്ന് കുട്ടികളിൽ അറിവുണ്ടാകുന്നു.

## Process

ഓഗസ്റ്റ് 6ന് സോഷ്യൽ സയൻസ് ക്ലബ്ബ് അംഗങ്ങൾ പ്ലക്കാർഡുമേന്തി ഓരോ ക്ലാസ്സുകളിലും കയറി യുദ്ധവിരുദ്ധ സന്ദേശം നൽകുന്നു. തുടർന്ന് സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് ഒരു സ്പെഷ്യൽ ഗസ്റ്റിനെ വെച്ച് യുദ്ധവിരുദ്ധ ബോധവൽക്കരണ ക്ലാസ്സും നൽകുന്നു.

| | | |
|---|---|---|
| Budget | : | 1000 |
| Venue | : | School Auditorium |
| No. of students involved | : | Two students from each class |
| Teacher in charge | : | Habeeb Rahman M.P, Rasheeda P.K |

# ഫിസിക്കൽ സയൻസ്

# സയൻസ് ക്ലബ്

ശാസ്ത്രാഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി സയൻസ് ക്ലബ് രൂപീകരിക്കുന്നു.

## Expected Outcome

- കുട്ടികൾക്ക് ശാസ്ത്രബോധം വളർത്തുന്നു.
- പരീക്ഷണങ്ങൾ, നിരീക്ഷണങ്ങൾ തുടങ്ങിയവയിലൂടെ പ്രപഞ്ചത്തെക്കുറിച്ചുള്ള പഠനം രസകരമാക്കുന്നു.
- ശാസ്ത്രത്തോടുള്ള അഭിനിവേശം വളർത്തുന്നു.

## Process

ഓരോ ക്ലാസിൽ നിന്നും ശാസ്ത്രാഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുകയും ജൂൺ മൂന്നാം വാരത്തിൽ സയൻസ് ക്ലബ് രൂപീകരിക്കുകയും ചെയ്യുന്നു. ശാസ്ത്രവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും സയൻസ് ക്ലബിലുള്ള കുട്ടികളായിരിക്കും ഏറ്റെടുത്ത് നടത്തുന്നത്.

| | | |
|---|---|---|
| Budget | : | 1000 |
| Duration | : | One Academic Year |
| Date | : | 2025 June 15 |
| Venue | : | School Hall |
| No. of students involved | : | Science Club Members |
| Teachers in charge | : | Azad Sachin |

## ചാന്ദ്രദിനം - വാരാഘോഷം

ചാന്ദ്രദിനത്തോട് അനുബന്ധിച്ച് ഒരു വാരം നീണ്ടുനിൽക്കുന്ന പരിപാടികൾ നടത്തുന്നു.

### Expected Outcome

- ശാസ്ത്രീയ അറിവ് - ചന്ദ്രത്തിലെ ഗർത്തങ്ങൾ ചന്ദ്രോപരിതലത്തിന്റെ ഘടന എന്നിവയെക്കുറിച്ച് വിദ്യാർത്ഥികൾക്ക് വിശദമായ അറിവ് ലഭിക്കുന്നു.
- പ്രായോഗിക പരിചയം - ടെലിസ്കോപ് ഉപയോഗിച്ചുള്ള ചാന്ദ്രനിരീക്ഷണം, സ്റ്റാർഗേസിങ്ങ് എന്നിവ വഴി വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിചയം ലഭിക്കുന്നു. പഠന വസ്തുക്കൾ നിർമ്മിച്ചും പ്രദർശിപ്പിച്ചും പ്രവർത്തനങ്ങൾ നടത്തുന്നതിലൂടെ പ്രായോഗികമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കുട്ടി വിദഗ്ധൻ ആകുന്നു.
- ഗവേഷണപഠനം - ചന്ദ്രന്റെ ചരിത്രം ആസ്ട്രോണമി, NASA, ISRO എന്നിവയുടെ ഗവേഷണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പഠനം, വിദ്യാർത്ഥികളിൽ ഗവേഷണ മനോഭാവം വളർത്തുന്നു.
- ആത്മ വിശ്വാസം ഉയർത്തൽ - ചാന്ദ്രദിനവുമായി ബന്ധപ്പെട്ട പ്രദർശനങ്ങളും പ്രസന്റേഷനും വഴി വിദ്യാർത്ഥികളുടെ സഭാകമ്പം ഒഴിവാക്കാനും ആത്മവിശ്വാസം വർധിപ്പിക്കാനും കഴിയുന്നു.
- ലോകോത്തര വിജ്ഞാനം - ചാന്ദ്രദിനം പോലുള്ള പരിപാടികൾ വഴി വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര ബഹിരാകാശ പദ്ധതികളെയും ചാന്ദ്രദൗത്യങ്ങളെയും കുറിച്ചുള്ള അറിവ് ലഭിക്കുന്നു.

### Process

- ജൂലൈ 22 - ചാന്ദ്രദിന ക്വിസ് സ്കൂൾ ഹാളിൽ 1.30 മുതൽ 4.30 വരെ നടത്തുന്നു.

  **Step 1:** Preliminary round ൽ വന്ന മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി 10 ചോദ്യങ്ങൾ ചോദിക്കുകയും അതിൽ നിന്ന് പരമാവധി ഉത്തരങ്ങൾ ശരിയായ 30 വിദ്യാർത്ഥികളെ ഫൈനൽ റൗണ്ടിലേക്ക് തിരഞ്ഞെടുക്കുന്നു.

  **Step II:** ഫൈനൽ റൗണ്ടിൽ 15 ചോദിക്കുകയും പരമാവധി ഉത്തരങ്ങൾ ശരിയായ ഒരു വിദ്യാർത്ഥിയെ വിജയിയായി പ്രഖ്യാപിക്കുകയും ചെയ്യുന്നു.
- ജൂലൈ 23 - ബഹിരാകാശ ഗവേഷണം സംബന്ധിച്ച് പവർ പോയന്റ് പ്രസന്റേഷൻ മത്സരം സ്കൂൾ ഹാളിൽ വെച്ച് 1.30 - 3.30 വരെ ഹൈസ്കൂൾ തലത്തിൽ നടത്തുന്നു. ഇതുമായി ബന്ധപ്പെട്ട നിർദ്ദേശം ജൂലൈ 18ന് വിദ്യാർത്ഥികൾക്ക് നൽകുന്നു.
- ജൂലൈ 24 - സയൻസ് ക്ലബ്ബ് അംഗങ്ങളായ വിദ്യാർത്ഥികൾക്ക് ടെലിസ്കോപ്പ് നിർമ്മാണ വർക്ക്ഷോപ്പ് 1.30 മുതൽ 3.30 വരെ നടത്തുന്നു.

| | | |
|---|---|---|
| Budget | : | 5000 |
| Duration | : | July 22 - July 24 |
| Date | : | July 22 (ചാന്ദ്രദിന ക്വിസ്) |
| | | July 23 (Power point presentation) |
| | | July 24 (Telescope നിർമ്മാണം) |
| Venue | : | School Hall |
| No. of students involved | : | All students |
| **Teachers in charge** | | |
| Quiz | : | Jiyas C, Fahim |
| Power Point Presentation | : | Muhammed Shafeeq M, Azad Sachin |
| Telescope നിർമ്മാണം | : | Abijith P, Azad Sachin |

# ഫീൽഡ് ട്രിപ്പ്

ഹൈസ്കൂൾ തലത്തിലെ വിദ്യാർത്ഥികൾക്കിടയിൽ ജ്യോതി ശാസ്ത്ര സംബന്ധമായ അറിവ് ലഭിക്കുന്നതിന് വേണ്ടി കോഴിക്കോട് പ്ലാനറ്റോറിയത്തിലേക്ക് ഫീൽഡ് ട്രിപ്പ് നടത്തുന്നു.

## Expected Outcome

- നവഗ്രഹങ്ങൾ, നക്ഷത്രങ്ങൾ, സൂര്യചന്ദ്രൻമാർ എന്നിവയെ കുറിച്ച് വിദ്യാർത്ഥികൾക്ക് ആഴത്തിലുള്ള അറിവ് ലഭിക്കുന്നു.
- നവഗ്രഹങ്ങളുടെ ചരിത്രം, NASA, ISRO എന്നിവയുടെ ഗവേഷണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവ് ലഭിക്കുന്നതിലൂടെ വിദ്യാർത്ഥികൾക്കിടയിൽ ജ്യോതിശാസ്ത്ര വിജയങ്ങളോടുള്ള താൽപര്യം ഉണർത്തുകയും ഗവേഷണ മനോഭാവം വളർത്തുകയും ചെയ്യുന്നു.

## Process

നവഗ്രഹങ്ങളെയും ആകാശ പ്രതിഭാസങ്ങളുടെ പ്രത്യേകതകളെയും കുറിച്ച് കുട്ടികളെ ബോധവാൻമാരാക്കാൻ വേണ്ടി കോഴിക്കോട് പ്ലാനറ്റോറിയത്തിലേക്ക് ഒക്ടോബർ 19 ഫീൽഡ് ട്രിപ്പ് നടത്തുന്നു. ഇതിനായി അന്നേദിവസം രാവിലെ 6 മണിക്ക് 40 വിദ്യാർത്ഥികളുമായി പുറപ്പെട്ട് രാത്രി 10 മണിക്ക് തിരിച്ചെത്തുന്നു.

| | | |
|---|---|---|
| Budget | : | 20000 |
| Date | : | October 19 (6 am - 10 pm) |
| Venue | : | Kozhikode |
| No. of Students involved | : | 40 |
| Teachers in charge | : | Fahim |

# ഊർജ്ജസംരക്ഷണ ദിനാഘോഷം

ദേശീയ ഊർജ്ജ സംരക്ഷണദിനം സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നവംബർ 30 ന് വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു.

## Expected Outcome

- ഊർജ്ജത്തിന്റെ ഉപയോഗം, ഉത്പാദനം എന്നിവ പരിസ്ഥിതിയെ എങ്ങനെ ബാധിക്കുന്നു എന്നത് സംബന്ധിച്ച് വിദ്യാർത്ഥികൾ ബോധവാൻമാരാകുന്നു.
- ഊർജ്ജ സംരക്ഷണത്തിലൂടെ പരിസ്ഥിതി സംരക്ഷണത്തിന് തങ്ങളുടെ പങ്ക് എന്തെന്ന് ഓരോ വിദ്യാർത്ഥിയും മനസ്സിലാക്കുന്നു.
- നിത്യജീവിതത്തിൽ ശാസ്ത്രീയജ്ഞാനം എങ്ങനെ ഉപയോഗപ്പെടുത്താം എന്നതിൽ കുട്ടി അഗ്രഗണ്യനാകുന്നു.

## Process

ഊർജ്ജ സംരക്ഷണ ദിനാഘോഷത്തിന്റെ ഭാഗമായി നവംബർ 30ന് സയൻസ് ക്ലബ്ബിൽ അംഗങ്ങളായ വിദ്യാർത്ഥികൾക്ക് സ്കൂൾ ഹാളിൽവെച്ച് രാവിലെ 10.00 മുതൽ 11.00 വരെ KSEB എഞ്ചിനീയറുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സ് നൽകുന്നു. ശേഷം 11.00 മുതൽ 1.00 വരെ LED Bulb Workshop സംഘടിപ്പിക്കുന്നു.

| | | |
|---|---|---|
| Budget | : | 3000 |
| Duration | : | Half Day |
| Date | : | 2025 November 30 |
| Venue | : | School Hall |
| No. of students involved | : | Science Club Members |
| Teachers in charge | : | Mohammed Shafeeque M |

# സി.വി. രാമൻ ദിനാചരണം

ദേശീയ ശാസ്ത്ര ദിനത്തിന് മുന്നോടിയായുള്ള സയൻസ് സിനിമാ പ്രദർശനവും ക്ലബ്ബ് സമാപനവും 2026 ഫെബ്രുവരി 1 ന് സ്കൂൾ ഹാളിൽവെച്ച് നടത്തപ്പെടുന്നു.

## Expected Outcome

- ശാസ്ത്രലോകത്തെ നൂതന ആശയങ്ങളെക്കുറിച്ച് വിദ്യാർത്ഥി ധാരണ കൈവരിക്കുന്നു.
- അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും മാറ്റിനിർത്തി ശാസ്ത്രമാണ് സത്യം എന്ന ബോധ്യം വിദ്യാർത്ഥിയിൽ ഉടലെടുക്കുന്നു.
- നിലവിലെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ ശാസ്ത്രത്തിനേ കഴിയൂ എന്ന് കുട്ടി തിരിച്ചറിയുന്നു.

## Process

ജനുവരി 30ന് ഹൈസ്കൂൾതലത്തിലെ സയൻസ് അദ്ധ്യാപകർ ഉച്ചയ്ക്ക് 1.30 - 2.00 നുള്ളിൽ യോഗം ചേർന്ന് ദേശീയശാസ്ത്ദിനത്തോട് അനുബന്ധിച്ച് ഫെബ്രുവരി 01 രാവിലെ 10.00 pm മുതൽ 1.00 pm വരെ ശാസ്ത്ര സാങ്കേതിക ലോകത്തെ നൂതന ആശയങ്ങൾ പ്രമേയമാക്കിയുള്ള സിനിമകൾ പ്രദർശിപ്പിക്കുന്നു. കൂടാതെ ശാസ്ത്രക്ലബ്ബിന്റെ സമാപനം മികച്ച രീതിയിൽ നടത്തുകയും ചെയ്യുന്നു. ഇതോടനുബന്ധിച്ച് സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട വിവിധ മത്സരങ്ങളിൽ പങ്കെടുത്ത് വിജയികളായ വിദ്യാർത്ഥികളെ അനുമോദിക്കുന്നു.

| | | |
|---|---|---|
| Budget | : | 1500 |
| Duration | : | Half Day |
| Date | : | Febrary 01 |
| Venue | : | School Hall |
| No. of students involved | : | Science Club Members |
| Teachers in charge | : | Jiyas C |

# നാച്ചുറൽ സയൻസ്

# നേച്ചർ ക്ലബ്

പരിസ്ഥിതി സ്നേഹികളായ കുട്ടികളെ കണ്ടെത്തി നേച്ചർ ക്ലബ് രൂപീകരിക്കുന്നു.

## Expected Outcome

- കുട്ടികളിൽ പരിസ്ഥിതി ബോധം വളരുന്നു.
- പരിസ്ഥിതി സ്നേഹവും പരിസ്ഥിതി സംരക്ഷണവും സ്വന്തം ഉത്തരവാദിത്വമാണെന്ന് കുട്ടി തിരിച്ചറിയുന്നു.
- പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ കുട്ടി ഏർപ്പെടുന്നു.
- പ്ലാസ്റ്റിക്, മറ്റ് രാസവസ്തുക്കൾ തുടങ്ങിയ പരിസ്ഥിതിക്ക് ദോഷകരമായ വസ്തുക്കളെ വലിച്ചെറിയുന്നതിൽ നിന്നും സ്വയം ബോധവാനാകുന്നതിനും മറ്റുള്ളവരെ ബോധവൽക്കരിക്കുന്നതിനും കുട്ടി പ്രാപ്തരാകുന്നു.

## Process

ഓരോ ക്ലാസുകളിൽ നിന്നും പരിസ്ഥിതി താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി ജൂൺ അഞ്ചിന് നേച്ചർ ക്ലബ് രൂപീകരിക്കുകയും നേച്ചർ ക്ലബിന്റെ പ്രവർത്തനങ്ങൾ തൈ നടുന്നതിലൂടെ തുടക്കം കുറിക്കുകയും ചെയ്യുന്നു. ഓരോ ആഴ്ച്ചയും സ്കൂളിലെ ഏതെങ്കിലും ഒരു ഭാഗത്തെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്ലബ് അംഗങ്ങൾ നീക്കം ചെയ്യുകയും സ്കൂളിലെ മറ്റു കുട്ടികളെ പ്ലാസ്റ്റിക് വലിച്ചെറിയുന്നതിൽ നിന്നും ബോധവൽക്കരിക്കുകയും ചെയ്യുന്നു. പ്ലാസ്റ്റിക് ഫ്രീ ക്യാമ്പസ് എന്ന ലക്ഷ്യത്തിലേക്ക് സ്കൂളിനെ എത്തിക്കുന്നു.

| | | |
|---|---|---|
| Budget | : | 5000 |
| Duration | : | One Academic Year |
| Date | : | 05.06.2025 |
| Venue | : | Class Rooms |
| No. of Students involved | : | 100 |
| Teachers in charge | : | Muhsina P |

# ബയോപ്രോ - എക്സ്പോ

മനുഷ്യ ശരീരത്തിലെ Vital Organs നെക്കുറിച്ചുള്ള അടിസ്ഥാന അറിവ് നൽകുന്നതിനുള്ള പരിപാടി.

## Expected Outcome

- മനുഷ്യശരീരത്തിലെ Vital Organs നെ കുട്ടി പരിചയപ്പെടുന്നു.
- ജീവൽപ്രവർത്തനങ്ങൾക്ക് എത്രമാത്രം ഈ അവയവങ്ങൾ സഹായിക്കുന്നു എന്ന് തിരിച്ചറിയുന്നു.
- 5 മുതൽ 10 വരെയുള്ള ക്ലാസുകളിലെ ഓരോ കുട്ടിയും അവയവങ്ങളെക്കുറിച്ചുള്ള അടിസ്ഥാന അറിവ് കൈവരിക്കുന്നു.

## Process

സയൻസ് ക്ലബ്ബിലെ അംഗങ്ങളെ 8 കുട്ടികൾ വീതമുള്ള 4 ഗ്രൂപ്പുകളാക്കുന്നു. ഓരോ ഗ്രൂപ്പിനും ആന്തരിക അവയവങ്ങളായ വൃക്ക, കരൾ, ശ്വാസകോശം, ഹൃദയം എന്നിവയിൽ ഓരോ എണ്ണത്തെക്കുറിച്ചും പരമാവധി വിവരങ്ങൾ ശേഖരിച്ചശേഷം കുട്ടികൾ ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവയുടെ സഹായത്തോടെ പ്രസന്റേഷൻ നടത്താൻ തയ്യാറാവുന്നു. ഈ കുട്ടികൾ ഓരോ മാസത്തിലേയും ആദ്യത്തെ ബുധനാഴ്ച 1.30 ന് വിവിധ ക്ലാസുകൾ ചെന്ന് ആ ക്ലാസിലെ കുട്ടികൾക്ക് ക്ലാസ്സെടുക്കുന്നു.

| | | |
|---|---|---|
| Budget | : | 5000 |
| Duration | : | July-February |
| Date | : | 03.07.2025 |
| Venue | : | Class Rooms |
| No. of Students involved | : | 32 |
| Teachers in charge | : | Fairoos M.N, Muhsina P |

# രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ്

വി.എച്ച്.എസ്.ഇ. വിഭാഗവുമായി സഹകരിച്ച് കുട്ടികളുടെ രക്തഗ്രൂപ്പ് നിർണ്ണയം നടത്തുന്നു.

## Expected Outcome

- ഓരോ കുട്ടിക്കും സ്വന്തം രക്തഗ്രൂപ്പ് അറിയാൻ സാധിക്കുന്നു.
- രക്തദാനത്തിന്റെ മഹാത്മ്യം കുട്ടികൾ മനസ്സിലാക്കുന്നു.
- ഓരോ വ്യക്തിയും ജനിതകപരമായി എങ്ങനെയൊക്കെ വ്യത്യാസപ്പെടുന്നു എന്ന അവബോധം കുട്ടികൾക്ക് ലഭിക്കുന്നു.

## Process

ഒക്ടോബർ മാസത്തിലെ ആദ്യ ആഴ്ച്ച വി.എച്ച്.എസ്.ഇ എം.എൽ.ടി. കുട്ടികളും എൻ.എസ്.എസും നേച്ചർ ക്ലബും സംയുക്തമായി ചേർന്ന് ഹൈസ്കൂളിലെ മുഴുവൻ കുട്ടികളുടെയും രക്തഗ്രൂപ്പ് നിർണ്ണയം നടത്തുകയും രക്തദാനത്തിന്റെ മഹാത്മ്യം കുട്ടികളെ ബോധ്യപ്പെടുത്തുകയും സ്കൂളിൽ ബ്ലഡ് ഗ്രൂപ്പ് ഡയറക്ടറി ഉണ്ടാക്കുകയും ചെയ്യുന്നു.

| | | |
|---|---|---|
| Budget | : | 5000 |
| Duration | : | One day |
| Date | : | 06.10.2025 |
| Venue | : | School Hall |
| No. of Students involved | : | All Students |
| Teachers in charge | : | All Biology Teachers |

# കാഴ്ച്ച വൈകല്യ നിർണ്ണയ ക്യാമ്പ്

സ്കൂളിലെ കുട്ടികളുടെ കാഴ്ച്ച വൈകല്യം കണ്ടെത്തി ബോധവൽക്കരണം നടത്തുന്നു.

## Expected Outcome

- കാഴ്ച്ചയുടെ മഹാത്മ്യം കുട്ടികൾക്ക് ബോധ്യപ്പെടുന്നു.
- കാഴ്ച്ച വൈകല്യം തിരിച്ചറിയാനും അതിന് പരിഹാരങ്ങൾ കാണാനും കഴിയുന്നു.
- വിവിധതരം കാഴ്ച്ച വൈകല്യങ്ങൾ, അതിന്റെ പരിഹാരമാർഗ്ഗങ്ങൾ എന്നിവ കുട്ടികളെ ബോധ്യപ്പെടുത്തുന്നു.
- നേത്രദാനത്തിന്റെ മാഹാത്മ്യം കുട്ടികൾക്ക് മനസ്സിലാകുന്നു.

## Process

പെരിന്തൽമണ്ണ അൽസലാമ കണ്ണാശുപത്രിയുമായി സഹകരിച്ച് കുട്ടികൾക്ക് കാഴ്ച്ച പരിശോധനാ ക്യാമ്പ് നടത്തുന്നു. വിവിധ നേത്ര വൈകല്യങ്ങൾ, അതിന്റെ കാരണങ്ങൾ, പരിഹാരങ്ങൾ, നേത്രദാനം തുടങ്ങിയവയുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസും സംഘടിപ്പിക്കും.

| | | |
|---|---|---|
| Budget | : | 5000 |
| Duration | : | One day |
| Date | : | 07.11.2025 |
| Venue | : | School Hall |
| No. of Students involved | : | All Students |
| Teachers in charge | : | Leena K |

# First Aid Class

സ്കൂൾ ജെ.ആർ.സി, സ്കൗട്ട് എന്നിവയുമായി സഹകരിച്ച് കുട്ടികൾക്ക് പ്രഥമ ശുശ്രൂഷ ക്ലാസ് സംഘടിപ്പിക്കുന്നു.

## Expected Outcome

- കുട്ടികൾക്ക് പ്രഥമ ശുശ്രൂഷ എങ്ങനെ ചെയ്യണമെന്ന് മനസ്സിലാകുന്നു.
- അപകട സമയങ്ങളിൽ പക്വതയോടെ പെരുമാറാനും പ്രഥമ ശുശ്രൂഷയിലൂടെ ജീവൻ രക്ഷിക്കുന്നതടക്കമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കുട്ടി പ്രാപ്തനാകുന്നു.
- കുട്ടികളിൽ മനോധൈര്യം വർധിക്കുന്നു.

## Process

സെപ്റ്റംബർ മാസത്തിൽ സ്കൂളിലെ ജെ.ആർ.സി, സ്കൗട്ട് & ഗൈഡ് എന്നിവയുമായി സഹകരിച്ച് വിവിധ സാഹചര്യങ്ങളിൽ നൽകേണ്ട പ്രഥമ ശുശ്രൂഷകളെക്കുറിച്ച് ഏതെങ്കിലും വിദഗ്ധരെ കൊണ്ടുവന്ന് ബോധവൽക്കരണ ക്ലാസും കുട്ടികൾക്ക് പരിശീലനവും നൽകുന്നു.

| | | |
|---|---|---|
| Budget | : | 2000 |
| Duration | : | Half Day |
| Date | : | 07.09.2025 |
| Venue | : | School Ground |
| No. of Students involved | : | All Students |
| Teachers in charge | : | Sudha Nambiar |

# മാത്തമാറ്റിക്സ്

# ഓറിയന്റേഷൻ ക്ലാസ്

Maths fair ലെ ഓരോ ഇനങ്ങളെയും കുറിച്ച് ഗണിത അദ്ധ്യാപകർ ക്ലബ്ബിലെ അംഗങ്ങൾക്കും താൽപര്യമുള്ള കുട്ടികൾക്കും ക്ലാസെടുക്കുന്നു.

## Expected Outcome

- Maths Club നെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും കുട്ടികൾ ബോധവാന്മാരാകുന്നു.
- Maths Fair ലെ ഓരോ ഇനത്തെക്കുറിച്ചും കുട്ടികളിൽ കൃത്യമായ ധാരണ ഉണ്ടാവുന്നു.

## Process

Maths Club ലേക്ക് തിരഞ്ഞെടുക്കപ്പെട്ട കുട്ടികളും Maths Fair ൽ പങ്കെടുക്കാൻ താൽപര്യമുള്ള കുട്ടികളും എല്ലാ ഗണിതശാസ്ത്ര അദ്ധ്യാപകരുടെയും സാന്നിധ്യത്തിൽ സ്കൂൾ ഹാളിൽവെച്ച് 13.07.2025 ന് ഒരുമിച്ച് കൂടുന്നു. ഓരോ കുട്ടികളോടും സംവദിക്കുന്നതിലൂടെ Maths Fair Item കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു.

| | | |
|---|---|---|
| Budget | : | 200 |
| Duration | : | 3 hrs |
| Date | : | 13.07.2025 |
| Venue | : | School Hall |
| No. of students involved | : | 80 |
| Teachers in charge | : | Fasila, Sulabadas |

## പൈ (π) ദിനാഘോഷം

ഗണിതശാസ്ത്രത്തിൽ π (പൈ) യുടെ പ്രാധാന്യം കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കാനുള്ള ഒരു പരിപാടി.

**Expected Outcome**

- π യുടെ വിലയെക്കുറിച്ചും π ദിനത്തെക്കുറിച്ചും കുട്ടികൾ ബോധവാൻമാരാകുന്നു.

**Process**

മുൻകൂട്ടി തിരഞ്ഞെടുത്ത് ട്രെയിനിംഗ് നൽകിയ 10-ാം ക്ലാസ്സിലെ ഒരു വിദ്യാർത്ഥി 22.07.2025 ന് സ്കൂൾ ഹാളിൽവെച്ച് π യെക്കുറിച്ചുള്ള ഒരു അവബോധന ക്ലാസ്സ് മാത്സ് ക്ലബ്ബിലെ അംഗങ്ങൾക്കായി നൽകുന്നു. തുടർന്ന് ഈ കുട്ടികളെ ഗ്രൗണ്ടിൽ π ആകൃതിയിൽ നിർത്തുന്നു.

| | | |
|---|---|---|
| Duration | : | One day |
| Date | : | 22.07.2025 |
| Venue | : | School Hall, School ground |
| No. of students involved | : | 100 |
| Teachers in charge | : | Akhila Prakash |

# മാത്സ് ഗാർഡൻ

വ്യത്യസ്ത ഗണിത രൂപങ്ങൾ ഉൾക്കൊള്ളുന്ന ഒരു മതിൽ സ്കൂൾ ക്യാമ്പസിൽ നിർമ്മിക്കുന്നു.

## Expected Outcome

- വിദ്യാർത്ഥികൾ ഗണിതരൂപങ്ങളുമായി പരിചിതരാവുന്നു.

## Process

ഇൻഡസ്ട്രിയൽ വർക്കേഴ്സിന്റെ സഹായത്തോടെ വ്യത്യസ്ത ഗണിതരൂപങ്ങൾ ഉൾക്കൊള്ളുന്ന ഒരു മതിൽ സ്കൂൾ ക്യാമ്പസിൽ നിർമ്മിക്കുന്നു.

| | | |
|---|---|---|
| Budget | : | 6000 |
| Date | : | 2025 July 29 |
| Venue | : | School campus |
| No. of students involved | : | Nil |
| Teachers in charge | : | Muhammed Munshir V |

# മാത്സ് മെഗാക്വിസ്

8, 9, 10 ക്ലാസ്സുകളിൽ നിന്നും വ്യത്യസ്ത ഘട്ടങ്ങളിലൂടെ കുട്ടികളെ തിരഞ്ഞെടുത്ത് കൃത്യമായ ട്രെയിനിംഗിന് ശേഷം ഒരു മെഗാ ക്വിസ്സ് സംഘടിപ്പിക്കുന്നു.

## Expected Outcome

- വ്യത്യസ്ത ഗണിതാശയങ്ങൾ പഠിക്കാൻ കുട്ടികളെ പ്രേരിതരാക്കുന്നു.
- കുട്ടികളിൽ ഗണിതത്തോടുള്ള അഭിരുചിയും അറിവും താൽപര്യവും വർദ്ധിക്കാൻ സഹായിക്കുന്നു.

## Process

**Stage 1-** ഓരോ ക്ലാസ്സിലെയും ഗണിതാധ്യാപകർ അവരുടെ ക്ലാസ്സിൽ ഒരു ക്ലാസ്സ് തല ക്വിസ് മത്സരം നടത്തി ഉന്നത മാർക്ക് നേടുന്ന രണ്ട് കുട്ടികളെ കണ്ടെത്തുന്നു.

**Stage 2-** ക്ലാസ്സ് തല മത്സരത്തിൽ നിന്നും തിരഞ്ഞെടുത്ത വിജയികൾക്കിടയിൽ 8, 9, 10 ക്ലാസ്സിലെ കുട്ടികൾക്ക് പ്രത്യേക Standared Wise Quiz നടത്തുന്നു. ഓരോ സ്റ്റാന്റേർഡിൽ നിന്നും 4 വിജയികളെ തിരഞ്ഞെടുക്കുന്നു.

**Stage 3-** Standard Wise Quiz ൽ നിന്നും തിരഞ്ഞെടുത്ത കുട്ടികളെ 3 പേരടങ്ങുന്ന 4 ടീം ആക്കി വിവിധ ഘട്ടങ്ങളിലായി ഫൈനൽ റൗണ്ട് നടത്തുന്നു. ഫൈനൽ റൗണ്ട് നടത്തുന്നതിന് മുമ്പ് കുട്ടികൾക്ക് കൃത്യമായ ട്രെയിനിംഗ് നൽകുന്നതാണ്. ഓഡിയൻസായി ഗണിത ക്ലബ്ബിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഫൈനൽ റൗണ്ട് നടത്തപ്പെടുക.

| | | |
|---|---|---|
| Budget | : | 3000 |
| Dration | : | 4 Months (June - September) |
| Date | : | 21.09.2025 |
| Venue | : | School Hall |
| No. of students involved | : | 70 |
| Teachers in charge | : | All Maths Teachers |

# മാത്സ് വർക്ക്ഷോപ്പ് & മാത്സ് ട്രീ

വിദ്യാർത്ഥികൾക്ക് ഗണിതപഠനം എളുപ്പമാക്കാൻ സാധിക്കുന്നു വിധത്തിൽ ഉപകരിക്കുന്ന പഠന ഉപകരണങ്ങളുടെയും മോഡൽസിന്റെയും ശിൽപശാലയും അതിൽ നിന്നും നിർമ്മിക്കുന്ന പഠന ഉപകരണങ്ങളുടെ പ്രദർശനം മാത്സ് ട്രീ എന്ന രീതിയിൽ സംഘടിപ്പിക്കുന്നു.

## Expected Outcome

- എല്ലാ വിദ്യാർത്ഥികളും ഗണിത ആശയങ്ങളും പഠന ഉപകരണങ്ങളും പരിചയപ്പെടുന്നു.

## Process

നമ്മുടെ സ്കൂളിലെ വിവിധ ക്ലാസ്സുകളിൽ നിന്ന് 50 കുട്ടികളെ സെലക്ട് ചെയ്തു അവർക്ക് 19.01.2025 ഒരു ഗണിത ശിൽപശാല സംഘടിപ്പിക്കുകയും അതിൽ നിന്നും നിർമ്മിക്കുന്ന പഠന ഉപകരണങ്ങൾ എല്ലാവർക്കും കാണാവുന്ന രീതിയിൽ സ്കൂൾ ഗ്രൗണ്ടിലെ വിവിധ മരങ്ങളിൽ തൂക്കിയിട്ട് പ്രദർശിപ്പിക്കുകയും ഒന്നോ രണ്ടോ ദിവസത്തിനുശേഷം അത് സുരക്ഷിതമായി സൂക്ഷിച്ചുവെക്കുകയും ചെയ്യുന്നു.

| | | |
|---|---|---|
| Budget | : | 500 |
| Duration | : | 2 days |
| Date | : | 19.10.2024 |
| Venue | : | School Auditorium & School ground |
| No. of Students involved | : | 50 |
| Teachers in charge | : | Ramya P.K |

# മാത്സ് ക്ലിനിക്ക്

ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഉയർത്തിക്കൊണ്ടുവരാനുള്ള പദ്ധതി.

## Expected Outcome

- കുട്ടികൾക്ക് ഗണിതക്രിയകൾ മനസ്സിലാക്കുന്നു.
- ഗണിതത്തോടുള്ള പേടി മാറുന്നു.
- ഗണിതത്തിലെ അടിസ്ഥാന ക്രിയകൾ ലളിതമായി പഠിക്കുന്നു.

## Process

ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് ഗണിതക്രിയകൾ എളുപ്പത്തിൽ ഗെയിമുകളിലൂടെ പഠിപ്പിക്കുന്നു. വിവിധ ക്ലാസിലെ കുട്ടികൾക്ക് വിവിധ രീതിയിലുള്ള പഠനപ്രവർത്തനങ്ങൾ ക്രമപ്പെടുത്തി ആഴ്ചയിൽ ഒരു ദിവസം മാത്സ് ക്ലിനിക് നടത്തുന്നു.

| | | |
|---|---|---|
| Budget | : | 1000 |
| Duration | : | One year |
| Date | : | 10.06.2025 |
| Venue | : | School Hall |
| No. of students involved | : | 50 |
| Teachers in charge | : | Fasila N |

# ആർട്സ്

# വർക്ക്ഷോപ്പുകളും ക്ലാസുകളും

വ്യത്യസ്ത സാങ്കേതികതകളിലും ശൈലികളിലുമുള്ള പെയിന്റിംഗ്, ഡ്രോയിംഗ് സെഷനുകൾ നടത്തുന്നു.

## Expected Outcome

- വിദ്യാർത്ഥികളിൽ അടിസ്ഥാന സാങ്കേതികതകളായ ഷേഡിംഗ്, കളർ, തിയറി, ബ്രഷ് വർക്ക് എന്നിവയിൽ കഴിവ് വികസിപ്പിക്കുകയും ആർട്ട് മുഖേന അവരുടെ ആശയ ങ്ങളും വികാരങ്ങളും പ്രകടിപ്പിക്കുന്ന കഴിവ് മെച്ചപ്പെടുത്തുകയും ചെയ്യുന്നു.

## Process

ജൂലൈ ഏഴിന് വിദ്യാർത്ഥികൾക്ക് പെയിന്റിങ്, ഡ്രോയിങ് എന്നീ വിഷയങ്ങൾ ആ സ്പദമാക്കിയ വർക്ക്ഷോപ്പിനെക്കുറിച്ച് അറിയിപ്പ് നൽകുന്നു. തുടർന്ന് താൽപര്യം ഉള്ള കുട്ടികളുടെ പേരും ക്ലാസും ശേഖരിക്കുന്നു. യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിൽ നിന്നായി 50 കുട്ടികളെ പെയിന്റിംഗ് മത്സരം നടത്തി അതിൽ നിന്നും സ്ക്രീൻ ചെയ്ത് തിരഞ്ഞെടു ക്കുന്നു. ശേഷം ജൂലൈ 13ന് ചിത്രകലാ വിദഗ്ധൻ ആയിട്ടുള്ള ഒരു അധ്യാപകന്റെ നേതൃ ത്വത്തിൽ കുട്ടികൾക്കായി പെയിന്റിങ്, ഡ്രോയിങ് എന്ന വിഷയത്തിൽ സ്കൂൾ ഹാളിൽ വെച്ച് ഒരു ദിവസത്തെ വർക്ക്ഷോപ്പ് 10 മുതൽ 4 വരെ രണ്ട് സെഷനുകളായി നടത്തും. ഇ തിന്റെ അടിസ്ഥാനത്തിൽ ആർട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ സമാനവിഷയങ്ങളിൽ സ് കൂൾതല മത്സരങ്ങൾ സംഘടിപ്പിക്കുകയും വിജയികളെ സെപ്റ്റംബർ മാസം നടത്തുന്ന അസംബ്ലിയിൽ വെച്ച് മെമന്റോ കൊടുത്ത് അനുമോദിക്കുകയും ചെയ്യുന്നു.

| | | |
|---|---|---|
| Budget | : | 2000 |
| Duration | : | One day |
| Date | : | 2025 July 13 |
| Venue | : | School Hall |
| No. of students involved | : | 50 |
| Teacher in charge | : | Nashida Saleem |

# സ്വാതന്ത്ര്യദിനാഘോഷം

ഓഗസ്റ്റ് 15 ന് ആർട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഔദ്യോഗികമായി സ്കൂളിൽ സ്വാതന്ത്ര്യദിനാഘോഷം നടത്തുന്നു.

## Expected Outcome

- സ്വാതന്ത്ര്യദിനത്തിന്റെ പ്രാധാന്യം വിശദീകരിക്കുന്ന വിവിധ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതുവഴി വിദ്യാർത്ഥികൾക്ക് ദേശസ്നേഹവും ദേശാഭിമാനവും വികസിക്കുന്നു. നാടകം, പ്രസംഗങ്ങൾ, അവതരണങ്ങൾ എന്നിവയിലൂടെ വിദ്യാർത്ഥികൾക്ക് അവരുടെ രാജ്യത്തിന്റെ ചരിത്രം, സ്വാതന്ത്ര്യസമരം, സ്വാതന്ത്ര്യസമരസേനാനികളുടെ ബലിദാനങ്ങൾ എന്നിവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ കഴിയുന്നു.

## Process

ജൂലൈ 23ന് നൃത്തം, പാട്ട്, അഭിനയം എന്നിവയിൽ കഴിവുള്ളതും താൽപര്യമുള്ളതുമായ കുട്ടികളെ തിരഞ്ഞെടുക്കുന്നു. തുടർന്ന് ജൂലൈ 24, 25 ദിവസങ്ങളിൽ സ്കൂൾ വിട്ടതിനുശേഷം 4 മുതൽ 5 വരെ സ്കൂൾ ഹാളിൽവെച്ച് വിവിധ സംസ്ഥാനങ്ങളെ പ്രതിനിധീകരിക്കുന്ന പരമ്പരാഗത നൃത്തങ്ങൾ, ദേശഭക്തിഗാനങ്ങൾ, സ്വാതന്ത്ര്യസമരത്തിലെ ചരിത്രസംഭവങ്ങൾ എന്നിവ ഉൾക്കൊള്ളിക്കുന്ന ചെറുനാടകങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നു. തുടർന്നുള്ള ദിവസങ്ങളിൽ സ്കൂൾ പ്രവൃത്തി ദിവസങ്ങളിൽ വൈകുന്നേരം 4 മുതൽ 5 വരെയും അവധി ദിവസങ്ങളിൽ രാവിലെ 9 മുതൽ 1 വരെയും ഈ കുട്ടികൾക്ക് പരിശീലനം നൽകുന്നു. ഓഗസ്റ്റ് 15, 2025 സ്കൂൾ സ്റ്റേജിൽ വെച്ച് രാവിലെ 9 മുതൽ 11 വരെ പരിപാടികൾ നടത്തുന്നു.

| | | |
|---|---|---|
| Budget | : | 2000 |
| Duration | : | 2 hours |
| Date | : | 15 August 2025 |
| Venue | : | School stage |
| No. of students involved | : | 30 |
| Teachers in charge | : | Nashida Saleem, Soumyamol |

# പ്രകടന കലകൾ

സംഗീതം, ഗാനപരിശീലനം, സംഗീതസിദ്ധാന്തം, രചനകൾ എന്നീ വിഷയങ്ങളെ കുറിച്ച് ഒരു ക്ലാസ് കുട്ടികൾക്കായി നടത്തുന്നു.

## Expected Outcome

- കുട്ടികൾക്ക് സംഗീത സാങ്കേതികതകളായ സ്കെയിൽ ടെമ്പോ, ബ്രീത്ത് കൺട്രോൾ എന്നിവയെ കുറിച്ചുള്ള പ്രാധാന്യം മനസ്സിലാകുന്നു.

- വ്യത്യസ്ത സംഗീത ശൈലികളിലും വിഭാഗങ്ങളിലും പ്രകടനം നടത്താനുള്ള കഴിവ്, ആത്മവിശ്വാസം, വേദിയെ അഭിമുഖീകരിക്കാനുള്ള കഴിവ് എന്നിവ വർദ്ധിക്കുകയും ചെയ്യുന്നു.

## Process

സംഗീതത്തോട് താൽപര്യവും സംഗീതത്തെക്കുറിച്ച് കൂടുതലായി മനസ്സിലാക്കുവാൻ ആഗ്രഹവുമുള്ള അമ്പതോളം കുട്ടികളെ തിരഞ്ഞെടുത്ത് 2025 ഒക്ടോബർ 4 ന് രാവിലെ 10 മുതൽ 11 വരെ മികച്ച സംഗീതജ്ഞനായ അധ്യാപകനെ കൊണ്ടുവന്ന് തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് സംഗീതത്തെക്കുറിച്ചും അത് പരിശീലിക്കുന്നതിനെക്കുറിച്ചും ഹയർ സെക്കന്ററി ഹാളിൽ വെച്ച് വിപുലമായ ഒരു ക്ലാസ് നടത്തുന്നു. തുടർന്നുള്ള ദിവസങ്ങളിൽ ഈ കുട്ടികൾക്ക് ശനിയാഴ്ച ദിവസങ്ങളിൽ രാവിലെ 10 മുതൽ 11 വരെ പരിശീലനം നടത്തുകയും സ്കൂൾ കലോത്സവത്തിൽ കുട്ടികളെ ഉൾക്കൊള്ളിച്ച ഒരു സംഗീതവിരുന്ന് നടത്തുകയും ചെയ്യുന്നു.

| | | |
|---|---|---|
| Budget | : | 2000 |
| Duration | : | Half day |
| Date | : | August 6 |
| Venue | : | School Hall |
| No. of Students involved | : | 50 |
| Teachers in charge | : | Nashida Saleem |

# റിപ്പബ്ലിക് ദിനാഘോഷം

ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂളിൽ റിപ്പബ്ലിക് ദിനാഘോഷം സംഘടിപ്പിക്കുന്നു.

## Expected Outcome

- രാജ്യത്തിന്റെ വൈവിധ്യവും ഐക്യവും അഭിമാനവും ഒത്തുചേർന്ന് റിപ്പബ്ലിക് ദിനം ആഘോഷിക്കുന്നത് മൂലം കുട്ടികളിൽ രാജ്യത്തോടുള്ള അഭിനിവേശം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

## Process

2026 ജനുവരി 26ന് നടത്തുന്ന റിപ്പബ്ലിക് ഡേയിൽ നടത്തപ്പെടുന്ന പരിപാടികളിൽ പങ്കെടുക്കാൻ കുട്ടികളെ സജ്ജരാക്കുന്നു. അതിനായി ജനുവരി മൂന്നിന് 30 കുട്ടികളെ തിരഞ്ഞെടുക്കുന്നു.

ഡാൻസ്, ഫാൻസ് ഡ്രസ്സ്, (സ്വാതന്ത്ര്യസമരസേനാനികളുടെ) എന്നിവയ്ക്ക് വേണ്ടി പരിശീലനം കൊടുക്കുന്നു. ജനുവരി മൂന്നിന് 15 കുട്ടികളെ ഹൈസ്കൂളിൽ നിന്നും തിരഞ്ഞെടുത്ത് ദേശഭക്തിഗാനം പരിശീലിപ്പിക്കുന്നു. ജനുവരി 26ന് മേൽപ്പറഞ്ഞ പരിപാടികൾ നടത്തുന്നു. തുടർന്ന് സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ജനുവരി 28 ന് ഉച്ചക്ക് 1.30 മുതൽ 2 വരെ സ്കൂൾ ഹാളിൽ വെച്ച് വിദ്യാർത്ഥികൾക്ക് ക്വിസ് മത്സരം നടത്തുന്നു.

| | | |
|---|---|---|
| Budget | : | 2000 |
| Duration | : | 3 hours |
| Date | : | 26 January 2025 |
| Venue | : | School stage |
| No. of Students involved | : | 45 |
| Teachers in charge | : | Nashida Saleem, Rasheeda P.K |

# അധ്യാപക-അനധ്യാപക കലോത്സവം

സ്കൂളിൽ ആർട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ അധ്യാപക-അനധ്യാപകർക്ക് അവരുടെ കഴിവുകൾ തെളിയിക്കാനായുള്ള ഒരു വേദിയായി അധ്യാപക-അനധ്യാപക കലോത്സവം നടത്തുന്നു.

## Expected Outcome

- അധ്യാപകരിൽ കലാവാസന വർദ്ധിപ്പിക്കുകയും മികച്ച സഹകരണ മനോഭാവം വളർത്തുകയും ചെയ്യുന്നു. കലയിലും മറ്റും മികച്ച കഴിവുള്ള അധ്യാപകരെ കണ്ടെത്താൻ ഇത് സഹായിക്കുന്ന.ു കൂടാതെ അധ്യാപകരുടെ കഠിനാധ്വാനവും സമർപ്പണവും അംഗീകരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ഒരു വേദിയായി ഇത് മാറുന്നു.

## Process

ജനുവരി ഒന്നിന് സ്കൂൾ ഒഫീഷ്യൽ ഗ്രൂപ്പിൽ ഒരു ഗൂഗിൾ ഫോം ക്രിയേറ്റ് ചെയ്ത് പോസ്റ്റ് ചെയ്യുന്നതാണ്. പങ്കെടുക്കുന്ന ഇനങ്ങളിൽ എല്ലാവരും അവരുടെ പേര് രജിസ്റ്റർ ചെയ്ത് ഏതൊക്കെ ഇനങ്ങളിൽ ആണ് പങ്കെടുക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നു. ശേഷം പ്രവർത്തി ദിവസങ്ങളിൽ ഉച്ചയ്ക്ക് 1.30 മുതൽ 2 മണിവരെ പ്രാക്ടീസ് ചെയ്യുന്നതാണ്. മൂന്ന് മണിക്കൂർ ദൈർഘ്യമുള്ള അധ്യാപകരുടെയും അനധ്യാപകരുടെയും ഒരു കലാമേള ഹയർ സെക്കന്ററി സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് ഫെബ്രുവരി 18ന് രാവിലെ 10 മുതൽ 1 മണിവരെ നടത്തപ്പെടുകയും ചെയ്യുന്നു. മികച്ച പ്രകടനത്തിന് സമ്മാനാർഹരായ അധ്യാപകരെ അന്നേദിവസം തന്നെ അനുമോദിക്കുകയും സമ്മാനം നൽകുകയും ചെയ്യുന്നു.

| | | |
|---|---|---|
| Budget | : | 1000 |
| Duration | : | 3 hours |
| Date | : | Febrary 18 |
| Venue | : | Higher Secondary Auditorium |
| No. of Students involved | : | As per registration |
| Teachers in charge | : | Nashida Saleem, Abijith, Raji P |

# സ്പോർട്സ്

# ആന്വൽ സ്പോർട്സ് ട്രെയിനിംഗ് ക്യാമ്പ്

പി.എം.എസ്.എ. വി.എച്ച്.എസ്.എസ്. ചാപ്പനങ്ങാടിയിലെ വിദ്യാർത്ഥികൾക്കായി സ്കൂളിൽ സ്പോർട്സ് ക്യാമ്പ് സംഘടിപ്പിക്കും.

## Expected Outcome

- **Physical fitness:** ക്യാമ്പിൽ പങ്കെടുക്കുന്നവർ വിവിധ കായിക വിനോദപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. ശരീരികക്ഷമത, കരുത്ത്, മൊത്തത്തിലുള്ള ക്ഷേമം എന്നിവ പ്രോത്സാഹിപ്പിക്കുന്നു. പതിവുവ്യായാമം അമിത വണ്ണത്തിനുള്ള സാധ്യത കുറയ്ക്കാനും ഹൃദയാരോഗ്യം മെച്ചപ്പെടുത്താനും മോട്ടോർ കഴിവുകളും ഏകോപനവും വർദ്ധിപ്പിക്കാനും സഹായിക്കുന്നു.
- **Skill Development:** പരിചയസമ്പന്നരായ പരിശീലകരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് വിവിധ കായിക ഇനങ്ങളിൽ അവരുടെ കഴിവുകൾ പഠിക്കാനും മെച്ചപ്പെടുത്താനും അവസരമുണ്ട്. അവർ തന്റെ കഴിവുകളിൽ ആത്മവിശ്വാസം നേടുകയും പുതിയ കഴിവുകളോ താൽപ്പര്യങ്ങളോ കണ്ടെത്തുകയും ചെയ്തേക്കാം.
- **Teamwork and Sportsmanship:** ടീം സ്പോർട്സ്, സഹകരണ പ്രവർത്തനങ്ങൾ എന്നവയിലൂടെ ടീം വർക്ക്, ആശയവിനിമയം, സഹകരണം എന്നിവയുടെ മൂല്യ വിദ്യാർത്ഥികൾ പഠിക്കുന്നു. ന്യായമായ കളി, എതിരാളികളോടുള്ള ബഹുമാനം, ജനയത്തിലും തോൽവിയിലും പ്രതിരോധം തുടങ്ങിയ സ്പോർട്സ്മാൻഷിപ്പ് ഗുണങ്ങൾ അവരിൽ വികസിക്കുന്നു.
- **Social Interaction:** വിദ്യാർത്ഥികൾക്ക് വ്യത്യസ്ത ഗ്രേഡ് തലങ്ങളിൽ നിന്നും പശ്ചാത്തലങ്ങളിൽ നിന്നുമുള്ള സമപ്രായക്കാരുമായി സംവദിക്കാൻ കഴിയുന്ന ഒരു സാമൂഹിക ക്രമീകരണം ക്യാമ്പ് നൽകുന്നു. ഇത് പങ്കാളികൾക്കിടയിൽ ഉൾക്കൊള്ളൽ, സൗഹൃദം എന്നിവ പ്രോത്സാഹിപ്പിക്കുന്നു. സ്കൂളിനുള്ളിൽ സ്വന്തമായ ഒരു ബോധനവും സമൂഹവും വളർത്തുന്നു.
- **Leadership and personal Growth:** ടീം ക്യാപ്റ്റൻമാരോ, ഉപോദേശകരോ അല്ലെങ്കിൽ പ്രവർത്തനങ്ങളുടെ സംഘാടകരോ ആകട്ടെ, നേതൃത്വപരമായ റോളുകൾ ഏറ്റെടുക്കാൻ വിദ്യാർത്ഥികൾക്ക് അവസരങ്ങൾ ഉണഅടായേക്കാം. നേതൃത്വപരമായ കഴിവുകൾ, തീരുമാനമെടുക്കാനുള്ള കഴിവുകൾ, ആത്മവിശ്വാസം എന്നിവ വികസിപ്പിക്കാൻ ഈ അനുഭവങ്ങൾ സഹായിക്കുന്നു.
- **Health Awareness:** പോഷകാഹാരം, പരിക്ക് തടയൽ, മാനസികാരോഗ്യം തുടങ്ങിയ വിഷയങ്ങളിൽ വിദ്യാഭ്യാസ ശിൽപശാലകളും ചർച്ചകളും ക്യാമ്പ് പ്രോഗ്രാമിൽ ഉൾപ്പെടുത്താവുന്നതാണ്. കളിക്കളത്തിനകത്തും പുറത്തും ആരോഗ്യകരമായ ജീവിതശൈലി നിലനിർത്തുന്നതിനെക്കുറിച്ച് വിദ്യാർത്ഥികൾ വിലപ്പെട്ട അറിവും അവബോധവും നേടുന്നു.
- **School Spirit and pride:** ക്യാമ്പിലെ പങ്കാളിത്തം വിദ്യാർത്ഥികളിൽ സ്കൂളിന്റെ അഭിമാനവും ഐക്യവും വളർത്തുന്നു. (സ്പോർട്സ്) കായികപ്രവർത്തനങ്ങളിൽ അവരുടെ സ്കൂളിനെ പ്രതിനിധീകരിക്കുന്നതും സ്കൂൾ നിറങ്ങളോ ജേഴ്സികളോ ധരിക്കുന്നതും പോസിറ്റീവ് സ്കൂൾ ഐഡന്റിറ്റിയെ ശക്തിപ്പെടുത്തുകയും സ്കൂൾ സംസ്കാരം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.
- **Long-term Engagement:** ക്യാമ്പ് കാലയളവിനപ്പുറം കായിക, ശാരീരിക പ്രവർത്തനങ്ങളിൽ തുടർന്നും പങ്കെടുക്കാൻ ക്യാമ്പ് അനുഭവം വിദ്യാർത്ഥികളെ പ്രചോദിപ്പിച്ചേക്കാം. അവർക്ക് സ്കൂൾ സ്പോർട്സ് ടീമുകളിലോ കമ്മ്യൂണിറ്റി ലീഗുകകളിലോ സ്വന്ത്രമായി വിനോദ പ്രവർത്തനങ്ങളിൽ ഏർപ്പെടാം, ഇത് ആജീവനാന്ത സജീവമായ ശീലങ്ങളിലേക്ക് നയിക്കുന്നു.

## Process

താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് ക്യാമ്പിൽ പങ്കെടുക്കാവുന്നതാണ്. ജൂൺ 5 ന് ക്യാമ്പ് തുടങ്ങുന്നതാണ്. ഫുട്ബോൾ ക്രിക്കറ്റ്, റസ്‌ലിംഗ്, ഖൊ ഖൊ, അത്‌ലറ്റിക്സ്, കബഡി എന്നീ ഇനങ്ങൾക്ക് ആയിരിക്കും ക്യാമ്പ് നടത്തപ്പെടുന്നത്. തിങ്കൾ മുതൽ ശനി വരെ (4.15 to 6 pm) ആയിരിക്കും ക്യാമ്പ്.

| | | |
|---|---|---|
| Budget | : | 25000 |
| Duration | : | One Academic Year |
| Venue | : | School Ground |
| No. of Students involved | : | 200 |
| Teachers in charge | : | Mohammed Shaffiq N, Jyothish, Abdul Raheem C |

# കായികദിനം

സ്കൂളിലെ വിദ്യാർത്ഥികൾക്കായി കായികദിനം സംഘടിപ്പിക്കുന്നു.

## Expected Outcome

- യുവകായിക താരങ്ങളെ കണ്ടെത്താൻ കഴിയുന്നു.
- കായിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുന്നു.
- കായികക്ഷമത വികസിപ്പിക്കുന്നു.
- സബ്ബ് ജില്ലാതല കായികമത്സരത്തിൽ പങ്കെടുക്കാനുള്ള കുട്ടികളെ കണ്ടെത്താൻ കഴിയുന്നു.

## Process

16.09.2025, 17.09.2025 തിയ്യതികളിൽ നടത്തപ്പെടുന്ന ആന്വൽ സ്പോർട്സ് മീറ്റിൽ മുൻകൂട്ടി പേര് നൽകുന്ന വിദ്യാർത്ഥികളെ 4 ഹൗസിൽ ആയി തിരിച്ച് അത്‌ലറ്റിക് മത്സരങ്ങൾ നടത്തപ്പെടും. ജൂൺ 19 മുതൽ 4 ഹൗസുകളായി വിദ്യാർത്ഥികളെ തരംതിരിച്ച് ജൂലൈ 15 ന് മുമ്പായി ഹൗസ് ചാർജുള്ള അധ്യാപകർ വഴി എൻട്രികൾ സമർപ്പിക്കുന്നു.

| | | |
|---|---|---|
| Budget | : | 25000 |
| Duration | : | 3 days |
| venue | : | School Ground |
| No. of Students involved | : | 2000 |
| Teachers in charge | : | Mohammed Shaffiq N |

# സ്പോർട്സ് ക്വിസ്

പി.എം.എസ്.എ. വി.എച്ച്.എസ്.എസ്. ചാപ്പനങ്ങാടിയിലെ വിദ്യാർത്ഥികൾക്കായി സ്കൂളിൽ കായിക ദിനത്തിൽ സ്പോർട്സ് ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.

## Expected Outcome

- വിദ്യാർത്ഥികൾക്ക് സ്പോർട്സിനെക്കുറിച്ച് അറിവ് ലഭിക്കുന്നു.
- ലോക കായിക ഇനങ്ങളെക്കുറിച്ച് അറിവ് ലഭിക്കുന്നു.
- ലോകോത്തര കായികതാരങ്ങളെക്കുറ്ച്ച വ്യക്തമായ അറിവ് ലഭിക്കുന്നു.

## Process

ദേശീയ കായികദിനത്തിൽ സ്കൂളിലെ വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരം സംഘടിപ്പിക്കും. ക്ലാസ് തല മത്സരത്തിനായി ഓരോ ക്ലാസിൽ നിന്നും രണ്ടുവീതം വിദ്യാർത്ഥികളെ തിരഞ്ഞെടുത്ത് മത്സരം സംഘടിപ്പിക്കുന്നു.

| | | |
|---|---|---|
| Budget | : | 2000 |
| Duration | : | 1 day |
| Date | : | 29 August 2025 |
| Venue | : | School Auditorium |
| No. of Students involved | : | 66 |
| Teachers in charge | : | Mohammed Shaffiq N |

# Footie Fest - ഫുട്ബോൾ ടൂർണ്ണമെന്റ്

എല്ലാ ക്ലാസ്സുകളിൽ നിന്നും ക്ലാസ്സടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന കുട്ടികളുടെ ടീമുകൾ മത്സരിക്കുന്ന ഫുട്ബോൾ ടൂർണ്ണമെന്റ്.

## Expected Outcome

- കുട്ടികളിൽ മാനസികവും ശാരീരികവും ആയ ശേഷി പരിപോഷിക്കപ്പെടുന്നു.
- പന്താട്ടം എന്ന പരിപാടിയിലൂടെ ഫുട്ബോൾ എന്ന കായിക വിനോദത്തെക്കുറിച്ചും അതിന്റെ വിവിധ മത്സരക്രമങ്ങളെക്കുറിച്ചും കുട്ടികൾക്ക് നന്നായി മനസ്സിലാക്കാൻ കഴിയുന്നു.
- ടീമിലെ കുട്ടികൾക്കിടയിൽ ഐക്യം, സഹകരണ മനോഭാവം, കൂറ്, സമർപ്പണബോധം, താൽപര്യമനോഭാവം മുതലായവ വളർത്തിയെടുക്കുന്നു.
- കുട്ടികൾക്കിടയിൽ സംഘബോധം അഭിപ്രായസ്വാതന്ത്ര്യം എന്നിവ വളർത്തിയെടുക്കാൻ സഹായിക്കുന്നു.

## Process

8 മുതൽ 10 വരെ ക്ലാസ്സുകളിൽ നിന്നായി 32 ടീമുകളെ കണ്ടെത്തുന്നു. ലോകകപ്പ് മാതൃകയിൽ മത്സരക്രമങ്ങൾ തയ്യാറാക്കുന്നു. സ്കൂൾ ഗ്രൗണ്ടിൽവെച്ചാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. ഫുട്ബോൾ രംഗത്ത് പ്രഗത്ഭനായ വ്യക്തിയെ കൊണ്ട് ഉദ്ഘാടന കർമ്മം നിർവ്വഹിക്കുന്നു. മത്സരങ്ങൾ നടത്തി വിജയികളെ കണ്ടെത്തി ട്രോഫികളും മെഡലുകളും സമ്മാനിക്കുന്നു.

| | | |
|---|---|---|
| Duration | : | 2 Week |
| Budget | : | 10,000 |
| Date | : | October 10 to October 15 |
| venue | : | School Ground |
| No. of Students involved | : | As per Registration |
| Teachers in charge | : | Muhammed Shaffiq N, Salman P |

# പ്രവൃത്തിപരിചയം

# ക്ലബ്ബ് രൂപീകരണം

സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ പ്രവൃത്തി പരിചയത്തെക്കുറിച്ച് ധർണ്ണയും താൽപര്യവും ഉള്ള കുട്ടികളെ ഉൾപ്പെടുത്തി ക്ലബ്ബ് രൂപീകരിക്കുന്നു.

## Expected Outcome

- വിദ്യാർത്ഥികൾ കരകൗശല മേഖലയിൽ പ്രാവീണ്യം നേടുന്നു.
- വിദ്യാർത്ഥികളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നു.
- പ്രവൃത്തിപരിചയത്തെ കുറിച്ച് വിദ്യാർത്ഥികളിൽ അനുകൂലചിന്ത, മനോഭാവം എന്നിവ വികസിപ്പിക്കുന്നു.

## Process

ജൂൺ രണ്ടാം വാരത്തിൽ ഓരോ ക്ലാസുകളിൽ നിന്നും രണ്ട് വീതം കുട്ടികളെ കണ്ടെത്തി പ്രവൃത്തി പരിചയ ക്ലബ്ബിൽ അംഗങ്ങളാക്കുന്നു.

| | | |
|---|---|---|
| Budget | : | Nil |
| Duration | : | One day |
| Date | : | June 13 |
| Venue | : | School Hall |
| No. of Students involved | : | 66 |
| Teachers in cahrge | : | Jancy J |

# ഏകദിന ശിൽപശാല

ഫാബ്രിക് പെയിന്റുമായി ബന്ധപ്പെട്ട അറിവുകൾ ഉയർത്തുന്നതിന് വേണ്ടി ഏകദിന ശിൽപശാല

## Expected Outcome

- ഫാബ്രിക് പെയിന്റിങ്ങിൽ കുട്ടികളുടെ ശേഷി വർദ്ധിക്കുന്നു.

## Process

ജൂലൈ അഞ്ചിന് കുട്ടികൾക്കായി ഏകദിന ശിൽപശാല നടത്തുന്നു. താൽപര്യമുള്ള എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കുന്നു.

| | | |
|---|---|---|
| Budget | : | 5000 |
| Duration | : | One day |
| Date | : | July 5 |
| Venue | : | School Hall |
| No. of Students involved | : | As per registration |
| Teachers in charge | : | Jancy J |

# സ്കൂൾ പ്രവൃത്തി പരിചയമേള

സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ പ്രവൃത്തി പരിചയമേളക്ക് മത്സരിക്കുന്ന കുട്ടികളിൽ നിന്നും ഏറ്റവും കഴിവുള്ള വിദ്യാർത്ഥിയെ തെരഞ്ഞെടുക്കുന്നു.

## Expected Outcome

- എല്ലാ ഇനങ്ങളിലും കുട്ടികളെ മത്സരിപ്പിക്കുന്നു.
- ഇതിൽ നിന്നും ഏറ്റവും മികച്ച കുട്ടിയെ കണ്ടെത്തുന്നു.

## Process

ജൂലൈ അവസാനവാരത്തിൽ വിവിധ മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികളെ കണ്ടെത്തുകയും ആഗസ്റ്റ് ആദ്യവാരത്തിൽ മേള നടത്തുകയും ചെയ്യുന്നു.

| | | |
|---|---|---|
| Budget | : | 2500 |
| Duration | : | One day |
| Date | : | 2025 July 20 |
| Venue | : | School Classroom |
| No. of Students involved | : | All students |
| Teachers in charge | : | Jancy J |

## ജില്ലാ, സബ്ജില്ലാ സംസ്ഥാനതല മത്സരങ്ങൾക്ക് കുട്ടികളെ തയ്യാറാക്കൽ

സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ പ്രവൃത്തി പരിചയമേളക്ക് മത്സരിക്കുന്ന കുട്ടികളിൽ നിന്നും ഏറ്റവും കഴിവുള്ള വിദ്യാർത്ഥിയെ തെരഞ്ഞെടുക്കുന്നു.

### Expected Outcome

- തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് സബ്ജില്ലയിലേക്ക് മത്സരിക്കാനാവശ്യമായ ക്ലാസ്സുകൾ നൽകുന്നു.
- കുട്ടികളിൽ മാനസികമായ ആത്മവിശ്വാസം നൽകുന്നു.

### Process

തെരഞ്ഞെടുത്ത കുട്ടികൾക്ക് ആഗസ്റ്റ് രണ്ടാം വാരത്തോടുകൂടി ഓരോ വിഭാഗത്തിനുമനുസരിച്ച് വളരെ മികച്ച രീതിയിൽ പരിശീലനം നൽകുന്നു. എല്ലാ തയ്യാറെടുപ്പുകളോടെയും പ്രവൃത്തി പരിചയമേളയിൽ മുഴുവൻ ഇനങ്ങളിൽ പങ്കെടുക്കുകയും ഇതിലൂടെ സ്കൂളിന്റെ നിലവാരം മെച്ചപ്പെടുത്തുന്നു. തുടർന്ന് നടത്തുന്ന ജില്ലാ സംസ്ഥാന തല മത്സരങ്ങൾക്ക് കുട്ടികളെ സജ്ജരാക്കുന്നു.

| | | |
|---|---|---|
| Budget | : | 20000 |
| Duration | : | 3 months |
| Venue | : | School Hall |
| No. of Students involved | : | Selected students |
| Teachers in charge | : | Jancy J |

# ഫുഡ് ഫെസ്റ്റ്

## Expected Outcome

- ആരോഗ്യം ശ്രദ്ധിക്കുക എന്നത് ഓരോ മനുഷ്യന്റെയും അടിസ്ഥാന ആവശ്യമാണ്. ന്യൂജെൻ മക്കൾക്ക് പോഷകാഹാരത്തെക്കുറിച്ചുള്ള അറിവില്ലായ്മ പുതിയതലമുറയുടെ ആരോഗ്യസ്ഥിതിയെ കാര്യമായി ബാധിക്കുന്നുണ്ട്. ഇതിനെക്കുറിച്ചുള്ള അവബോധം കുട്ടികളിൽ സൃഷ്ടിക്കാൻ സഹായിക്കുന്നു.
- മായംചേർത്ത പാക്കറ്റ് ഫുഡ് കുട്ടികളിൽ ഉണ്ടാക്കുന്ന ഹോർമോൺ മാറ്റങ്ങളെക്കുറിച്ചും അതുവഴി ഉണ്ടാക്കുന്ന ശാരീരികമാനസിക പ്രശ്നങ്ങൾ എന്തൊക്കെ എന്ന് കണ്ടെത്തുവാനും അതിനു പരിഹാരങ്ങൾ നിർദ്ദേശിക്കുവാനും സാധിക്കുന്നു.
- പ്രവൃത്തി പരിചയമേളയിലെ 'ന്യൂട്രീഷ്യസ് ഫുഡ്' ഇനത്തിൽ മത്സരിക്കാൻ കുട്ടികൾക്ക് പ്രചോദനം ലഭിക്കുന്നു.

## Process

3 പേരടങ്ങുന്ന 15 ഓളം ടീമുകളെ കണ്ടെത്തുന്നു. നേരത്തെ സജ്ജീകരിച്ച ഹാളിൽ അവർക്കാവശ്യമുള്ള സൗകര്യങ്ങളോടെ നിർദ്ദേശങ്ങൾ കൊടുത്ത് തയ്യാറാക്കി നിർത്തുന്നു. അവിടെ ലൈവ് ആയോ വീടുകളിൽ നിന്ന് തയ്യാറാക്കിയോ വിഭവങ്ങൾ കൊണ്ടുവരാവുന്നതാണ്. ശേഷം ജഡ്ജ്മാർക്ക് മുന്നിൽ അവരുടെ വിഭവങ്ങൾ അവരുടെ ഭാവനക്കനുസരിച്ച് പ്രദർശിപ്പിക്കാവുന്നതാണ്.

| | | |
|---|---|---|
| Duration | : | 1 Day |
| Budget | : | 3000 |
| Date | : | September 28, 2025 |
| Venue | : | School Hall |
| No. of Students involved | : | As per Registration |
| Teachers in charge | : | Jancy J |

# സ്കൂൾ
# വിനോദ - പഠനയാത്രകൾ

# വിദ്യാർത്ഥികൾക്കായുള്ള ഏകദിന വിനോദയാത്ര

| | |
|---|---|
| സ്ഥലം | കൊച്ചി |
| തിയ്യതി | ഒക്ടോബർ 4 |
| സന്ദർശിക്കാനുദ്ദേശിക്കുന്ന സ്ഥലങ്ങൾ | മറൈൻ ഡ്രൈവ് ബോട്ടിംഗ് മെട്രോ ട്രെയിൻ |
| പ്രതീക്ഷിക്കുന്ന അനുഗമിക്കുന്ന അധ്യാപകരുടെ എണ്ണം | 30 |
| പ്രതീക്ഷിക്കുന്ന ചിലവ് | 450000 |
| ചുമതലയുള്ള അധ്യാപകർ | സൽമാൻ പി, മുഹമ്മദ് ഷഫീഖ് എൻ |

## Expected Outcome

- കുട്ടികളിൽ പുതുമയും ഉല്ലാസവും ഉണ്ടാക്കുന്നു.
- കുട്ടികളിൽ തിരിച്ചറിവ് ഉണ്ടാക്കുന്നു.
- വ്യത്യസ്ത സ്ഥലങ്ങളുടെ സാമൂഹികവും സാംസ്കാരികവും കാലാവസ്ഥാപരവുമായ വൈവിധ്യങ്ങൾ മനസ്സിലാക്കാൻ കുട്ടികൾക്ക് സാധിക്കുന്നു.
- കുട്ടികൾ തമ്മിലുള്ള പരസ്പര ബന്ധവും സൗഹൃദവും ഊട്ടിയുറപ്പിക്കുന്നു.
- അധ്യാപകർക്ക് കുട്ടികളെ ആഴത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നു.

# വിദ്യാർത്ഥികൾക്കായുള്ള ത്രിദിന പഠനയാത്ര

| | |
|---|---|
| സ്ഥലം | മൈസൂർ, ബാംഗ്ലൂർ/കുടക് |
| തിയ്യതി | ഒക്ടോബർ 19 മുതൽ 21 വരെ |
| സന്ദർശിക്കാനുദ്ദേശിക്കുന്ന സ്ഥലങ്ങൾ | മൈസൂർ, കുടക് എന്നിവിടങ്ങളിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ,<br>പ്രകൃതി രമണീയമായ സ്ഥലങ്ങൾ |
| പ്രതീക്ഷിക്കുന്ന കുട്ടികളുടെ പങ്കാളിത്തം | 250 |
| പ്രതീക്ഷിക്കുന്ന അനുഗമിക്കുന്ന അധ്യാപകുരടെ എണ്ണം | 12 |
| പ്രതീക്ഷിക്കുന്ന ചിലവ് | 1000000 |
| ചുമതലയുള്ള അധ്യാപകർ | സൽമാൻ പി, മുഹമ്മദ് ഷഫീഖ് എൻ |

## Expected Outcome

- കുട്ടികളിൽ പുതുമയും ഉല്ലാസവും ഉണ്ടാക്കുന്നു.
- കുട്ടികളിൽ തിരിച്ചറിവ് ഉണ്ടാക്കുന്നു.
- വ്യത്യസ്ത സ്ഥലങ്ങളുടെ സാമൂഹികവും സാംസ്കാരികവും കാലാവസ്ഥാപരവുമായ വൈവിദ്ധ്യങ്ങൾ മനസ്സിലാക്കാൻ കുട്ടികൾക്ക് സാധിക്കുന്നു.
- കുട്ടികൾ തമ്മിലുള്ള പരസ്പരബന്ധവും സൗഹൃദവും ഊട്ടിയുറപ്പിക്കുന്നു.
- അധ്യാപകർക്ക് കുട്ടികളെ ആഴത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നു.
- കുട്ടികൾക്ക് ഇന്ത്യാ ചരിത്രത്തെക്കുറിച്ചുള്ള നേർക്കാഴ്ചയും അവബോധവും നേടിയെടുക്കാൻ കഴിയുന്നു.

# വിദ്യാർത്ഥികൾക്കായുള്ള ഏകദിന പഠനയാത്ര

| | |
|---|---|
| സ്ഥലം | മൂന്നാർ |
| തിയ്യതി | നവംബർ 9 |
| സന്ദർശിക്കാനുദ്ദേശിക്കുന്ന സ്ഥലങ്ങൾ | മൂന്നാർ, മൊറയൂർ, രാജമല മറ്റു ടൂറിസ്റ്റ് സ്പോട്ടുകൾ |
| പ്രതീക്ഷിക്കുന്ന കുട്ടികളുടെ പങ്കാളിത്തം | 100 |
| പ്രതീക്ഷിക്കുന്ന അനുഗമിക്കുന്ന അധ്യാപകരുടെ എണ്ണം | 12 |
| പ്രതീക്ഷിക്കുന്ന ചിലവ് | 150000 |
| ചുമതലയുള്ള അധ്യാപകർ | സൽമാൻ പി, മുഹമ്മദ് ഷഫീഖ് എൻ |

## Expected Outcome

- കുട്ടികളിൽ പുതുമയും ഉല്ലാസവും ഉണ്ടാക്കുന്നു.
- കുട്ടികളിൽ തിരിച്ചറിവ് ഉണ്ടാക്കുന്നു.
- വ്യത്യസ്ത സ്ഥലങ്ങളുടെ സാമൂഹികവും സാംസ്കാരികവും കാലാവസ്ഥാപരവുമായ വൈവിദ്ധ്യങ്ങൾ മനസ്സിലാക്കാൻ കുട്ടികൾക്ക് സാധിക്കുന്നു.
- കുട്ടികൾ തമ്മിലുള്ള പരസ്പരബന്ധവും സൗഹൃദവും ഊട്ടുയുറപ്പിക്കുന്നു.
- അധ്യാപകർക്ക് കുട്ടികളെ ആഴത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നു.
- കുട്ടികൾക്ക് ഇന്ത്യാ ചരിത്രത്തെക്കുറിച്ചുള്ള നേർക്കാഴ്ചയും അവബോധവും നേടിയെടുക്കാൻ കഴിയുന്നു.
- കുളിരണിഞ്ഞ മലമ്പാതകളിലൂടെയും കാടുകളിലൂടെയും കാട്ടു മൃഗങ്ങൾക്കിടയിലൂടെയുമുള്ള യാത്ര കുട്ടികൾക്ക് പുതിയ ഒരനുഭവം നൽകുന്നു.

# സ്റ്റാഫംഗങ്ങളുടെ കേരളത്തിനു പുറത്തേക്കുള്ള ദീർഘദൂര വിനോദയാത്ര

| | |
|---|---|
| സ്ഥലം | ഡൽഹി |
| തിയ്യതി | ഡിസംബർ 21 മുതൽ 29 വരെ |
| സന്ദർശിക്കാനുദ്ദേശിക്കുന്ന സ്ഥലങ്ങൾ | ആഗ്ര, ഡൽഹി, മറ്റു ടൂറിസ്റ്റ് സ്പോട്ടുകൾ |
| പ്രതീക്ഷിക്കുന്ന സ്റ്റാഫംഗങ്ങളുടെ എണ്ണം | 30 |
| പ്രതീക്ഷിക്കുന്ന ചിലവ് | 500000 |
| ചുമതലയുള്ള അധ്യാപകർ | സൽമാൻ പി, മുഹമ്മദ് ഷഫീഖ് എൻ |

## Expected Outcome

- തിരക്ക് പിടിച്ച ഔദ്യോഗിക ജീവിതത്തിന്റെ സമ്മർദ്ദങ്ങളിൽ നിന്നും അയവ് ലഭിക്കുന്നു.
- സ്റ്റാഫംഗങ്ങളുടെ കുടുംബങ്ങൾ തമ്മിൽ നല്ല ബന്ധങ്ങൾ സൃഷ്ടിക്കപ്പെടുന്നു.
- പരസ്പര സഹകരണങ്ങളുടെ പുതിയ വാതായനങ്ങൾ സൃഷ്ടിക്കപ്പെടുന്നു.
- സഹപ്രവർത്തകർ തമ്മിൽ കൂടുതൽ അടുത്തറിയുന്നു.

# സ്റ്റാഫംഗങ്ങൾക്ക് ഏകദിന വിനോദയാത്ര

| | |
|---|---|
| സ്ഥലം | ഇടുക്കി |
| തിയ്യതി | ജനുവരി 14 |
| സന്ദർശിക്കാനുദ്ദേശിക്കുന്ന സ്ഥലങ്ങൾ | രാമക്കൽമേട്, വാഗമൺ, ഇടുക്കി ഡാം |
| പ്രതീക്ഷിക്കുന്ന സ്റ്റാഫംഗളുടെ എണ്ണം | 40 |
| പ്രതീക്ഷിക്കുന്ന ചിലവ് | 100000 |
| ചുമതലയുള്ള അധ്യാപകർ | സൽമാൻ പി, മുഹമ്മദ് ഷഫീഖ് എൻ |

## Expected Outcome

- തിരക്കുപിടിച്ച ഔദ്യോഗിക ജീവിതത്തിന്റെ സമ്മർദ്ദങ്ങളെ അതിജീവിക്കാൻ കഴിയുന്നു.
- സ്റ്റാഫംഗങ്ങൾ പരസ്പരം കൂടുതൽ അടുത്തറിയാൻ സാധിക്കുന്നു.
- സ്റ്റാഫംഗങ്ങളുടെ കലാപരമായ വിവിധ കഴിവുകൾ പ്രകടിപ്പിക്കാൻ കഴിയുന്നു.

# സ്കൗട്ട് & ഗൈഡ്സ്

# പൂന്തോട്ട നിർമ്മാണം

സ്കൗട്ട് & ഗൈഡ്സ് കുട്ടികളുടെ നേതൃത്വത്തിൽ സ്കൂൾ ക്യാമ്പസ്സിൽ പൂന്തോട്ടം നിർമ്മിക്കുന്നു.

## Expected Outcome

- പ്രകൃതിയെയും മണ്ണിനെയും സ്നേഹിക്കാനും പരിചരിക്കാനും കഴിയുന്നു.
- വിവിധയിനം സസ്യങ്ങളെയും പൂക്കളെയും കുറിച്ച് അറിവ് ലഭിക്കുന്നു.
- ഗാർഡനിംഗ് എന്ന കലയിൽ കുട്ടികൾ മാനസിക ഉല്ലാസം നേടുന്നു.

## Process

സ്കൗട്ട് & ഗൈഡ്സ് കുട്ടികളുടെ നേതൃത്വത്തിൽ സ്കൂളിലെ നിശ്ചയിക്കപ്പെട്ട സ്ഥലത്ത് ഒരു മനോഹരമായ പൂന്തോട്ടം നിർമ്മിക്കുന്നു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ജൂൺ 5ന് ഇതിന് തുടക്കം കുറിക്കുകയും ചെയ്യുന്നു. സ്ഥലം വൃത്തിയാക്കിയും ചെടികൾ ശേഖരിക്കുകയും ചെയ്തതിനുശേഷം ഒരു വർഷത്തെ നീണ്ട പരിശ്രമത്തിന്റെ ഫലമായി നല്ലൊരു പൂന്തോട്ടം നിർമ്മിക്കുന്നു.

| | | |
|---|---|---|
| Budget | : | 3000 |
| Duration | : | 1 year |
| Date | : | 05.06.2025 |
| Venue | : | School Campus |
| No. of students involved | : | All scouts and Guides |
| Teachers in charge | : | Habeeb Rahman, Jiyas C |

# ലഹരി വിരുദ്ധ റാലിയും തെരുവുനാടകവും

ലഹരി വിരുദ്ധദിനത്തോടനുബന്ധിച്ച് റാലിയും തെരുവ് നാടകവും സംഘടിപ്പിക്കുന്നു.

## Expected Outcome

- ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് കുട്ടികൾക്കും പൊതുജനങ്ങൾക്കും അറിവ് ലഭിക്കുന്നു.
- തെരുവ് നാടകത്തിലൂടെ നല്ലൊരു സന്ദേശം പൊതുജനങ്ങളിലേക്ക് എത്തിക്കാൻ കുട്ടികൾക്ക് കഴിയുന്നു.
- കുട്ടികൾക്ക് അവരുടെ കഴിവുകളെ തിരിച്ചറിയാൻ കഴിയുന്നു.

## Process

ജൂൺ 26 ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് സ്കൗട്ട് & ഗൈഡ്സ് കുട്ടികൾ സ്കൂളിൽ നിന്നും ചാപ്പനങ്ങാടി-കൂരിയാട് റോഡ് ജംഗ്ഷൻ വരെ റാലിയും അവിടെവെച്ച് തെരുവ് നാടകവും സംഘടിപ്പിക്കുന്നു. പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്യുകയും കുട്ടികൾ തന്നെ തയ്യാറാക്കിയ ലഹരിവിരുദ്ധ പ്ലക്കാർഡുകളും കയ്യിൽ പിടിച്ചുകൊണ്ടാണ് കുട്ടികൾ റാലിയിൽ പങ്കെടുക്കുന്നത്.

| | | |
|---|---|---|
| Budget | : | 1500 |
| Duration | : | 2.30 hours |
| Date | : | 26.06.2025 |
| Venue | : | Kooriyad Road Junction |
| No. of Students involved | : | All Scouts & Guides Students |
| Teachers in charge | : | Fasila N, Raji P, Jiyas C, Abdul Raheem A |

# SCARF DAY ആചരണവും ബോധവത്ക്കരണ ക്ലാസ്സും

Scarf day യോടനുബന്ധിച്ച് സ്കൗട്ട്സ് & ഗൈഡ്സ് അധ്യാപകരെ സ്കാർഫ് അണിയിച്ചു ആദരിക്കുന്നു.

## Expected Outcome

- സ്കൗട്ട്സ് & ഗൈഡ്സ് യൂണിഫോമിന്റെ പ്രാധാന്യം കുട്ടികൾ മനസ്സിലാക്കുന്നു.
- സ്കൗട്ട്സ് & ഗൈഡ്സ് പ്രസ്ഥാനത്തെക്കുറിച്ച് കുട്ടികൾക്ക് കൂടുതൽ അറിവ് ലഭിക്കുന്നു.
- സാമൂഹ്യസേവനത്തിന്റെ പ്രാധാന്യം കുട്ടികൾ അറിയുന്നു.

## Process

ആഗസ്റ്റ് 1 Scarf day യോടനുബന്ധിച്ച് Scarf day ആചരണവും ബോധവത്ക്കരണ ക്ലാസ്സും സംഘടിപ്പിക്കുന്നു. പി.ടി.എ പ്രസിഡന്റ് പ്രോഗ്രാം ഉദ്ഘാടനം ചെയ്യുന്നു. എല്ലാ സ്കൗട്ട്സ് & ഗൈഡ്സ് ക്യാപ്റ്റൻമാരെയും സ്കാർഫ് അണിയിച്ച് ആദരിക്കുന്നു. മുഖ്യാതിഥിയായി എത്തുന്ന ശ്രീ. അബ്ദുറഹ്മാൻ സ്കൗട്ട്സ് & ഗൈഡ്സ് കുട്ടികൾക്കായി ക്ലാസ്സ് നൽകുന്നു.

| | | |
|---|---|---|
| Budget | : | 1500 |
| Duration | : | 3 hours |
| Date | : | 01.08.2025 |
| Venue | : | School Hall |
| No. of students involved | : | 15 Pairs (30 students) |
| Teachers in charge | : | Habeeb Rahman |

# മോക്ക് ഡ്രിൽ പ്രോഗ്രാം

പ്രകൃതിദുരന്തസമയത്ത് എങ്ങനെ പ്രതികരിക്കണമെന്ന് കുട്ടികൾക്ക് ബോധവത്ക്കരണം നടത്താനുള്ള പരിപാടി.

## Expected Outcome

- ദുരിന്തനിവാരണ പ്രവർത്തനങ്ങളിൽ കുട്ടികൾ പങ്കാളികളാവുന്നു.
- സാമൂഹിക സേവന സന്നദ്ധത കുട്ടികളിൽ ഉണ്ടാകുന്നു.
- പ്രകൃതി ദുരന്തങ്ങൾ, മറ്റ് ആപത്തുകൾ എന്നിവ എങ്ങനെ നേരിടണം എന്ന് കുട്ടികൾ മനസ്സിലാക്കുന്നു.

## Process

ഫയർ & റെസ്ക്യൂ വകുപ്പിലെ വിദഗ്ധരെ വിദ്യാലയത്തിലേക്ക് ക്ഷണിക്കുകയും ഏതെങ്കിലും ഒരു സാമൂഹിക വിപത്ത് കൃത്യമായി സൃഷ്ടിച്ച് ഉടൻ തന്നെ കുട്ടികൾക്കിടയിൽ അതിന്റെ പരിഹാരമാർഗ്ഗങ്ങൾ കാണിച്ചുകൊടുക്കുന്നു. അതിനുശേഷം ദുരന്തനിവാരണ ക്ലാസ്സ് നൽകുന്നു.

| | | |
|---|---|---|
| Budget | : | 2000 |
| Duration | : | 2.30 hours |
| Date | : | 05.10.2025 |
| Venue | : | School campus |
| No. of Students involved | : | 80 |
| Teachers in charge | : | Abdul Raheem A, Sulabadas P |

# സ്കൗട്ട്സ് & ഗൈഡ്സ് ക്യാമ്പ്

സ്കൗട്ട്സ് & ഗൈഡ്സ് കുട്ടികൾക്കായി സ്കൂൾതല ക്യാമ്പ് സംഘടിപ്പിക്കുന്നു.

## Expected Outcome

- ക്യാമ്പ് ജീവിതത്തെക്കുറിച്ച് കുട്ടികൾക്ക് അറിവ് ലഭിക്കുന്നു.
- വിവിധ സാഹചര്യങ്ങളിൽ കുട്ടികൾ പരസ്പര സഹകരണത്തോടെ നിലനിൽക്കാൻ പഠിക്കുന്നു.
- പരിമിത സൗകര്യങ്ങളുള്ള സാഹചര്യങ്ങളിലും ജീവിക്കാനാവശ്യമായ ആത്മവിശ്വാസവും കഴിവും ആർജ്ജിക്കുന്നു.

## Process

ഒക്ടോബർ 7, 8, 9 തിയ്യതികളിലായി സ്കൂളിൽ സ്കൗട്ട്സ് & ഗൈഡ്സ് ക്യാമ്പ് സംഘടിപ്പിക്കുന്നു. സീനിയർ അധ്യാപകനും സ്കൗട്ട് മാസ്റ്ററുമായ സുജിത്ത് സാറിന്റെ നേതൃത്വത്തിൽ മൂന്ന് ദിവസ ക്യാമ്പാണ് നടക്കുന്നത്. ക്ലാസ്സുകളും കളികളും ക്യാമ്പ് ഫയർ, ക്യാമ്പ് ട്രിപ്പ് എന്നിവയും ഈ ക്യാമ്പിന്റെ പ്രത്യേകതകളാണ്.

| | | |
|---|---|---|
| Budget | : | 5000 |
| Duration | : | 3 days |
| Date | : | 2025 October 7, 8, 9 |
| Venue | : | School campus |
| No. of Students involved | : | 80 |
| Teachers in charge | : | All Scout Teachers |

# ജൂനിയർ റെഡ് ക്രോസ് (ജെ.ആർ.സി)

# ലോകഭക്ഷ്യദിനം (ഏകദിന സെമിനാർ)

കുട്ടികളുടെ ഭൗതികവും ശാരീരികവുമായ വളർച്ചയ്ക്ക് ആവശ്യമായ പോഷകങ്ങൾ ഉൾപ്പെട്ട ഭക്ഷണക്രമം പരിചയപ്പെടുന്നതും കുട്ടികളിൽ ലൈംഗിക അവബോധം വളർത്തുന്നതിന് ഊന്നൽ നൽകിയുമുള്ള ഏകദിന സെമിനാർ നടത്തുന്നു.

## Expected Outcome

- ജങ്ക് ഫുഡ് ഒഴിവാക്കുവാൻ കുട്ടികൾ തീരുമാനിക്കുന്നു.
- ആരോഗ്യസംരക്ഷണത്തിൽ കുട്ടികൾ താൽപര്യം കാണിക്കുന്നു.
- കൃത്യമായ വ്യായാമ ശീലം തുടങ്ങുന്നു.
- വളർച്ചക്ക് ആവശ്യമായ ഭക്ഷണക്രമം ശീലമാക്കുന്നു.
- കുടുംബാംഗങ്ങളുടെ ഭക്ഷണക്രമത്തിൽ മാറ്റം വരുത്തുന്നു.
- ലൈംഗിക അവബോധം കുട്ടികളിൽ വളരുന്നു.
- കുട്ടികളിലെ Sexual Assault നെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നു.

## Process

ഹൈസ്കൂൾ വിഭാഗം ജെ.ആർ.സി വിദ്യാർത്ഥികൾക്കുവേണ്ടി നല്ല ആരോഗ്യവും ഭക്ഷണശീലവും എന്ന വിഷയത്തിൽ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ സ്കൂൾ ഹാളിൽ വെച്ച് 2 മണിക്കൂർ നീളുന്ന ഒരു ആരോഗ്യസെമിനാർ സംഘടിപ്പിക്കുന്നു.

| | | |
|---|---|---|
| Budget | : | 1500 |
| Duration | : | 2 hours |
| Date | : | October 16 |
| Venue | : | School Hall |
| No. of Students involved | : | 60 |
| Teachers' in charge | : | Jyothish Krishna, Safeeda |

# മാരിയില്ലാ മഴക്കാലം

വിവിധതരം മഴക്കാലരോഗങ്ങളെക്കുറിച്ചും അവയുടെ കാരണങ്ങളെക്കുറിച്ചും ധാരണ കൈവരിക്കുന്നതിനും മഴക്കാലരോഗങ്ങൾ പ്രതിരോധിക്കാനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും പരിസര ശുചിത്വത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവാൻമാരാക്കുന്നതിനുള്ള ഷോർട്ട് വീഡിയോ നിർമ്മാണം.

## Expected Outcome

- മഴക്കാലരോഗങ്ങളെക്കുറിച്ചും രോഗാണുക്കളെക്കുറിച്ചും കുട്ടി ധാരണ കൈവരിക്കുന്നു.
- മഴക്കാല രോഗങ്ങൾ പ്രതിരോധിക്കാനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുന്നു.
- കൊതുകുജനയരോഗങ്ങൾ, ജലജന്യരോഗങ്ങൾ എന്നിവയെക്കുറിച്ചും അവയുടെ കാരണങ്ങളെക്കുറിച്ചും ധാരണ കൈവരിക്കുന്നു.
- വ്യക്തിശുചിത്വം നല്ല ആരോഗ്യശീലം എന്നിവയെക്കുറിച്ച് കുട്ടി ധാരണ കൈവരിക്കുന്നു.
- പരിസരശുചീകരണ പരിപാടികളിൽ കുട്ടി പങ്കാളിയാകുന്നു. അതിലൂടെ രോഗങ്ങളെ നിയന്ത്രിക്കാനും അകറ്റി നിർത്താനും കുട്ടി മുൻകയ്യെടുക്കുന്നു.
- സാമൂഹികബോധം കുട്ടികളിൽ വളരുന്നു.

## Process

മഴക്കാലരോഗങ്ങളെക്കുറിച്ചും അവയുടെ ഉറവിടങ്ങളെക്കുറിച്ചും കുട്ടികളോട് വിവരശേഖരണം നടത്താൻ പറയുന്നു. ഇത്തരം രോഗങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം ഉണ്ടാക്കുന്ന തരത്തിൽ ഷോർട്ട് വീഡിയോ ഉണ്ടാക്കുന്നതിനും വേണ്ടിയാണ് ഇത്തരത്തിൽ വിവിരശേഖരണം നടത്തുന്നതെന്ന് കുട്ടികളോട് പറയുന്നു. ടീച്ചേഴ്സും കുട്ടികളെ സഹായിക്കുന്നു.

വിവരശേഖരണം നടത്തിയതിന് ശേഷം ഷോർട്ട് വീഡിയോ തയ്യാറാക്കുന്നതിനുള്ള സ്ക്രിപ്റ്റ് കുട്ടികളും ടീച്ചേഴ്സും 1.30 മുതൽ 2 വരെയുള്ള സമയങ്ങളിൽ തയ്യാറാക്കുന്നു. ഈ വീഡിയോകൾ കുട്ടികൾ തന്നെയാണ് ഷൂട്ട് ചെയ്യുന്നത്. ഇത്തരത്തിൽ 3 വീഡിയോകൾ ഷൂട്ട് ചെയ്യുന്നു. ഫസ്റ്റ് വീഡിയോ ജൂൺ 20 ന് പുറത്തിറക്കുന്നു. സെക്കന്റ് വീഡിയോ ജൂലൈ 16, തേർഡ് വീഡിയോ ആഗസ്റ്റ് 12 എന്നീ തിയ്യതികളിൽ പുറത്തിറക്കുന്നു.

| | | |
|---|---|---|
| Budget | : | 1000 |
| Druation | : | One day |
| Date | : | June 20, July 16, August 12 |
| Venue | : | School Class room |
| No. of students involved | : | 30 |
| Teachers in charge | : | Jyothish Krishna, Safeeda |

# ഡ്രൈ ഡേ

പരിസര ശുചീകരണബോധം കുട്ടികളിൽ വളർത്താൻ വേണ്ടി സംഘടിപ്പിക്കുന്ന പരിപാടി.

## Expected Outcome

- പരിസര ശുചീകരണബോധം കുട്ടികളിൽ വളരുന്നു.
- അവർ ഉൾപ്പെട്ട ചുറ്റുപാടിനെയും കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും ശുചിത്വം ഉറപ്പാക്കുന്നു.
- സമൂഹത്തിന് നല്ലൊരു മാതൃക നൽകാൻ അവർ പ്രാപ്തരാകുന്നു.
- കുട്ടി ഉൾപ്പെട്ട പരിസരം വൃത്തിയായി സൂക്ഷിക്കുവാനുള്ള മനോഭാവം വളർത്തിടെയുക്കുന്നു.
- പങ്കാളിത്ത മനഃസ്ഥിതി കുട്ടികളിൽ വളരുന്നു

| | | |
|---|---|---|
| Budget | : | 500 |
| Duration | : | One academic Year |
| Date | : | 1st Friday of every month |
| Venue | : | School |
| No. of students involved | : | 10 |
| Teachers in charge | : | Jyothish Krishna, Safeeda |

# പാലിയേറ്റീവ് കെയർ ക്ലാസ്സ്

കിടപ്പുരോഗികളെക്കുറിച്ചും രോഗാവസ്ഥയെക്കുറിച്ചും രോഗീപരിചരണത്തെക്കുറിച്ചും കുട്ടികളിൽ അവബോധം ഉണ്ടാക്കാനുള്ള ബോധവൽക്കരണ ക്ലാസ്സ്.

## Expected Outcome

- പ്രായമായവരോയും രോഗികളോടും ആശയവിനിമയം നടത്തുക വഴി അവരിൽ അനുഭവപ്പെടുന്ന ഏകാന്തതയും മാനസിക സംഘർഷത്തെയും ഒഴിവാക്കാൻ സാധിക്കുന്നു.
- പ്രായമായവരെ പരിചരിക്കേണ്ട ആവശ്യകതയെക്കുറിച്ച് മനസ്സിലാക്കുന്നു.
- സഹായ മനസ്ഥിതി വളർത്തുന്നു.
- ആപത്ഘട്ടങ്ങളിൽ പരിചരിക്കാനുള്ള ക്ഷമത വർദ്ധിപ്പിക്കുന്നു.
- നേതൃത്വപാടവം വർദ്ധിപ്പിക്കുന്നു.
- സഹജീവികളോടുള്ള മനോഭാവത്തിലും സമീപനത്തിലും മാറ്റം വരുത്തുന്നു.
- രോഗങ്ങളെക്കുറിച്ചും പ്രത്യേകിച്ച് മാരക രോഗങ്ങളെക്കുറിച്ചും ബോധ്യമുണ്ടാകുന്നു.
- ബോഡ് സ്കോർ പോലെയുള്ള മുറിവുകൾ വൃത്തിയാക്കുന്നതിനും മരുന്നുകൾ വെക്കുന്നതിനും ഉള്ള കഴിവ് ലഭിക്കുന്നു.
- രക്തം കാണുമ്പോൾ ഉള്ള ഭയം ഇല്ലാതാകുന്നു.
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ സഹായിക്കുന്നതിനുള്ള മനോഭാവം വളരുന്നു.
- സ്വയം രോഗവിമുക്തനായി ഇരിക്കാനുള്ള മന:സ്ഥിതി നേടുന്നു.

## Process

ചാപ്പനങ്ങാടി പാലിയേറ്റീവ് ട്രെയിനേഴ്സിനെ ഉപയോഗിച്ച് ജൂലൈ 5, ഒക്ടോബർ 26 എന്നീ തിയ്യതികളിൽ രോഗീപരിചരണത്തെക്കുറിച്ച് ക്ലാസ്സുകൾ കൊടുക്കുകയും ഇത്തരം കാര്യങ്ങളിൽ അവബോധം വളർത്തുകയും ചെയ്യുന്നു. അതിനുശേഷം എല്ലാ മാസവും ഒരു ശനിയാഴ്ച (ഇത് പാലിയേറ്റീവ് ട്രെയിനർമാരുടെ സൗകര്യത്തിന് തീരുമാനിക്കുന്നു.) പാലിയേറ്റീവ് വളണ്ടിയർമാരുടെ കൂടെ 4 കുട്ടികളെ വീതം രോഗീപരിചരണത്തിന് പറഞ്ഞയക്കുന്നു. ഇത് കുട്ടികളിൽ രോഗീ പരിചരണത്തെക്കുറിച്ച് മനസ്സിലാക്കാൻ സഹായിക്കുന്നു.

ജൂലൈ 5 ലെ ആദ്യ ക്ലാസ്സിനുശേഷം ജെ.ആർ.സി കുട്ടികളുടെ മീറ്റിംഗ് ജൂലൈ 7 തിങ്കൾ 1.30 ന് സ്കൂൾ ഹാളിൽ കൂടുന്നു. കുട്ടികളുടെ വീടിന്റെ പരിസരത്ത് പരിചരണം ആവശ്യമുണ്ടായിട്ടും കിട്ടാത്ത രോഗികൾ ഉണ്ടെങ്കിൽ കണ്ടെത്താൻ പറയുന്നു. ഇത്തരത്തിലുള്ള കുട്ടികളുടെ പാലിയേറ്റീവ് നെറ്റ്‌വർക്കിലൂടെ കണ്ടെത്തുന്നു. രോഗികളുടെ വിവരങ്ങൾ ചാപ്പനങ്ങാടി പാലിയേറ്റീവ് കെയറിന് കൈമാറുകയും ആവശ്യമുള്ള രോഗികൾക്ക് ഉചിതമായ പരിചരണം കിട്ടുന്നു എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

| | | |
|---|---|---|
| Budgt | : | 1500 |
| Duration | : | Half day session |
| Date | : | July 5 , October 26 |
| Venue | : | School Hall |
| No. of Students involved | : | Basic A, B, C level |
| Teachers in charge | : | Jyothish Krishna, Safeeda |

# സ്കൂൾ ഗാർഡൻ

വിദ്യാലയത്തിന്റെ സൗന്ദര്യവൽക്കരണത്തിന് വേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ.

## Expected Outcome

- കുട്ടികളിൽ പ്രകൃതിയോടുള്ള സ്നേഹം വർദ്ധിക്കുന്നു.
- ചെടികളും മരങ്ങളും നട്ടുപരിപാലിക്കുന്നതിനുള്ള താൽപര്യം കുട്ടികളിൽ ഉണരുന്നു.
- കലാബോധം വളർത്തുന്നു.
- കായികക്ഷമത വർദ്ധിപ്പിക്കുന്നു.

## Process

സ്കൂൾ ഓഫീസിന്റെ മുൻവശം പൂച്ചെടികൾ കൊണ്ട് അലങ്കരിക്കുന്നു. ഇതിനായി പരിമിത എണ്ണത്തിൽ ബോഗൻ വില്ല നടുകയും പരിചരിക്കുകയും ചെയ്യുന്നു.

| | | |
|---|---|---|
| Budget | : | 5000 |
| Duration | : | June - July |
| Date | : | June 29 |
| Venue | : | School Office |
| No. of students involved | : | 20 |
| Teachers in charge | : | Jyothish Krishna, Safeeda |

# ജൂനിയർ റെഡ് ക്രോസ് ക്യാമ്പ്

10-ാം തരം വിദ്യാർത്ഥികൾക്കായി ഡിസംബർ മാസത്തിൽ കുട്ടികളുടെ പാഠ്യപദ്ധതിയുടെ ഭാഗമായി ജൂനിയർ റെഡ് ക്രോസ് ക്യാമ്പ് നടത്തപ്പെടുന്നു.

## Expected Outcome

- പരിസ്ഥിതി സൗഹൃദ ക്യാമ്പ് നടത്തുന്നു.
- കുട്ടികളിൽ പരസ്പര സ്നേഹവും സഹകരണവും വളരുന്നു.
- കുട്ടികളിൽ ടീം വർക്ക് ഉണ്ടാകുന്നു.
- ഷെയറിംഗ് മെന്റാലിറ്റി വളരുന്നു.

## Process

പാഠ്യപദ്ധതിയുടെ ഭാഗമായിട്ട് കുട്ടികൾക്ക് ത്രിദിന ക്യാമ്പ് നടത്തുന്നു. 50 കുട്ടികളും 5 അധ്യാപകരും പങ്കെടുക്കുന്നു. ഡിസംബർ മാസത്തിലെ മൂന്ന് ദിവസം ഇതിനായി തെരഞ്ഞെടുക്കുന്നു. സ്കൂളിലായിരിക്കും ത്രിദിന ക്യാമ്പ് സംഘടിപ്പിക്കുക.

| | | |
|---|---|---|
| Budget | : | 1500 |
| Duration | : | One day - 3 day |
| Date | : | December 27, 28, 29 |
| Venue | : | School |
| No. of students involved | : | 50 |
| Teachers in charge | : | Jyothish Krishna, Safeeda |

# ലിറ്റിൽ കൈറ്റ്സ്

# സൈബർ സെക്യൂരിറ്റി ശിൽപശാല

ലിറ്റിൽ കൈറ്റ്സ് ന്റെ ആഭിമുഖ്യത്തിൽ പി.എം.എസ്.എ. വി.എച്ച്.എസ്.എസ്. ചാപ്പനങ്ങാടിയിലെ രക്ഷിതാക്കൾക്കു വേണ്ടി സൈബർ സെക്യൂരിറ്റിയെക്കുറിച്ചുള്ള ഏകദിന ശിൽപശാല.

## Expected Outcome

- സൈബർ സെക്യൂരിറ്റിയെക്കുറിച്ച രക്ഷിതാക്കൾ ബോധവാന്മാരാകുന്നു.
- ഡിജിറ്റൽ സാക്ഷരത കൈവരിക്കാൻ രക്ഷിതാക്കളെ പ്രാപ്തരാക്കുന്നു.

## Process

പാദവാർഷിക പരീക്ഷക്കുശേഷമുള്ള പിടി.എ മീറ്റിംഗിൽ സൈബർ സെക്യൂരിറ്റിയെക്കുറിച്ചും സാങ്കേതിക വിദ്യയുടെ ഗുണപരമായ ഉപയോഗം എങ്ങിനെയെന്നും പഠിപ്പിക്കുന്ന ഒരു ശിൽപശാല രക്ഷിതാക്കൾക്കായി സംഘടിപ്പിക്കുന്ന വിവരം അറിയിക്കുന്നു.

ആഗസ്റ്റ് 5 ന് ഗ്രൂപ്പുകളിൽ ഷെയർ ചെയ്യുന്ന ഗൂഗിൾ ഫോം വഴി താൽപര്യമുള്ള രക്ഷിതാക്കളെ രജിസ്റ്റർ ചെയ്യിപ്പിക്കുകയും അതിൽ നിന്നും ആദ്യം രജിസ്റ്റർ ചെയ്ത 30 പേർക്ക് സെപ്റ്റംബർ 24 (ബുധനാഴ്ച) രാവിലെ 10 മുതൽ ഉച്ചക്ക് 1 മണി വരെ സ്കൂൾ ഹാളിൽ വെച്ച് ശിൽപശാല നടത്തുകയും ചെയ്യുന്നു.

| | | |
|---|---|---|
| Budget | : | 1000 |
| Druation | : | Full day (September 24) |
| Date | : | September 24 |
| No. of parents involved | : | 30 |
| Teachers in charge | : | Abijith, Sulabadas |

# നാഷണൽ മീൻസ് കം മെറിറ്റ് (NMMS)

# NMMS സ്കോൾഷിപ്പ് പരിശീലനം

ഉന്നത പഠന നിലവാരം പുലർത്തുന്ന 8-ാം ക്ലാസിലെ വിദ്യാർത്ഥികളെ തിരഞ്ഞെടുത്ത് NMMS സ്കോളർഷിപ്പിനായി തയ്യാറാക്കുന്നു.

## Expected Outcome

- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും ഉന്നതപഠനനിലവാരം പുലർത്തുന്നതുമായ കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്നു.
- മത്സര പരീക്ഷകൾ നേരിടാൻ പ്രാപ്തരാവുന്നു.
- കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നു.
- പത്താം ക്ലാസിൽ 100 A+ എന്ന ലക്ഷ്യത്തിലേക്കുള്ള കുട്ടികളെ നേരത്തെതന്നെ കണ്ടെത്തുന്നു.

## Process

- എട്ടാം ക്ലാസിൽ അഡ്മിഷൻ എടുത്ത കുട്ടികൾക്ക് അഡ്മിഷൻ സമയത്തുതന്നെ NMMS പരീക്ഷയെക്കുറിച്ച് അറിയിക്കുകയും താൽപര്യമുള്ള കുട്ടികളെ പ്രത്യേകം ഗ്രൂപ്പാക്കി തിരിക്കുകയും ചെയ്യുന്നു.
- സ്കൂൾ തുറന്നശേഷമുള്ള ആദ്യത്തെ ശനിയാഴ്ച NMMS താൽപര്യമുള്ള കുട്ടികൾക്ക് ഒരു അഭിരുചി ക്ലാസ് സംഘടിപ്പിക്കുകയും അതിനുശേഷം യു.പി. വിഷയങ്ങളെ അടിസ്ഥാനമാക്കി ഒരു സ്ക്രീനിംഗ് ടെസ്റ്റ് നടത്തുന്നു.
- ഈ കുട്ടികളെ പ്രത്യേകം ഡിവിഷനുകളിൽ ഇരുത്തുന്നു.
- സ്ക്രീനിംഗ് ടെസ്റ്റിനുശേഷം തിരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ രക്ഷിതാക്കളെ വിവളിച്ച് NMMS മത്സരപരീക്ഷയെക്കുറിച്ചും അതിന് കുട്ടികളെ തയ്യാറാക്കുന്ന രീതികളെക്കുറിച്ചും ഓറിയന്റേഷൻ ക്ലാസ് നൽകുന്നു.
- ജൂൺ രണ്ടാം വാരം മുതൽ ഇവർക്കുള്ള സ്പെഷ്യൽ കോച്ചിംഗ് സ്കൂൾ സമയത്തുതന്നെ ക്ലാസുകളിൽ അധ്യാപകർ നൽകുന്നു.
- ജൂലൈ ആദ്യവാരംമുതൽ വൈകുന്നേരവും എല്ലാ ശനിയാഴ്ചകളും വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അധ്യാപകർ പ്രത്യേക ടൈംടേബിൾ പ്രകാരം കുട്ടികൾക്ക് ക്ലാസ്സെടുക്കുന്നു.
- എല്ലാ വെള്ളിയാഴ്ചകളിലും വൈകുന്നേരം ആ ആഴ്ചയിൽ എടുത്ത പാഠഭാഗങ്ങളുടെ മാതൃകാ പരീക്ഷ നടത്തുന്നു.
- ഓരോ മാസവും അതത് മാസങ്ങളിൽ എടുത്ത പാഠഭാഗങ്ങളുടെ മാതൃകാ പരീക്ഷ നടത്തുന്നു.
- NMMS പരീക്ഷയുടെ തിയ്യതിക്ക് മുന്നോടിയായി 4 മാതൃകാ പരീക്ഷകൾ നടത്തുന്നു. (പരീക്ഷ തിയ്യതി തീരുമാനിച്ചശേഷം അറിയിക്കും)
- മാതൃകാപരീക്ഷയുടെ ഉത്തരപേപ്പറുകൾ വിലയിരുത്തിയതിനുശേഷം പരീക്ഷയുടെ തലേദിവസം വരെ പരിശീലന ക്ലാസുകൾ തുടരുന്നു.
- ജൂലൈ അവസാനവാരം മുതൽ മുഴുവൻ വിദ്യാർത്ഥികളുടെയും വീടുകൾ സന്ദർശിക്കും.
- പരീക്ഷാ ഫലപ്രഖ്യാപനത്തിനുശേഷം വിജയികളെ വീടുകളിൽ പോയി മധുരം നൽകി അനുമോദിക്കുന്നു. തുടർന്ന് അടുത്തുവരുന്ന വിജയോത്സവത്തിൽ വെച്ച് മെമന്റോ കൊടുത്ത് അനുമോദിക്കുന്നു.

| | | |
|---|---|---|
| Budget | : | 3000 |
| Duration | : | June 2025-December 2025 |
| Teachers | : | Salman P, Mohammed Shafeeque M,<br>Jiyas C, Rashid V.P |

# BEAP- വിജയസ്പർശം

# BEAP വിജയസ്പർശം

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, കണക്ക് എന്നീ വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന 8-ാം ക്ലാസിലെ കുട്ടികളെ കണ്ടെത്തി മുൻനിരയിലേക്ക് എത്തിക്കാൻ വേണ്ടി നടപ്പിലാക്കുന്ന പദ്ധതി.

## Expected Outcome

- മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷാവിഷയങ്ങൾ എഴുതാനും വായിക്കാനും കഴിയുന്നു.
- ഗണിതശാസ്ത്രത്തിലെ ചതുഷ്ക്രിയകൾ തിരിച്ചറിയുന്നു.
- കുട്ടികളിലെ കലാപരമായ കഴിവുകൾ തിരിച്ചറിയുന്നു.
- ഭാഷാവിഷയങ്ങിലെ കുട്ടികളിലെ പോരായ്മകൾ നികത്തുന്നു.

## Process

**സ്റ്റേജ് 1 :** 05.06.2025 ബുധാഴ്ച 8-ാം ക്ലാസ്സിലെ എല്ലാ ഡിവിഷനിൽ നിന്നും മലയാളം, ഇംഗ്ലീഷ്, കണക്ക്, ഹിന്ദി എന്നീ വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിനുവേണ്ടി എല്ലാ കുട്ടികൾക്കും പ്രീ-ടെസ്റ്റ് നടത്തുന്നു.

**ടെസ്റ്റ് നടത്തുന്ന രീതി –** മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ വായിപ്പിക്കുന്നു. അധ്യാപകർ വായിക്കുന്നത് എഴുതാൻ പറയുന്നു. ഗണിതത്തിലെ ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന ചോദ്യങ്ങൾ നൽകി ഉത്തരം കണ്ടെത്താൻ ആവശ്യപ്പെടുന്നു. വിലയിരുത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു.

**സ്റ്റേജ് 2 :** 24.06.2025 തിങ്കളാഴ്ച എച്ച്.എമ്മിന്റെ നേതൃത്വത്തിൽ കണ്ടെത്തിയ കുട്ടികളുടെ രക്ഷിതാക്കളുടെ യോഗം സംഘടിപ്പിക്കുന്നു. കുട്ടികളുടെ നിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. കുട്ടികളുടെ ഭാഷാപരമായ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനുള്ള മലയാളത്തിളക്കം പദ്ധതിയുടെ പ്രാധാന്യവും ക്ലാസിനെക്കുറിച്ചും രക്ഷിതാക്കൾക്ക് നിർദ്ദേശങ്ങൾ നൽകുന്നു.

**സ്റ്റേജ് 3 :** 01.07.2025 തിങ്കളാഴ്ച മുതൽ എല്ലാ ദിവസവും 2 മുതൽ 3.30 വരെ ആസാദ് സച്ചിൻ സാറിന്റെയും കോർഡിനേറ്റർമാരുടെയും നേതൃത്വത്തിൽ റെമഡിയൽ ക്ലാസുകൾ ആരംഭിക്കുന്നു. ആഴ്ചയിൽ എല്ലാ വെള്ളിയാഴ്ചയും കോർഡിനേറ്റർമാർ ക്ലാസുകൾ സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു.

**സ്റ്റേജ് 4 :** ക്ലാസിന്റെ പുരോഗതി നിർണ്ണയിക്കാൻവേണ്ടി ഓരോ മാസവും അവസാനത്തെ വെള്ളിയാഴ്ച പരീക്ഷകൾ നടത്തുന്നു. മൂല്യനിർണ്ണയം നടത്തി ഓരോ കുട്ടിയുടെയും മാർക്കുകൾ രണ്ടുദിവസത്തിനകം (തിങ്കൾ) രക്ഷിതാക്കളെ ഫോണിൽ വിളിച്ചും വാട്സാപ്പ് ഗ്രൂപ്പിലൂടെയും അറിയിക്കുന്നു. പരീക്ഷകളിൽ ഉയർന്ന നിലവാരം പുലർത്തിയവർക്ക് സമ്മാനങ്ങൾ നൽകി അഭിനന്ദിക്കുന്നു.

**സ്റ്റേജ് 5 :** പഠനത്തിൽ കുട്ടികൾക്ക് ഉണ്ടായ മാറ്റങ്ങൾ രക്ഷിതാക്കൾക്ക് നേരിട്ട് കാണാനുള്ള അവസരം ഒരുക്കുന്നതിന് എച്ച്.എം, സീനിയർ അധ്യാപകർ, കോർഡിനേറ്റർമാർ എന്നിവരുടെ നേതൃത്വത്തിൽ 06.01.2026 തിങ്കളാഴ്ച വീണ്ടും രക്ഷിതാക്കളുടെ യോഗം വിളിക്കുന്നു. കുട്ടികൾക്ക് വായിക്കാനും എഴുതാനുമുള്ള അവസരങ്ങൾ നൽകി കുട്ടികൾ അവരുടെ മാറ്റങ്ങൾ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. നന്നായി പ്രകടനം നടത്തിയ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി അഭിനന്ദിക്കുന്നു.

| | | |
|---|---|---|
| Budget | : | 6000 |
| Duration | : | 1 year |
| No. of Students involved | : | 50 |
| Teachers in charge | : | Azad Sachin, Academic Conveners |

# Learning Leap

എസ്.എസ്.എൽ.സി വിദ്യാർത്ഥികളുടെ പഠനനിലവരാരം ഉയർത്തുന്നതിനുള്ള പദ്ധതി.

## Expected Outcome

- കുട്ടികളെ മൂല്യവത്തായ വിദ്യാഭ്യാസത്തിലൂടെയും മാർഗ്ഗദർശനത്തിലൂടെയും എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കാൻ സഹായിക്കുന്നു.
- പഠനനിലവാരം കുറഞ്ഞ കുട്ടികൾ നിരന്തര പ്രയത്നത്തിലൂടെ വിജയം കൈവരിക്കാനുള്ള ആത്മവിശ്വാസം കൈവരിക്കുന്നു.
- നിരന്തരമായ കോച്ചിങ്ങിലൂടെയും പ്രോത്സാഹത്തിലുടെയും പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളെ സ്വപരിശ്രമത്താലെ പരീക്ഷകളെ നേരിടാനുള്ള പ്രാപ്തി നേടിക്കൊടുക്കുന്നു.

## Process

2025-26 വർഷത്തിലെ Learning Leap ന്റെ പ്രവർത്തന ആരംഭം എന്ന നിലക്ക് ജൂലൈ 13 ന് വൈകുന്നേരം 3.50 മുതൽ 4.40 വരെ ഈവനിംഗ് ക്ലാസുകൾ തുടങ്ങുകയും ജൂലൈ 21ന് ഒന്നാം മിഡ്ടേം പരീക്ഷ നടത്തുന്നു. ഓണപ്പരീക്ഷയ്ക്ക് മുമ്പായി SRG കൺവീനർമാരുടെ നേതൃത്വത്തിൽ സബ്ജക്ട് കൗൺസിൽ കൂടുകയും ബിലോ ആവറേജ് വിദ്യാർത്ഥികൾക്ക് എടുക്കാനുള്ള ബി പ്ലസ് മോഡ്യൂളുകൾ തയ്യാറാക്കി Learning Leap കോഡിനേറ്റർമാരെ ഏൽപ്പിക്കാനും അറിയിക്കുന്നു. ശേഷം സെപ്റ്റംബർ മാസത്തിൽ ഓണപ്പരീക്ഷ വളരെ കർശന നിരീക്ഷണത്തിൽ നടത്തുകയും ഓണപ്പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ ക്ലാസുകൾ സജ്ജീകരിക്കുകയും ചെയ്യുന്നു. ഒക്ടോബർ 7ന് മോർണിംഗ് - ഈവനിംഗ് ക്ലാസുകൾ തുടങ്ങുകയും ഓണപ്പരീക്ഷക്കുശേഷം സജ്ജീകരിച്ച ബിലോ ആവറേജ് ഇംഗ്ലീഷ് മീഡിയം, മലയാളം മീഡിയം ക്ലാസുകളിൽ സബ്ജക്ട് കൺവീനർമാർ നൽകിയ പ്രകാരമുള്ള ബിപ്ലസ് മോഡ്യൂളുകൾ വളരെ കർക്കശമായി നടത്തുകയും ചെയ്യുന്നു.കൂടാതെ എ പ്ലസ് കുട്ടികൾക്കുള്ള കോച്ചിംഗ് ക്ലാസുകളും തുടങ്ങുന്നു. ഓക്ടോബർ 5ന് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ഒരു മോട്ടിവേഷൻ ക്ലാസ് സംഘടിപ്പിക്കുന്നു.

ഡിസംബർ മാസത്തിൽ തുടങ്ങുന്ന ക്രിസ്മസ് പരീക്ഷ വളരെ കർക്കശ്യത്തോടെ നടത്തുകയും ശേഷം ക്ലാസ് ടീച്ചറുടെ അടുത്ത് നിന്ന മാർക്ക് ലിസ്റ്റ് വാങ്ങി മാർക്കടിസ്ഥാനത്തിൽ കോച്ചിങ് കൊടുക്കേണ്ട കുട്ടികളെ സജ്ജീകരിക്കുകയും ചെയ്യുന്നു. മോർണിംഗ് - ഈവനിംഗ് ക്ലാസുകളിൽ കൂടുതലായും റിവിഷന് വേണ്ടി ഉപയോഗിക്കാൻ ക്ലാസുകളിലേക്ക് പോകുന്ന ടീച്ചേഴ്സിന് നിർദ്ദേശം നൽകുന്നു.

ജനുവരി 1 മുതൽ മോർണിംഗ് ഈവനിംഗ് ക്ലാസ് സമയങ്ങളിൽ സീരീസ് ടെസ്റ്റ് നടത്തുകയും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന ക്ലാസ്സുകളിൽ പരീക്ഷ നടത്തുന്നതിന് പകരം ചോദ്യപ്പേപ്പർ വായിച്ച് ഉത്തരം കണ്ടെത്താനും റിവിഷൻ നടത്താനും ആവശ്യപ്പെടുന്നു.

ജനുവരി 4ന് ഈ വർഷം പരീക്ഷ എഴുതുന്ന എല്ലാ കുട്ടികൾക്കും ഒരു ദിവസത്തെ മോട്ടിവേഷൻ ക്ലാസ് സംഘടിപ്പിക്കുന്നു. ഫെബ്രുവരി രണ്ടാം വാരത്തിൽ മോഡൽ എക്സാം നടത്തുകയും മൂല്യനിർണ്ണയം കഴിഞ്ഞശേഷം കുട്ടികൾക്ക് പേപ്പർ തിരിച്ചു കൊടുക്കുകയും ഏതെല്ലാം വിഷയങ്ങളിൽ ശ്രദ്ധിക്കാനുണ്ടെന്ന് അവരെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. മോഡൽ പരീക്ഷ കഴിഞ്ഞത് മുതൽ ഓരോ വിഷയത്തിലും മാർക്ക കുറഞ്ഞ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അതാതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ടീച്ചേഴ്സിനെ ഉപയോഗപ്പെടുത്തി നൈറ്റ് കോച്ചിങ്ങുകൾ സംഘടിപ്പിക്കുന്നു.

| | | |
|---|---|---|
| Budget | : | 50000 |
| Duration | : | One year |
| Venue | : | School |
| No. of students involved | : | All SSLC Students |
| Teachers in charge | : | Mohammed Shafeeque M, Salman P |

# സ്നേഹനിധി

# സ്നേഹനിധി

ബുധനാഴ്ചതോറും വിദ്യാർത്ഥികളിൽ നിന്നും 'ഒരു രൂപ' വീതം സമാഹരിച്ച് സ്കൂളിലെ അർഹരായ വിദ്യാർഥികൾക്ക് ചികിത്സാ സഹായം നൽകാനുള്ള പദ്ധതി

## Expected Outcome

- കുട്ടികളിൽ സഹാനുഭൂതി, അനുകമ്പ എന്നിവ വളരുന്നു.
- കുട്ടികളിൽ സഹായ മനസ്ഥിതി വളരുന്നു.
- സാമൂഹിക ജീവി എന്ന നിലയിലുള്ള ഉത്തരവാദിത്വം കുട്ടികൾ തിരിച്ചറിയുന്നു.
- പലതുള്ളി പെരുവെള്ളം എന്ന ആശയം അനുഭവങ്ങളിലൂടെ കുട്ടി മനസ്സിലാക്കുന്നു.
- വിദ്യാലയത്തിന്റെ സാമൂഹിക ഉത്തരവാദിത്വം നിറവേറ്റുന്നു.

## Process

സ്കൂളിലെ നിർധനരും മാരകരോഗങ്ങൾകൊണ്ട് കഷ്ടപ്പെടുന്നവരുമായ കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും ഒരു കൈത്താങ്ങ് എന്ന നിലയിൽ ആരംഭിച്ചതാണ്. 'സ്നേഹനിധി'. 2024 ൽ ആരംഭിച്ച ഈ പദ്ധതി മികച്ച പ്രവർത്തനങ്ങൾ നടത്തി ഇപ്പോഴും തുടരുന്നു. ഒരു രൂപ പദ്ധതിയാണെങ്കിലും എല്ലാ ബുധനാഴ്ചകളിലും സ്കൂളിലെ ഓരോ കുട്ടിയും തങ്ങളാൽ കഴിയുന്ന ചെറിയൊരു തുക ഇതിലേക്ക് സംഭാവന ചെയ്യുന്നു. സാമ്പത്തികമായും രോഗങ്ങൾകൊണ്ടും പ്രയാസപ്പെടുന്ന അർഹരായ വിദ്യാർത്ഥികളെയോ അവരുടെ കുടുംബാംഗങ്ങളെയോ കണ്ടെത്തിയാൽ പ്രധാനാധ്യാപികയും മറ്റ് അധ്യാപകരും ഉൾപ്പെടുന്ന സ്നേഹനിധി കമ്മറ്റിക്ക് മുമ്പിൽ ഇത് അവതരിപ്പിക്കുകയും തുടർന്ന് അവരുടെ വീടുകൾ സന്ദർശിച്ച് ബോധ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ ഒരു തുക സഹായമായി നൽകുകയും ചെയ്യുന്നു. ഇത്തരത്തിൽ ഇതുവരെ 30,000 രൂപയുടെ സഹായം നൽകിയിട്ടുണ്ട്. നിരവധി രോഗികൾക്ക് അവരുടെ തുടർചികിത്സക്ക് പണം നൽകി അവരെ ആരോഗ്യത്തോടെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാൻ ഈ പദ്ധതിക്ക് സാധിച്ചിട്ടുണ്ട്. സ്കൂളിൽനിന്ന് അപകടം സംഭവിക്കുന്ന കുട്ടികളുടെ ചികിത്സക്കും ഈ തുക വിനിയോഗിക്കുന്നു. ഓരോ ക്ലാസിൽ നിന്നും തെരഞ്ഞെടുത്ത കുട്ടികളെയും ഉൾപ്പെടുത്തിയാണ് ധനസഹായം കൈമാറുന്നത്. ഓരോ മാസവും ഏറ്റവും കൂടുതൽ തുക ശേഖരിച്ച ക്ലാസുകൾക്ക് പ്രത്യേക സമ്മാനവും നൽകുന്നു. ഇത് കുട്ടികളിൽ സഹജീവികളോടുള്ള സഹാനുഭൂതി, കരുണ തുടങ്ങിയവ ഉളവാക്കുന്നു.

| | | |
|---|---|---|
| Duration | : | One academic year |
| teachers in charge | : | Sudha Nambiar, Muhammed Abdul Jabbar |

# സ്കൂൾ ലൈബ്രറി

# സ്കൂൾ ലൈബ്രറി

നവീകരിച്ച ലൈബ്രറി ഉദ്ഘാടനവും ബഷീർ ദിനാഘോഷ പരിപാടികളും.

## Expected Outcome

- സ്വസ്ഥമായ വായനക്ക് അനുയോജ്യമായ സജ്ജീകരണങ്ങൾ കുട്ടികൾക്ക് ലൈബ്രറിയോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നു.
- വായന ജീവിതത്തിന്റെ ഒരു ഭാഗമായി മാറ്റാനും ഉയർന്ന ചിന്തയ്ക്കും നല്ല പെരുമാറ്റം ശീലിക്കാനും വഴിയൊരുക്കുന്നു.
- ബഷീർ എന്ന എഴുത്തുകാരനെ അതിന്റെ പൂർണ്ണതയിൽ പരിചയപ്പെടാൻ കുട്ടികൾക്ക് അവസരം ലഭിക്കുന്നു.
- ബഷീർ കഥാപാത്രങ്ങളുടെ ദൃശ്യാവിഷ്കാരത്തിലൂടെ ബഷീർ കുട്ടികളുടെ മനസ്സിൽ എക്കാലവും ജീവിക്കുന്നു.
- സർവ്വചരാചരങ്ങളും ഭൂമിയുടെ അവകാശികളെന്ന് ഉറക്കെ പറഞ്ഞ ബഷീറിലൂടെ ആ മഹത്തായ ആശയം ഉൾക്കൊള്ളാൻ കുട്ടിയും പ്രാപ്തനാവുന്നു.

## Process

ബഷീർ അനുസ്മരണ ദിനാഘോഷത്തിന്റെ ഭാഗമായി മലയാളം അധ്യാപകരുടെയും വിദ്യാരംഗം ക്ലബ്ബ് അംഗങ്ങളുടെയും മേൽനോട്ടത്തിൽ ബഷീർ കഥാപാത്രങ്ങളുടെ ദൃശ്യാവിഷ്കാരവും കൃതികളുടെ പ്രദർശനവും ചിത്രപ്രദർശനവും നടത്തുന്നു.

ഒരു പ്രമുഖ സാഹിത്യകാരനെ ക്ഷണിച്ച് ഉദ്ഘാടനം സംഘടിപ്പിക്കുന്നു.

| | | |
|---|---|---|
| Budget | : | 3000 |
| Duration | : | 1 month |
| Venue | : | School Hall |
| No. of Students involved | : | All students |
| Teachers in charge | : | Radhika |

# പുസ്തകക്കളരി - ക്ലാസ്റൂം ലൈബ്രറി

ഹൈസ്കൂൾ ക്ലാസുകളിൽ പുസ്തകക്കളരി എന്ന പേരിൽ ക്ലാസ്റൂം ലൈബ്രറി സംവിധാനം ഒരുക്കുന്നു.

## Expected Outcome

- കുട്ടികളിൽ വായനാശീലം വളരുന്നു.
- സർഗ്ഗാത്മകത പ്രോത്സാഹിപ്പിക്കുന്നു.
- ഭാഷാശേഷി വികസിക്കുന്നു.
- മറ്റു ലൈബ്രറികളിലേക്ക് വായനയുടെ ലോകം വളരുന്നു.

## Process

ഹൈസ്കൂൾ ക്ലാസുകളിലെ കുട്ടികൾക്ക് ക്ലാസ് റൂം ലൈബ്രറിയുടെ ആവശ്യകതയെക്കുറിച്ച് അവബോധം നൽകിയതിനുശേഷം കുട്ടികളിൽ നിന്നുതന്നെ പരമാവധി പുസ്തകങ്ങൾ സമാഹരിച്ച് പുസ്തകക്കളരിക്ക് തുടക്കമിടുന്നു.

മിടുക്കരായ രണ്ട് വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് ലൈബ്രേറിയന്റെ ചുമതലകൾ എന്തെല്ലാമെന്ന് പറഞ്ഞുകൊടുക്കുന്നു.

പലവിഭാഗങ്ങളിലായി കുട്ടികൾ കൊണ്ടുവരുന്ന പുസ്തകങ്ങൾ ചിട്ടപ്പെടുത്തി അധ്യാപകരുടെ മേൽനോട്ടത്തിൽ സ്കൂൾ ലൈബ്രറിയും ഉപയോഗപ്പെടുത്തി പുസ്തകക്കളരി സമ്പന്നമാക്കുന്നു.

ജൂലൈ 1 നുള്ളിലായി ഈ പ്രവർത്തനം പൂർത്തിയാക്കുന്നു.

| | | |
|---|---|---|
| Budget | : | Nil |
| Druation | : | 1 Month |
| Venue | : | School |
| No. of Students involved | : | All students |
| Teachers in charge | : | Radhika, Raji P |

# പിറന്നാൾ ലൈബ്രറി പദ്ധതി

## Expected Outcome

- വായനാശീലം വളരുന്നു
- വായനാശാലയിലെ പുസ്തകങ്ങളുടെ എണ്ണം വർദ്ധിക്കുന്നു.
- പുസ്തകങ്ങൾ അമൂല്യസമ്പത്താണ് എന്ന് തിരിച്ചറിവ് ഉണ്ടാകുന്നു.
- വായനശാലയുടെ വളർച്ചയിൽ കുട്ടിയും പങ്കാളിയാവുന്നു.

## Process

താൽപര്യമുള്ള കുട്ടികൾക്ക് സ്വന്തം പിറന്നാൾ ദിനത്തിൽ മിഠായി നൽകുന്നതിനു പകരം സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ നൽകുന്നതിന് നിർദ്ദേശം നൽകുന്നു. പുസ്തകം കൈമാറുന്നത് ഫോട്ടോ എടുത്ത് ക്ലാസ് ഗ്രൂപ്പുകളിൽ ഷെയർ ചെയ്ത് കുട്ടിയെ അഭിനന്ദിക്കുന്നു. ജൂൺ 27ന് പിറന്നാൾ ലൈബ്രറി പദ്ധതിക്ക് ആരംഭം കുറിക്കുന്നു.

| | | |
|---|---|---|
| Budget | : | Nil |
| Druation | : | 1 academic year |
| Date | : | 2025 June 27 |
| Venue | : | School Library |
| No. of Students involved | : | All students |
| Teachers in charge | : | Soumyamol K.P |

# ലൈബ്രറി ക്വിസ് മത്സരം

സ്കൂൾ ലൈബ്രറിയിലെ 5 പുസ്തകങ്ങളെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു.

## Expected Outcome

- കുട്ടികളിൽ വായനാശീലം വളരുന്നു.
- വിജ്ഞാനം വർദ്ധിക്കുന്നു
- സർഗ്ഗാത്മകത പ്രോത്സാഹിപ്പിക്കപ്പെടുന്നു.
- ഭാഷാശേഷി വികസിക്കുന്നു.

## Process

ജൂലൈ ആദ്യവാരത്തിൽ 5 പുസ്തകങ്ങളുടെ പേര് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. ഈ പുസ്തങ്ങളെ ആസ്പദമാക്കി ജൂലൈ അവസാനത്തിൽ (ജൂലൈ 30) ക്വിസ് മത്സരം നടത്തുന്നു. വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നു.

| | | |
|---|---|---|
| Budget | : | Nil |
| Dration | : | 1 Month |
| Date | : | 30.07.2024 |
| Venue | : | School Hall |
| No. of Students involved | : | All students |
| Teachers in charge | : | Radhika |

# ലൈബ്രറി ആസ്വാദനക്കുറിപ്പ് മത്സരം

സ്കൂൾ ലൈബ്രറിയിലെ 5 പുസ്തകങ്ങളെ ആധാരമാക്കി ആസ്വാദനക്കുറിപ്പ് മത്സരം നടത്തുന്നു.

## Expected Outcome

- കുട്ടികളിൽ വായനാതാൽപ്പര്യം വളരുന്നു.
- സർഗ്ഗാത്മകത വളരുന്നു.
- ആസ്വാദനശേഷി വികസിക്കുന്നു.

## Process

നവംബർ ആദ്യവാരത്തിൽ 5 പുസ്തകങ്ങളുടെ പേര് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. ഈ പുസ്തകങ്ങളെ ആധാരമാക്കി നവംബർ 30 ന് യു.പി., ഹൈസ്കൂൾ തലങ്ങളിൽ വെവ്വേറെ ആസ്വാദനക്കുറിപ്പ് മത്സരം നടത്തുന്നു. വിജയികൾക്ക് സമ്മാനം നൽകുന്നു.

| | | |
|---|---|---|
| Budget | : | Nil |
| Dration | : | 1 Month |
| Date | : | 30.07.2024 |
| Venue | : | School Hall |
| No. of Students involved | : | All students |
| Teachers in charge | : | Radhika |

# ജൈവ വൈവിധ്യ ക്ലബ്ബ്

# ജൈവ വൈവിധ്യ ക്ലബ്ബ് രൂപീകരണവും ഭാരവാഹികളുടെ തിരഞ്ഞെടുപ്പും

ജൈവവൈവിധ്യ ക്ലബ് രൂപീകരിക്കുന്നു.

## Expected Outcome

- ജൈവ വൈവിധ്യം പരിചയപ്പെടുത്തൽ: വിവിധതരം സസ്യ-ജന്തു ജാലങ്ങളെക്കുറിച്ചു ള്ള അറിവ് വിദ്യാർത്ഥികൾക്ക് നൽകൽ
- പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണം: പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.
- പ്രായോഗിക പഠനം: ബയോഡൈവേഴ്സിറ്റിയെ സംബന്ധിച്ച പ്രായോഗിക പഠനപ്രവർത്തനങ്ങൾ, ഫീൽഡ് ട്രിപ്പുകൾ എന്നിവയുടെ സാധ്യത
- സാമൂഹിക ചിന്ത: സമൂഹത്തിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം ആവശ്യമുള്ള ഇടപെടലുകൾ എന്നിവയെക്കുറിച്ച് ചിന്തിപ്പിക്കുകയും അവ സംബന്ധിച്ച ബോധവൽക്കരണം നടത്തുക.
- സംരക്ഷണ പ്രവർത്തനങ്ങൾ: സ്കൂളിനോടും സമീപപ്രദേശങ്ങളിലുള്ള പരിസ്ഥിതിയുടെ സംരക്ഷണപ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ, ഇവയുടെ ഫലമായി, വിദ്യാർത്ഥികൾക്ക് പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനുള്ള ഊന്നൽ കൂടി വരുന്നതോടൊപ്പം, അവർ കൂടുതൽ ഉത്തരവാദിത്വപ്പെട്ട പൗരന്മാരായി മാറും.

## Process

- 2025 ജൂൺ 12, 13 14 തീയതികൾ ഹൈസ്കൂൾ വിഭാഗങ്ങളിലെ ഓരോ ഡിവിഷനിൽ നിന്നും 2 വിദ്യാർത്ഥികളെ വീതം ക്ലബ്ബ് തിരഞ്ഞെടുക്കുന്നു.
- ജൂൺ 18, ഉച്ചക്ക് 1.30ന് സ്കൂൾ ഹാളിൽ ജൈവവൈവിധ്യ ക്ലബ്ബിൽ അംഗങ്ങളായ വിദ്യാർത്ഥികളുടെ മീറ്റിംഗ് വിളിച്ചുകൂട്ടി അതിൽനിന്നും പ്രോഗ്രാം കോ-ഓർഡിനേറ്റർ, സെക്രട്ടറി, ട്രഷറർ എന്നിവരെ തിരഞ്ഞെടുക്കുന്നു.
- ജൂലൈ, ഒക്ടോബർ, ജനുവരി മാസങ്ങളിലെ ആദ്യ ബുധനാഴ്ച 1.30ന് സ്കൂൾ ഹാളിൽ മീറ്റിംഗ് കൂടുകയും ആ മാസത്തെ പ്രവർത്തനങ്ങൾ നടത്തുവാനുള്ള ക്രമീകരണങ്ങൾ തീരുമാനിക്കുകയും ചെയ്യുന്നു.
- മീറ്റിംഗ് വിളിച്ചുകൂട്ടുക, സ്കൂൾ ഭരണാധികാരികളുമായി ക്ലബ്ബിന്റെ സുഗമമായ പ്രവർത്തനത്തിന് വേണ്ടി ചർച്ച ചെയ്യുക, പരിപാടികളും പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പിലാക്കുകന്നതിന് നേതൃത്വം വഹിക്കുക എന്നീ ചുമതലകൾ പ്രോഗ്രാം കോ-ഓർഡിനേറ്റർ നടത്തുകയും മീറ്റിംഗ് മിനുട്ട്സ് കൈകാര്യം ചെയ്യുക, അംഗങ്ങളുടെ ഹാജർ തയ്യാറാക്കുക എന്നീ ചുമതലകൾ സെക്രട്ടറി വഹിക്കുകയും സാമ്പത്തിക കാര്യങ്ങൾ ട്രഷറർ കൈകാര്യ ചെയ്യുകയും ചെയ്യുന്നു. ക്ലബ്ബിന്റെ ചുമതലയുള്ള അധ്യാപക പ്രതിനിധികൾ ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ട സാഹചര്യങ്ങൾ സ്കൂളിൽ ഒരുക്കി കൊടുക്കുകയും ചെയ്യുന്നു.

| | | |
|---|---|---|
| Budget | : | 2000 |
| Dration | : | One Day |
| Venue | : | School Hall |
| No. of Students involved | : | 60 -100 |
| Teachers in charge | : | Muhsina P |

# ദിനാചരണങ്ങൾ

കേരള ജൈവവൈവിധ്യ ബോർഡ് നിർദ്ദേശിച്ചിട്ടുള്ള ദിനങ്ങളുടെ കുറിപ്പ് നിർദ്ദേശിക്കപ്പെട്ട വിദ്യാർത്ഥികൾ ആ ദിവസം രാവിലെ പ്രാർത്ഥനയ്ക്ക് ശേഷം വായിക്കുന്നു.

1. ജൂൺ 5 ലോക പരിസ്ഥിതി ദിനം - വൃക്ഷത്തൈ നടൽ
2 ജൂൺ 8 ലോക സമുദ്രദിനം - കുറിപ്പ് വായന
3. ജൂൺ 17 ലോക വനനശീകരണം തടയൽ ദിനം - കുറിപ്പ് വായന
4. ജൂൺ 28 ലോക വൃക്ഷദിനം - കുറിപ്പ് വായന
5. ജൂലൈ 26 കണ്ടൽകാട് ദിനം - കുറിപ്പ് വായന
6. ജൂലൈ 29.അന്താരാഷ്ട്ര കടുവ ദിനം - കുറിപ്പ് വായന
7. ആഗസ്റ്റ് 10 ലോകസിംഹ ദിനം - കുറിപ്പ് വായന
8. ആഗസ്റ്റ് 12 ലോക ആന ദിനം - കുറിപ്പ് വായന
9. ഒക്ടോബർ 7 ലോക ആവാസ ദിനം - കുറിപ്പ് വായന
10. ഡിസംബർ 5 ലോക മണ്ണ് ദിനം - കുറിപ്പ് വായന
11. ഫെബ്രുവരി 2 ലോക തണ്ണീർത്തട ദിനം - കുറിപ്പ് വായന
12. ഫെബ്രുവരി 12 ചാൾസ് ഡാർവിൻ ദിനം - കുറിപ്പ് വായന

## Expected Outcome

- വിവിധ ദിനാചരണങ്ങൾ പ്രത്യേക വിഷയങ്ങളിലുള്ള അറിവും വിജ്ഞാനവും വർദ്ധിപ്പിക്കുന്നു.

## Process

ക്ലബ്ബിലെ അംഗങ്ങൾ ആയിട്ടുള്ള 17 ഓളം കുട്ടികളെ തിരഞ്ഞെടുത്ത് ഈ ദിവസങ്ങളിൽ ഇതേ വിഷയത്തെക്കുറിച്ച് 3 മിനിറ്റ് ദൈർഘ്യമുള്ള ഒരു കുറിപ്പ് തയ്യാറാക്കി കുട്ടികളെക്കൊണ്ട് രാവിലെ പ്രാർത്ഥനക്കുശേഷം വായിപ്പിക്കുന്നതാണ്.

| | | |
|---|---|---|
| Budget | : | 2000 |
| Dration | : | 3 Minutes |
| Venue | : | Office |
| No. of Students involved | : | 17 |
| Teachers in charge | : | Mohammed Shafeeque M |

# ചുവർ മാസിക നിർമ്മാണം

## Expected Outcome

- **അറിയിപ്പും വിദ്യാഭ്യാസവും:** വിവിധ വിഷയങ്ങളിലുള്ള അറിവും വിജ്ഞാനവും നേടുക, അവ പ്രസിദ്ധീകരിക്കുക.
- **സൃഷ്ടിപരമായ പ്രകടനം:** കല, സാഹിത്യം, സൃഷ്ടിപരമായ എഴുത്തുകൾ എന്നിവയിലൂടെ വ്യക്തികൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ ഒരു വേദി നൽകുക.
- **പ്രചോദനവും പ്രോത്സാഹനവും:** പ്രചോദനകരമായ കഥകളും സംഭവങ്ങളും പങ്കുവെച്ച് മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുക, പുതിയ ആശയങ്ങൾക്കും സംരംഭങ്ങൾക്കും വഴി തുറക്കുക.
- **സാമൂഹിക ഇടപെടൽ:** വിദ്യാർത്ഥികൾക്കും അംഗങ്ങൾക്കും തമ്മിൽ പരസ്പര ഇടപെടലുകളും സംവാദങ്ങളും പ്രോത്സാഹിപ്പിക്കുക.

## Process

**ജൂൺ 19:** ചുവർ മാസികയുടെ എഡിറ്റർ, എഡിറ്റോറിയൽ ബോർഡ് എന്നിവരെ അംഗങ്ങളിൽ നിന്ന് തിരഞ്ഞെടുക്കുന്നു.

**ജൂലൈ 1:** ചുവർ മാസിക ഉദ്ഘാടനം ചെയ്യുന്നു. ഒരു മാസത്തെ ജൈവ വൈവിധ്യവുമായി ബന്ധപ്പെട്ട പ്രധാന വാർത്തകൾ മാസികയിൽ പ്രദർശിപ്പിക്കുന്നു. വിദ്യാർത്ഥികളെ സൃഷ്ടികൾ മാസത്തിൽ രണ്ടുതവണ പ്രദർശിപ്പിക്കുന്നു.

| | | |
|---|---|---|
| Budget | : | 500 |
| Dration | : | 1 year |
| Venue | : | Corridor |
| No. of Students involved | : | 50 |
| Teachers in charge | : | Nashida Saleem |

# ഫീൽഡ് ട്രിപ്പ് - ക്യാമ്പ്

## Expected Outcome

- പ്രകൃതിയെക്കുറിച്ചും വ്യത്യസ്തതരം സസ്യജീവജാലങ്ങളെക്കുറിച്ചും ഉള്ള അറിവ് നേടുന്നു.
- ഒരു പ്രദേശത്തെ ആവാസവ്യവസ്ഥ നേരിട്ട് കണ്ട് ബോധ്യപ്പെടുന്നു.
- സൈലന്റ് വാലിയിലെ നിശബ്ദത പഠനവിധേയമാക്കുകന്നു.
- പുഴകളെയും ജലസ്രോതസ്സുകളെയും കുറിച്ചുള്ള അറിവ് നേടുന്നു.

## Process

ഒക്ടോബർ 18ന് ജൈവവൈവിധ്യ ക്ലബ്ബിൽ അംഗങ്ങൾ ആയിട്ടുള്ള വിദ്യാർത്ഥികളെ ഉച്ചയ്ക്ക് ഒന്നരമണിക്ക് വിളിച്ചുചേർത്ത് നവംബർ 23ന് പോവാൻ തീരുമാനിച്ചരിക്കുന്ന ജൈവവൈവിധ്യ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഒരു ദിവസത്തെ പഠനയാത്രയെ ക്കുറിച്ച് അറിയിപ്പ് നൽകുന്നു. പഠനയാത്രയ്ക്ക് വേണ്ടിയുള്ള നിർദ്ദേശങ്ങൾ കുട്ടികൾക്ക് കൊടുക്കുന്നു. അതിനുവേണ്ടിയുള്ള തുടർനടപടികൾ സ്വീകരിച്ചതിനുശേഷം നവംബർ 23ന് രാവിലെ ആറരമണിക്ക് കുട്ടികളെയും കൊണ്ട് സ്കൂളിൽ നിന്നും പുറപ്പെടുന്നതാണ്. കുട്ടികൾക്കുള്ള രാവിലത്തേയും ഉച്ചയ്ക്കും ഉള്ള ഭക്ഷണവും ഉണ്ടായിരിക്കും. വൈകുന്നേരം 6 മണിയോടെ സൈലന്റ് വാലിയിൽ നിന്നും സ്കൂളിലേക്ക് യാത്ര തിരിക്കുന്നതാണ്. ഏകദേശം 8 മണിയോടുകൂടി കുട്ടികളെയും കൊണ്ട് സ്കൂളിൽ തിരിച്ചെത്തും.

| | | |
|---|---|---|
| Budget | : | 700 / Student |
| Duration | : | 1 day |
| Date | : | November 23 |
| Venue | : | Silent Valley |
| No. of Students involved | : | 50 |
| Teachers in charge | : | Salman P, Fairoos M.N |

# ഹരിതസേന

# ബോധവൽക്കരണ ക്ലാസ്

ഹരിതസേന ക്ലബിൽ അംഗങ്ങളായ 90 വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് 20.07.2025, 10 മുതൽ 1 വരെ ഒരു ഹരിതസേന വിദഗ്ധന്റെ നേതൃത്വത്തിൽ പ്ലാസ്റ്റിക്കിനെ തിരായ ക്ലാസ് സംഘടിപ്പിക്കുന്നു.

## Expected Outcome

- പരിസ്ഥിതി സംരക്ഷണത്തിൽ തൽപ്പരരാവുന്നു.
- പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് എന്ന സ്വപ്നം യാഥാർത്ഥ്യമാവുന്നു.
- പ്ലാസ്റ്റിക് ഉപയോഗം കുറക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്നു.

## Process

20.07.2025, 10 മുതൽ 1 വരെ ഹരിതസേന വിഭാഗത്തിലെ ഒരു വിദഗ്ധന്റെ നേതൃത്വ ത്തിൽ ഹരിതസേന ക്ലബിൽ അംഗങ്ങളായ 90 കുട്ടികൾക്ക് സ്കൂൾ ഹാളിൽ വെച്ച് ഒരു ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു. അതിനുശേഷം ഓരോ ക്ലാസുകളിൽ നിന്നും തിരഞ്ഞെടുക്കുന്ന കുട്ടികളോട് അവരവരുടെ ക്ലാസിൽ ഉച്ചക്ക് 1.30നുള്ള കൂൾ ഓഫ് ടൈ മിൽ ബോധവൽക്കരണ ക്ലാസിൽ പറഞ്ഞ കാര്യങ്ങൾ പങ്കുവെക്കാൻ ആവശ്യപ്പെടുകയും, അത് നടപ്പിലാക്കാൻ കുട്ടികളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. തുടർന്ന് ഓരോ ക്ലാസിലും 2 വീതം കാർഡ് ബോർഡ് പെട്ടികൾ സ്ഥാപിക്കുകയും, പ്ലാസ്റ്റിക് മാലിന്യം ഒന്നിലും, പേപ്പർ മാലിന്യം മറ്റൊന്നിലും നിക്ഷേപിക്കാൻ കുട്ടികളോട് ആവശ്യപ്പെടുന്നു. ആഴ്ചയിലൊ രിക്കൽ ഈ മാലിന്യം മുനിസിപ്പാലിറ്റിക്ക് കൈമാറുന്നു.

| | | |
|---|---|---|
| Budget | : | 2500 |
| Duration | : | 2 Hours |
| Venue | : | Orphanage Hall |
| No. of Students involved | : | 90 |
| Teachers in charge | : | Sudha Nambiar |

# തുണി സഞ്ചി നിർമ്മാണവും വിതരണവും

പ്ലാസ്റ്റിക് രഹിത ഷോപ്പിംഗ് സംസ്കാരം വർദ്ധിപ്പിക്കാനായി തുണി സഞ്ചി നിർമ്മിച്ച് വിതരണം ചെയ്യുന്ന പദ്ധതി.

## Expected Outcome

- തുണിസഞ്ചി സംസ്കാരം പരിചയപ്പെടുന്നു.
- വീടുകളിലെയും സ്കൂളിലെയും പ്ലാസ്റ്റിക് ഉപയോഗം കുറക്കുന്നു.

## Process

ആഗസ്റ്റ് 1, 1.30 ന് ഹരിത ക്ലബിൽ അംഗങ്ങളായ കുട്ടികൾക്ക് തുണി സഞ്ചി നിർമ്മാണത്തിനാവശ്യമായ തുണി, ആതിര ടീച്ചറുടെ നേതൃത്വത്തിൽ മുറിച്ചശേഷം വിതരണം ചെയ്യുന്നു. ഓണം അവധിക്കുശേഷം സ്കൂളിലേക്ക് വരുമ്പോൾ സഞ്ചി തുന്നി കൊണ്ടുവരാൻ നിർദ്ദേശം നൽകുന്നു. കുട്ടികൾ കൊണ്ടുവന്ന സഞ്ചികൾ സ്കൂൾ സ്റ്റേജിൽ വെച്ച് HM- ന്റെ ഉദ്ഘാടനത്തോടെ വിതരണം ചെയ്തുതുടങ്ങുന്നു.

| | | |
|---|---|---|
| Budget | : | 2500 |
| Duration | : | 8 Months |
| Date | : | August 1 |
| Venue | : | School Stage |
| No. of Students involved | : | 90 |
| Teachers in charge | : | Jancy J |

# ക്യാമ്പസ് ശുചീകരണം

മാസത്തിലൊരിക്കൽ ഹരിതക്ലബിൽ അംഗങ്ങളായ കുട്ടികൾ സ്കൂൾ ക്യാമ്പസ് ശുചീകരിക്കുന്നു.

## Expected Outcome

- സ്കൂളും പരിസരവും പ്ലാസ്റ്റിക് രഹിതമാക്കുന്നു.
- പ്ലാസ്റ്റിക് ഉൽപന്നങ്ങൾ ഉപയോഗിക്കാതിരിക്കാൻ അവബോധം വളർത്തുന്നു.

## Process

എല്ലാ മാസത്തിലും അവസാനത്തെ വെള്ളിയാഴ്ച്ച 1.30 pm മുതൽ 2.30 pm വരെ ഹരിത ക്ലബ്ബിലെ അംഗങ്ങളായ കുട്ടികൾ സ്കൂളും പരിസരവും വൃത്തിയാക്കുന്നു.

| | | |
|---|---|---|
| Budget | : | Nill |
| Duation | : | 10 Months (June to February) |
| Date | : | August 30 |
| Venue | : | School Campus |
| No. of Students involved | : | 90 |
| Teachers in charge | : | Leena K |

# ട്രാഫിക് ക്ലബ്

# സീറോ ആക്സിഡന്റ് ഡേ

സ്കൂളിലെ ട്രാഫിക് ക്ലബ്, അംഗങ്ങളുടെ നേതൃത്വത്തിൽ ഒരു ദിവസം 'സീറോ ആക്സിഡന്റ് ഡേ' ആയി ആചരിക്കുന്നു.

## Expected Outcome

- കുട്ടികളിൽ സാമൂഹിക പ്രതിബദ്ധതാബോധം വളർത്തുന്നു.
- പൊതുജനങ്ങളിൽ ഗതാഗതനിയമങ്ങൾ പാലിക്കാനുള്ള ശീലം ഉണ്ടാക്കുന്നു.
- ഗതാഗതനിയമങ്ങൾ പാലിക്കാത്തതിന്റെ അപകടാവസ്ഥ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും മനസ്സിലാകുന്നു.
- കുട്ടികളുടെ നേതൃത്വപാടവം വർധിക്കുന്നു.

## Process

ട്രാഫിക് ക്ലബ് അംഗങ്ങൾ പ്ലക്കാർഡുമായി രണ്ട് ഗ്രൂപ്പുകളായി സ്കൂളിന്റെ മുൻവശത്തുള്ള റോഡിന്റെ അരികിൽ നിന്നുകൊണ്ട് ഹെൽമെറ്റ് ധരിക്കാതെ വരുന്ന ഇരുചക്ര വാഹനങ്ങളും, സീറ്റ്ബെൽറ്റ് ധരിക്കാതെ വരുന്ന വാഹനങ്ങളും, മറ്റു ഗതാഗത നിയമങ്ങൾ ലംഘിച്ചു വരുന്ന വാഹനങ്ങളും തടഞ്ഞുനിർത്തി അവർക്കു അതിന്റെ ദോഷവശങ്ങൾ പറഞ്ഞുകൊടുക്കുന്നതോടൊപ്പം ഇനി ആവർത്തിക്കാതിരിക്കാൻ വേണ്ടി ഒരു മധുരവും നൽകുന്നു. അതോടൊപ്പം തന്നെ എല്ലാ നിയമങ്ങളും പാലിച്ചുപോകുന്നവർക്ക് പ്രോത്സാഹനം എന്ന നിലയ്ക്ക് കുട്ടികൾ അപ്പോൾതന്നെ കൈയടിയും നൽകുന്നു.

| | | |
|---|---|---|
| Budget | : | 500 |
| Duration | : | One Day |
| Date | : | 14.01.2026 |
| Venue | : | Infront of the School |
| No. of Students involved | : | 20 |
| Teacher in charge | : | Jyothish Krishna |

# റോഡ് സുരക്ഷാബോധവൽക്കരണം

വിദ്യാർത്ഥികൾക്ക് ട്രാഫിക് നിയമങ്ങളെയും അവരുടെ അവകാശങ്ങളെയും കുറിച്ചറിയാൻ വേണ്ടി ഒരു ബോധവൽക്കരണ ക്ലാസ്, റോഡ് സുരക്ഷാബോധവൽക്കരണം.

## Expected Outcome

- വിദ്യാർത്ഥികളിൽ ട്രാഫിക് നിയമങ്ങളെക്കുറിച്ച് അറിവുണ്ടാകുന്നു.
- വിദ്യാർത്ഥികളുടെ യാത്രാ ഇളവ് (CT) നെ കുറിച്ച് കൃത്യമായി മനസ്സിലാക്കാൻ അവർക്ക് സാധിക്കുന്നു.
- ലൈസൻസ് ലഭിക്കാതെ വാഹനം ഓടിക്കുന്നതിന്റെ ദൂഷ്യഫലങ്ങളും അതിന്റെ അനന്തരഫലങ്ങളെക്കുറിച്ചും കുട്ടികളിൽ അവബോധം വളർത്തുന്നു.

## Process

ആഗസ്റ്റ് 5 ന് മുഴുവൻ ട്രാഫിക് ക്ലബ് അംഗങ്ങളെയും ഉൾപ്പെടുത്തി സ്കൂൾ ഓഡിറ്റോറിയത്തിൽവെച്ച് മലപ്പുറം RTO (ആ ദിവസം സൗകര്യമുള്ള ഒരു ട്രാഫിക് ഓഫിസർ) ഉൾപ്പെടുത്തി വിദ്യാർത്ഥികൾക്കായി ഒരു ട്രാഫിക് അവബോധ ക്ലാസ് നൽകുന്നു.

| | | |
|---|---|---|
| Budget | : | 1000 |
| Duration | : | 2 Hours |
| Date | : | 05.08.2025 |
| Venue | : | School |
| No. of Students involved | : | All Club Members |
| Teachers in charge | : | Jyothish Krishna |

# സീഡ് ക്ലബ്

# വാഴക്കൃഷി

വിദ്യാർത്ഥികളിൽ കൃഷിയോടുള്ള താൽപ്പര്യം വർദ്ധിപ്പിക്കാനും സ്കൂൾ കഞ്ഞിപ്പുരയിലേക്ക് ആവശ്യത്തിനുള്ള കറിവാഴ നൽകുന്നതിനും വേണ്ടി സീഡ് ക്ലബ് വാഴക്കൃഷി ചെയ്യുന്നു.

## Expected Outcome

- കുട്ടികളിൽ ജൈവകൃഷി രീതി നടപ്പിലാക്കുന്നതിനുള്ള താൽപര്യം ഉടലെടുക്കുന്നു.
- വാഴക്കൃഷി ചെയ്യുന്ന രീതി മനസ്സിലാക്കാനും, അതിന്റെ വിളവെടുപ്പ്, വളപ്രയോഗം തുടങ്ങിയവയെക്കുറിച്ച് മനസ്സിലാക്കാൻ കുട്ടികൾക്ക് അവസരം ലഭിക്കുന്നു.
- സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലേക്ക് മായം ചേർക്കാത്ത നല്ല പച്ചക്കറി ലഭക്കുന്നു.
- വിദ്യാർത്ഥികളുടെ കായികക്ഷമത കൂടുന്നു.

## Process

ആഗസ്റ്റ് 10 ന് നിലവിലുള്ള സീഡ് ക്ലബ് അംഗങ്ങളെക്കൊണ്ട് നിലവിൽ ക്ലബ് ചെയ്യുന്ന കൃഷിസ്ഥലം സന്ദർശിക്കുകയും അതിനുവേണ്ട കാര്യങ്ങൾ ചെയ്യുന്നു. പിന്നീട് സ്കൂളിൽ അനുയോജ്യമായ മറ്റു സ്ഥലങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുന്നു.

| | | |
|---|---|---|
| Budget | : | 5000 |
| Duration | : | One Year |
| Date | : | 10.08.2025 |
| Venue | : | School |
| No. of Students involved | : | All Club Members |
| Teachers in charge | : | Soumyamol K.P |

# പ്ലാസ്റ്റിക് മുക്ത ക്യാമ്പസ്

അധികരിച്ചുവരുന്ന പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കാനും സ്കൂളിൽ നിന്നും പ്ലാസ്റ്റിക് തുടച്ചുനീക്കുന്നതിനും വേണ്ടി പ്ലാസ്റ്റിക് മുക്ത ക്യാമ്പസ് എന്നൊരു പ്രോജക്ട് സീഡ് ക്ലബ് നടപ്പാക്കുന്നു.

## Expected Outcome

- പ്ലാസ്റ്റിക് രഹിതസംസ്കാരം വിദ്യാർത്ഥികളിലും പൊതുജനങ്ങളിലും കൊണ്ടുവരാൻ കഴിയുന്നു.
- സ്കൂളിന്റെ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം ലളിതമാവുന്നു.
- പ്ലാസ്റ്റിക്കിന്റെ ദൂഷ്യവശങ്ങൾ മനസ്സിലാക്കാനും അതുവഴി പ്ലാസ്റ്റിക്മുക്ത ജീവിതശൈലി പിന്തുടരാനും കുട്ടികളെ പ്രാപ്തരാക്കുന്നു.
- ഇതൊരു ജീവിതശൈലിയായി മാറുന്നതിലൂടെ ഇതിന്റെ പ്രതിഫലനം വീടുകളിലും ഉണ്ടാകുന്നു. അതിലൂടെ നമ്മുടെ സമൂഹത്തിലെ പ്ലാസ്റ്റിക് ഉപയോഗം കുറക്കാൻ പറ്റുന്നു.

## Process

ജൂൺ മാസത്തിൽ ക്ലാസ് തുറന്ന് ആദ്യത്തെ പൊതു അസംബ്ലിയിൽ തന്നെ വിദ്യാർത്ഥികൾക്ക് പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറക്കേണ്ടതിന്റെ ആവശ്യകതയും, ഇതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും വ്യക്തമായി ക്ലബ് കൺവീനർ സൗമ്യടീച്ചർ പറഞ്ഞുകൊടുക്കുന്നു. കൂടാതെ ഇതിന്റെ ഒരു വീഡിയോ ഡോക്യുമെന്ററി കൂടി ക്ലാസ് ഗ്രൂപ്പുകൾ വഴി നൽകുന്നു. ഈ പ്രോജക്ടിലൂടെ ഉദ്ദേശിക്കുന്നത് പരമാവധി പ്ലാസ്റ്റിക് ഉപയോഗം കുറക്കുക എന്നതാണ്. ഇനി വല്ലതും അത്തരത്തിൽ ഉണ്ടെങ്കിൽ ഓരോ ക്ലാസിൽ നിന്നും ലീഡർമാർ അത് കളക്ട് ചെയ്തു ഓരോ ഫ്ളോറിലും സ്ഥാപിക്കുന്ന വേസ്റ്റ് ബിന്നിൽ ദിവസവും നിക്ഷേപിക്കുന്നു. ഇതു സീഡ് ക്ലബ് അംഗങ്ങൾ കളക്ട് ചെയ്ത് രണ്ടു മാസത്തിൽ ഒരിക്കൽ വരുന്ന മാതൃഭൂമി സീഡ് അംഗങ്ങളെ ഏൽപ്പിക്കുന്നു. ഇതിലൂടെ നമ്മുടെ ക്യാമ്പസ് പ്ലാസ്റ്റിക് ഫ്രീ ആക്കാൻ സാധിക്കുന്നു.

| | | |
|---|---|---|
| Budget | : | 5000 |
| Duration | : | One Year |
| Date | : | 05.06.2025 |
| Venue | : | School |
| No. of Students involved | : | All Club Members |
| Teachers in charge | : | Soumyamol K.P |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025–26 കമ്മിറ്റി

**മുഹമ്മദ് ഷഫീഖ്.എം (കൺവീനർ)**

**സൽമാൻ. പി**

**ഹബീബ് റഹ്മാൻ. എം.പി**

**ജിയാസ്. സി**